
# ദേവമാതാ '96



**Devamatha College Magazine Kuravilangadu**




''ഇത്രമേൽപ്രശാന്തവും
സൗമ്യവുമെന്നോജഗ-
ച്ഛക്തിതൻമിഴിയിലെ
കരുണാർദ്രമാംദീപ്തി''

# DEVAMATHA COLLEGE MAGAZINE '96





*OUR PATRON*
*H.E. REV.DR. JOSEPH PALLICKAPARAMPIL*



***OUR MANAGER***
***VERY.REV. GEORGE MULANGATTIL***



***VERY REV. FR. PHILIP NJARALAKKAT***
***OUR NEW VICAR GENERAL***



**OUR BURSAR- JOSEPH PARIATH**



*OUR PRINCIPAL*
*PROF. MAJ. ISAC THOMAS*



ഒരു ടോൾസ്റ്റോയ് കഥാസന്ദർഭം. മേശ തുടച്ചുവൃത്തിയാക്കാൻ ശ്രമിക്കുകയാണ് ഒരു വീട്ടമ്മ. എത്രതുടച്ചിട്ടും മേശ വൃത്തിയാകുന്നില്ല. അവർക്ക് സങ്കടവും ദേഷ്യവും വർദ്ധിച്ചുവന്നു. ഇതു കണ്ടുനിന്ന ഒരു ബാലൻ അവരോട് പറയുന്നു. "ചേച്ചീ, മേശ തുടക്കുന്ന ആ തുണിക്കഷണം ആദ്യമായി ഒന്നു കഴുകി വൃത്തിയാക്കൂ. എന്നിട്ട് മേശതുടയ്ക്കൂ."

സമൂഹത്തിലെ അജ്ഞത, ദാരിദ്ര്യം, അഴിമതി, തുടങ്ങിയവയെല്ലാം തുടച്ചുമാറ്റി ഒരു നവസമൂഹം സൃഷ്ടിക്കുവാനുള്ള യത്നത്തിൽ വ്യാപൃതരാണ് നാം. പക്ഷേ നമ്മുടെ കൈയിലെ ശീലക്കഷണങ്ങളുടെ സ്ഥിതിയോ?

ക്ലാസ്മുറികളോടുള്ള സ്നേഹം എന്തിനേയോ കൈമോശം വന്നുകൊണ്ടിരിക്കുന്ന ഗുരുക്കൻമാരും ശിഷ്യൻമാരും, തങ്ങൾക്ക് ശമ്പളം നൽകുന്ന പൊതുജനത്തെ സേവിക്കുന്നത് ഔദാര്യമായി കരുതുന്ന ജീവനക്കാർ, അധികാരസ്ഥാനങ്ങൾക്ക് വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത പൊതുപ്രവർത്തകർ. ഓഫീസ് ഫയലുകളിൽ തങ്ങളുടെ ജീവിതസ്വപ്നങ്ങൾ മരിച്ചുവീഴുമ്പോൾ നിസ്സഹായനായി നോക്കിനില്ക്കാൻ വിധിക്കപ്പെടുന്ന സാധാരണക്കാർ. യൂണിവേഴ്സിറ്റിയുടെ നിലവറകളിൽ തങ്ങളുടെ പരീക്ഷാക്കടലാസുകൾ അനിശ്ചിതകാലത്തേക്ക് ബന്ദികളായി കഴിയുമ്പോഴും 'ശാന്തമായ' അവയെപ്പറ്റി സ്വപ്നങ്ങൾ കാണുന്ന വിദ്യാർത്ഥികൾ.........

ഈ സമൂഹത്തിന്റെ ഒഴുക്ക് നിലക്കുകയാണോ.? കെട്ടിനിന്നു ദുഷിച്ചുനാറുന്ന വെള്ളം കുടിച്ചും അതിൽ തുണിമുക്കി സമൂഹത്തെ വൃത്തിയാക്കാൻ ശ്രമിച്ചും നാം സംതൃപ്തിയടയുകയാണോ? ജാഡ്യം ബാധിച്ച സമൂഹത്തിന് ജീവനും ചലനാത്മകതയും നൽകാൻ ആരാണുള്ളത്? ആർക്കാണതിന് കഴിയുക? ആ ദൗത്യം ഏറ്റെടുക്കേണ്ടത് നമ്മുടെ കാമ്പസുകളാണ്. അവിടെയുള്ളവരുടെ കൈയ്യിലെ തുണിക്കഷണങ്ങൾക്ക് ഇനിയും ഏറെ അഴുക്ക് ബാധിച്ചിട്ടില്ലല്ലോ .........

ഈ അവസരത്തിൽ, മാത്യു ആർനോൾഡിന്റെ മന്ത്രം നമുക്ക് മനസ്സിൽ സൂക്ഷിക്കാം. "Let us be true to one another".

Prof. K. M.Chacko
സ്റ്റാഫ് എഡിറ്റർ.

CHIEF EDITOR - PROF. ISSAC THOMAS

STAFF EDITOR - PROF.K.M. CHACKO

EDITOR - JOBY GEORGE VATTAKERIL

SUB EDITORS - JALEESH PETER
JOSE JAGOB
JAYA PRAKASH
RAVEENDHRAN
JOSEPH

ASSOCIATE STAFF EDITORS - DR. V.M. MATHEW
SMT.ROSILY N. JOSEPH


COVER DESEGINER - SREERAJ. R. CHOTHAR

ILLUSTRATIONS - SREERAJ. R. CHOTAR

LAYOUT. - SATHEESH THAMPI
- SUBASH DIVAKAR
- SUNOJ THOMAS
- BINU ULAHANNAN

*COMPUTERISED - TYPESET - COREL D.T.P CENTER THALAYOLAPARAMBU.*

*PRINTING - COLOUR BOOST KURAVILANGAD.*



കൂട്ടരെ

ഇത് ദേവമാതായുടെ ഓർമ്മപുസ്തകമാണ്.

ഇതിന്റെ ഓരോ താളിലും തുടിക്കുന്നത് നമ്മുടെ ഹൃദയങ്ങളാണ്.
ഇതിൽ പതിപ്പിക്കുന്നത് നമ്മുടെ മനസ്സിന്റെ സ്പന്ദനങ്ങളും ആവിഷ്ക്കരിക്കപ്പെടുന്ന ഓരോ വാക്കും കാലത്തിനപ്പുറമുള്ള ചെറുത്തുനിൽപ്പാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
കലണ്ടറിലെ ചതുരക്കളങ്ങളിൽനിന്ന് നാം നമ്മുടെ ഹൃദയവികാരങ്ങളെ ഇവിടെ വീണ്ടെടുത്തിരിക്കുന്നു.
ഒരു പക്ഷേ രക്തചംക്രമണത്തെ കുറിച്ചുള്ള അന്വേഷണങ്ങൾക്കിടയിൽ നമ്മുടെ ഹൃദയത്തിലെ സ്നേഹം പരിഹാസ്യമായി തീരാം.
മൗനം ശ്രേഷ്ഠമെന്ന് വിശ്വസിക്കുന്ന തലമുറയിൽ നമ്മുടെ നാവുകൾ തൊണ്ടക്കുഴികളിലേയ്ക്ക് നമ്മെ നയിച്ചേക്കാം.
വെളിച്ചം ദുഃഖമെന്ന് പാടുന്നവർക്കിടയിൽ നമ്മുടെ കണ്ണുകൾ നമുക്കു തീരാശാപങ്ങളാകാം.

എങ്കിലും മനസ്സും മനസ്സാക്ഷിയും പണയം വയ്ക്കാതിരിക്കുവാൻ ശ്രമിക്കുക.
ഒന്നറിയുക പ്രണയവും പുഞ്ചിരിയും കടം വാങ്ങുവാനാകില്ല.

സ്നേഹപൂർവ്വം
നിങ്ങളുടെ സ്വന്തം എഡിറ്റർ
ജോബി ജോർജ്ജ്
വട്ടക്കാട്ടിൽ






Prof. V.M Mathew

## അണിയറ ശില്പികൾ

SUB EDITORS




JALEESH PETER



-JOSE JACOB




JAYAPRAKASH RAVEENDRAN



Joseph Mathew

COVER DESIGN . ILLUSTRATION



SREERAJ. R. CHOTAR

LAYOUT



SUBHSH DIVAKAR



Binu



Sunoj Thomas



Binu Ulahannan.



College Union Advisor
Dr. Philip John



College Union Tresurer
Prof. K.G Joseph



Arts Club Director
Prof. Babu Joseph


**STATEMENT OF OWNERSHIP**


1. PLACE OF PUBLICATION : KURAVILANGAD
2. PERIODICITY OF IT'S PUBLICATION :ANNUAL
3. PUBLISHER'SNAME : PROF.ISSAC THOMAS
4. NATIONALITY : INDIAN
5. ADDRESS : PRINCIPAL, DEVAMATHACOLLEGE, KURAVILANGAD.
6. EDITOR'S NAME : JOBY GEORGE VATTAKERIL
7. NATIONALITY : INDIAN
8. ADDRESS : EDITOR, DEVAMATHA COLLEGE, KURAVILANGAD.

I Prof. ISSAC THOMAS hereby declare that the particulars given above are true to the best of my knowledge and belief.

sd/-
Signature of Publisher

# ഭാരതം ഒരു 'കാലാപാനി' സംസ്കാരത്തിലേയ്ക്കോ ?

> "ജനമോദത്തിന് വേണ്ടി
> കനിവും സുഖം സ്നേഹമോർക്കിലത്രയും
> ജനകാത്മജയെപ്പോലും
> മനമതിലഴലില്ലനിക്കുപേക്ഷിപ്പാൻ"



ജനപ്രിയഭരണത്തിൽ മഹനീയ മാതൃക നമുക്ക് കാട്ടിത്തന്ന രാമൻ പറഞ്ഞ ഈ വാക്കുകൾ ഭരണക്കസേരകളിൽ വലിഞ്ഞ് കയറുകയും, വലിച്ചുകയറ്റപ്പെടുകയും ചെയ്യുന്നവരെല്ലാം ഭക്തിപൂർവ്വം ഓർമിക്കേണ്ടതാണ് രാജ്യതാല്പര്യങ്ങൾക്ക്‌വേണ്ടി സ്വന്തം താല്പര്യങ്ങൾ ബലി കഴിക്കാൻ യാതൊരു മനഃപ്രയാസവും ഉണ്ടായിരിക്കരുത് എന്നതാണ് ഭരണസാരഥിയുടെ ഒന്നാമത്തെ ലക്ഷണം. രാജ്യം ആശ്രമവും, ഭരണം തപസ്സും, ഭരണകർത്താക്കൾ മഹർഷിമാരും ആയിരിക്കണമെന്ന് കാളിദാസൻ പാടിയിട്ടുണ്ട്. ഏറ്റവും നിസ്സാരമെന്ന് കരുതപ്പെട്ട ഒരു പ്രജയുടെ അഭിപ്രായത്തെ മാനിച്ച് സീതാദേവിയെ അവൾ പരമ പവിത്രയാണെന്ന് തനിക്ക് ബോദ്ധ്യമായിട്ട് കൂടി ഉപേക്ഷിക്കാൻ രാമൻ തയ്യാറായി. എളിയവരിൽ എളിയവനായ ഒരു പൗരനുപോലും തന്റെ അഭിപ്രായ പ്രകാരമാണ് ഭരണം നടക്കുന്നതെന്ന് തോന്നണം. ഇതാണ് ആർഷഭാരത സംസ്കാരം കാണിച്ച് തരുന്ന രാജ്യഭരണം.

ഭാരതത്തിന്റെ ചരിത്രം പരിശോധിച്ചാൽ ശ്രീരാമനാണ് ഭാരത സങ്കല്പത്തിലെ വീരപുരുഷനെന്ന് നിസംശയംപറയാം. കിരീട ധാരണം നടക്കേണ്ട ദിവസംതന്നെ രാജ്യവും, സർവ്വ പ്രതാപങ്ങളും സ്വപിതാവിന്റെ വാക്കിന്റെ പവിത്രത സംരക്ഷിക്കുവാൻ കാണിച്ച ധീരതയാണ് രാമനെ ഹീറോയാക്കുന്നത്. അധികാരം വഹിക്കുന്നവന്റെ വാക്കിനുള്ള പവിത്രതയും, വിശ്വാസ്യതയും, ഒരു സമൂഹം എങ്ങനെകണ്ടിരുന്നു എന്നതുകൂടി രാമ കഥയിലൂടെ അനാവരണം ചെയ്യപ്പെടുന്നു. ഭരണാധികാരിയുടെ ധർമ്മ നിഷ്ഠയാണ് സമൂഹത്തിന്റെ മൂല്യ സങ്കല്പങ്ങൾക്ക് അളവുകോലാവുക എന്ന സത്യം ഇവിടെ നാം മനസ്സിലാക്കുന്നു. ഈ മഹത്തായസത്യമാണ് ഹരിശ്ചന്ദ്രനേയും അശോകനേയുമൊക്കെ ഭാരതീയ മനസ്സിൽ ആദർശ പുരുഷന്മാരായി നിലനിർത്തുന്നത്.

അതിദീർഘമായ ഒരു കാലഘട്ടത്തിൽ നമ്മുടെ രാഷ്ട്രീയ സാമൂഹികമണ്ഡലങ്ങളെ ധാർമ്മിക സദാചാരമൂല്യങ്ങൾ ഒരു പ്രഭാവലയം പോലെ പൊതിഞ്ഞ്നിന്നിരുന്നു. എന്നാൽ സമകാലിക തലമുറയിൽ ആ പ്രകാശ സ്രോതസ്സുകളെല്ലാംകെട്ടുപോയിരിക്കുന്നു എന്ന് ഒരു ഞെട്ടലോടെ നാമറിയുന്നു. രണ്ടു വർഷം മുൻപ് കോട്ടയം പട്ടണത്തിൽ ഒരു കൂട്ടമദ്യപാനം നടന്നത് നിങ്ങളോർക്കുന്നുണ്ടാവും. മൂന്നു മണിക്കൂർ നേരത്തേയ്ക്ക് പൊതുനിരത്തിൽ

അഴിഞ്ഞാടിയ രാഷ്ട്രീയ മദ്യപാനികൾക്ക് സർക്കാർ വക സംരക്ഷണം നല്കിക്കൊണ്ട് പോലീസ് അകമ്പടി സേവിച്ചു. ഒരു മന്ത്രിയടക്കമുള്ള രാഷ്ട്രീയനേതൃനിര തങ്ങൾക്ക് പിന്നിൽ അണിനിരന്ന മദ്യപാനികളെ പുതിയൊരു രാഷ്ട്രീയ സംസ്ക്കാരത്തിലേയ്ക്ക് ധീരം ധീരം നയിച്ചു. ആനുകാലികരാഷ്ട്രീയത്തിന്റെ കപടമുഖം മറയ്ക്കാതെ തുറന്നുകാട്ടിയ ഒരു സംഭവമായിരുന്നു ഈ മദ്യശക്തി പ്രകടനം.

ഒരു കുപ്പി വിദേശിയും നൂറു രൂപയും വാഗ്ദാനം ചെയ്യപ്പെട്ട പ്രകടനബഹളത്തിലേയ്ക്ക് ഈയാം പാറ്റകൾ പറന്നിറങ്ങി. അവർ ആർക്കൊക്കെയോ സിന്ദാബാദ് വിളിച്ചു. അവർ പൊതുസ്വത്ത് ധൂർത്തടിക്കുന്നത് കണ്ട് പൊതുജനം ഒരിയ്ക്കൽകൂടി കഴുതകളെപ്പോലെ കണ്ണുമിഴിച്ച് നോക്കിനിന്നു.

മദ്യവും നക്കാപ്പിച്ചയും കൊടുത്ത് ആയിരങ്ങളെക്കൊണ്ട് സുരക്ഷിതവലയം സൃഷ്ടിച്ച് നേതാക്കൻമാർ ഇന്നു നടത്തുന്ന പകൽക്കൊള്ള നമ്മുടെ ജനാധിപത്യഭരണത്തിന്റെ ഏറ്റവും വലിയ ശാപമായി തീർന്നിരിക്കുകയാണ്. ഇവരാരെങ്കിലും സ്വന്തം തറവാട്ട് സ്വത്ത് വിറ്റാണ് ഈ മദ്യംവിളമ്പലും നക്കാപ്പിച്ചവിതരണവും നടത്തുന്നതെന്ന്ധരിക്കുന്നവൻ വിഢ്ഢി! ഇത്കുറിയ്ക്കുന്ന എനിയ്ക്കും വായിക്കുന്ന നിങ്ങൾക്കും അവകാശപ്പെട്ടത് കൊള്ളചെയ്തത് ഇവർ പ്രകടനങ്ങൾ എന്ന ജനദ്രോഹം അരങ്ങേറുന്നു. സത്യദർശനം ഈശ്വര ദർശനമായും ,ചെറു ചൂഷണം പോലും ജനചൂഷണമായും കണ്ട മഹാത്മജിയാണ് നമ്മുടെ രാഷ്ട്രപിതാവ് ആ മഹാത്മജിയുടെ നാമം പേറുന്ന യൂണിവേഴ്സിറ്റിയും ഒരു സർട്ടിഫിക്കറ്റിന് വേണ്ടി ഉദ്യോഗസ്ഥപ്രഭുക്കളുടെ ഉള്ളം തെളിയുന്നതും കാത്ത് വിദ്യാർത്ഥികൾ കഴിയേണ്ടിവരുമ്പോൾ യൂണിവേഴ്സിറ്റിയുടെ സംസ്ക്കാരം ഇന്നത്തെ രാഷ്ട്രീയസംസ്ക്കാരത്തിൽ നിന്നും ഒട്ടും ഭിന്നമല്ലെന്ന് തെളിയുന്നു. പഠിക്കാനും പഠിപ്പിക്കാനും യോഗ്യമായ പാഠപുസ്തകങ്ങൾ നിശ്ചയിക്കുക നിശ്ചിത സമയത്ത് പരീക്ഷ നടത്തി ഫലം പ്രഖ്യാപിക്കുക തുടങ്ങിയവയൊന്നും യൂണിവേഴ്സിറ്റിയുടെ ചിന്താവിഷയങ്ങളല്ലെന്ന് വരുമ്പോൾ ഉന്നത വിദ്യാഭ്യാസം ദേശീയ ദുരന്തമായിമാറുന്നു. സെപ്തംബർ പരീക്ഷ മാർച്ചിലും മാർച്ച് പരീക്ഷ ജൂലൈയിലും നടത്തുക എന്ന ക്രൂരവിനോദം നമ്മുടെ യൂണിവേഴ്സിറ്റിയുടെ ഉത്തരവാദിത്വരാഹിത്യത്തിന്റെ



കിരീടത്തിലെ പൊൻതൂവലായി ഉയർന്ന് നില്ക്കുന്നു. ഇതൊക്കെ കാണുമ്പോൾ ഈ രാജ്യത്ത് തന്നെയാണോ നളന്ദയും ,തക്ഷശിലയും, നാം സംശയിച്ചു പോകുന്നു.

അധർമ്മം ചെയ്യുന്നതും ,ധർമ്മം ചെയ്യാതിരിക്കുന്നതും അഴിമതിയുടെ പരിധിയിൽപ്പെടുമെന്ന കർശന സമീപനമായിരുന്നു ഗാന്ധിയുടേത്. പിന്നീട് രാഷ്ട്രീയത്തിലുണ്ടായ മൂല്യത്തകർച്ച അവിശ്വസനീയമാം വണ്ണം ഭയാനകമായിരിക്കുന്നു. അഴിമതിയുടെ അന്ധകാരം രാജ്യത്തെയാകെ മൂടിയതുപോലെയായിരിക്കുന്നു. സത്യത്തിന്റെ പ്രകാശം തീരെ നേർത്തുപോയി.

പൊതുജീവിതമെന്നാൽ ധനസമ്പാദന മാർഗ്ഗമാണെന്ന ചിന്ത പൊതുപ്രവർത്തകർക്കിടയിൽ വല്ലാതെ വേരു പിടിച്ച് കഴിഞ്ഞു. പതിനഞ്ചുവർഷത്തോളം എ.ഐ. സി.സി.യുടെ ട്രഷററായിരുന്ന ശ്രീ അതുല്യഘോഷ് അന്തരിച്ചപ്പോൾ പത്രങ്ങൾ എടുത്തു പറഞ്ഞ ഒരു കാര്യം അദ്ദേഹത്തിന് സ്വന്തമായിരു കിടപ്പാടം പോലുമില്ലായിരുന്നുവെന്നും . കൽക്കട്ടയിലെ ഒരു വാടക ഫ്ളാറ്റിലാണ് അദ്ദേഹം അവസാന കാലം കഴിച്ചുകൂട്ടിയെന്നുമായിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ബാങ്ക് ബാലൻസ് 169 രൂപയായിരുന്നത്രേ! ഇന്ത്യയിലെ നാലു പൊതുതെരഞ്ഞെടുപ്പു കാലങ്ങളിൽ കേന്ദ്രത്തിലെ ഭരണകക്ഷിയുടെ ഖജാൻജിയായിരുന്ന നേതാവിന്റെ' സാമ്പത്തിക കഥ ' ഇന്നു കേൾക്കുന്നവർക്ക് അതൊരു കെട്ടുകഥ ആയേ തോന്നൂ. കാരണം ഇങ്ങനെ സ്വന്തം ജീവിതത്തിൽ മൂല്യസങ്കല്പങ്ങളെ മുറുകെപ്പിടിക്കുന്നവരുടെ ' വർഗ്ഗ'ത്തിന് നമ്മുടെ നാട്ടിൽ എന്നേ വംശനാശംവന്നുകഴിഞ്ഞു! അവശേഷിക്കുന്നവരുടെഅവസ്ഥയാകട്ടെ സിംഹവാലൻ കുരങ്ങുകളുടേതു മാണല്ലോ ? പഴയ തലമുറയിലെ പൊതുപ്രവർത്തകരുടേയും ഭരണാധികാരികളുടേയും നീതിസങ്കല്പങ്ങൾ എത്ര അന്യൂനമായിരുന്നു എന്നതിന് ഇതുപോലെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നമുക്ക്കണ്ടെത്താനാവും.

യശ്ശ:ശരീരനായ ശ്രീ ആർ. വി. തോമസ് പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗമായിരിക്കെയുണ്ടായ ഒരനുഭവം അദ്ദേഹത്തിന്റെ രാഷ്ട്രീയ ശിഷ്യൻ കൂടിയായിരുന്ന മുൻ മദ്ധ്യപ്രദേശ് ഗവർണർ പ്രൊഫ. കെ.എം. ചാണ്ടി ഒരിക്കൽ പറയുകയുണ്ടായി. ഒരു ജോലിക്കാര്യത്തിൽ ഒരാളുടെ കാര്യം അന്ന് എം.എൽ.എ ആയിരുന്ന പ്രൊഫ. ചാണ്ടി പ്രത്യേകമായി ഒന്നു സൂചിപ്പി

[illegible]

— —

ജലീഷ്പീറ്റർ

[illegible]

# ജനാധിപത്യവും സ്വാതന്ത്ര്യവും

"വി [illegible]

[illegible]



[illegible]

തിരുത്തിയല്ലേയെന്ന് ഞാൻ സംശയിക്കുന്നു. കടമകൾ മറന്ന് അവകാശങ്ങൾക്ക് വേണ്ടി എന്തും കാട്ടിക്കൂട്ടാനുള്ള ലൈസൻസായിമാത്രം സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നവരാണ് എവിടെയും. ഓണത്തിനും, തിരുനാളിനും, വാർഷികത്തിനും, കാണിക്ക നിക്ഷേപിച്ചാൽ ഒരു ഭൂവിഭാഗം മുഴുവൻ ഇരുട്ടിലാക്കാനും യന്ത്രങ്ങൾ നിശ്ചലമാക്കാനും ഒരു സ്വിച്ചിൽ ലൈൻമാന് കൈവരുന്ന സ്വാതന്ത്ര്യം ! നിസ്സാര പ്രശ്നങ്ങളുടെ പേരിൽ വഴി തടയാനും മണിക്കൂറുകൾ പൊതുജീവിതം സ്തംഭിപ്പിക്കാനും രോഗികളെ പെരുവഴിയിലിട്ട് ഇഞ്ചിഞ്ചായി കശാപ്പു ചെയ്യാനും വിദ്യാർത്ഥികൾക്കും രാഷ്ട്ര നായകന്മാർക്കും ലഭിക്കുന്ന സ്വാതന്ത്ര്യം ! മിന്നൽ പണിമുടക്കിനും, സമരത്തിനും, ബസ് കത്തിയ്ക്കലിനും ലഭിക്കുന്ന സ്വാതന്ത്ര്യം ! ആരുടെ നേർക്കും തോക്കു ചൂണ്ടാനും, എവിടെയും വെടിവെപ്പ് നടത്തി കൊള്ളയടിക്കാനും, പിന്നീട് സമാധാനത്തിനായി നേതാവായി ഉയരാനും അവസരം നല്കുന്ന സ്വാതന്ത്ര്യം !

ഭരണതലത്തിൽ ജനതയ്ക്ക് സ്വന്തം ആധിപത്യം സ്ഥാപിച്ച് നിലനിർത്താൻ കഴിയുന്ന വ്യവസ്ഥിതിയാണല്ലോ ജനാധിപത്യം. വ്യക്തിസ്വാതന്ത്ര്യം ആണ് ജനാധിപത്യത്തിന്റെ മുഖമുദ്ര. ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല, ഒരു ജീവിതരീതികൂടിയാണ്. സ്വാതന്ത്ര്യാനുഭവത്തിൽ അധിഷ്ഠിതമാണ് ആ ജീവിതരീതിയും ശൈലിയും. സ്വാതന്ത്ര്യനിഷേധം ജനാധിപത്യത്തിന്റെ നിരാകരണമാണ്.

നിതാന്ത ജാഗ്രതയാണ് ജനാധിപത്യത്തിന് പൗരാവലി നല്കേണ്ടിയിരിക്കുന്ന വില. വിദ്യാഭ്യാസമുള്ള ഒരു പൗരസമൂഹത്തിന് മാത്രമേ ജനാധിപത്യം നിരന്തരം ജാഗ്രതാപൂർവ്വകമായി നിലനിർത്താൻ കഴിയൂ എന്ന് ചരിത്രം തെളിയിക്കുന്നു. താത്വികമായി അഭികാമ്യമെന്ന് ഏവരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്ന ജനാധിപത്യം പ്രായോഗികതലത്തിൽ പരാജയപ്പെടുന്നതിന്റെ പ്രധാന കാരണം നിരക്ഷരതയും, അജ്ഞതയും, ദാരിദ്ര്യവും ആണ്.

സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശമാണ്. സ്വാതന്ത്ര്യ നിഷേധം മനുഷ്യനെ വരിഞ്ഞുമുറുക്കുന്നു.


"സ്വാതന്ത്ര്യംതന്നെജീവിതം
സ്വാതന്ത്ര്യംതന്നെ അമൃതം
പാരതന്ത്ര്യം മാനുഷർക്കു
മൃതിയേക്കാൾ ഭയാനകം"

സ്വർണ്ണക്കൂട്ടിൽ പിടിച്ചിട്ട പൈങ്കിളിക്ക് പോലും അസ്വാതന്ത്ര്യം അസഹ്യമാണ്. "പഞ്ജരത്തിലൊതുങ്ങി ജീവിച്ചിരിക്കിലും" എന്ന അവസ്ഥ. ഇരുമ്പുമുഷ്ടികൊണ്ട് അടിച്ചമർത്താനോ, ഇരുമ്പു യവനിക കൊണ്ട് മറയ്ക്കാനോ സാധിക്കുന്നതല്ല മനുഷ്യന്റെ സ്വാതന്ത്ര്യാഭിനിവേശം. ലോകമെങ്ങും അരങ്ങേറിയിട്ടുള്ള സ്വാതന്ത്ര്യ സമരങ്ങളും, റഷ്യയിലും പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലും സമീപകാലത്ത് നടന്ന സംഭവങ്ങളും ഇതിന് മതിയായ തെളിവല്ലേ ?

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമെന്ന സവിശേഷത ഇന്ത്യയ്ക്കുണ്ട്. സ്വാതന്ത്ര്യലബ്ധിയോടുകൂടി മതേതരമായ ജനാധിപത്യസംവിധാനം ഇന്ത്യ അഭംഗുരം നിലനിർത്താൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം. ഇന്ത്യയുടെ പ്രചോദനത്തിൽ സ്വാതന്ത്ര്യം നേടിയ എത്രയോ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ജനാധിപത്യം ഗളഹസ്തം ചെയ്യപ്പെട്ടു എന്നത് അനുസ്മരിക്കുമ്പോൾ നമുക്ക് തീർച്ചയായും അഭിമാനത്തിനുവകയുണ്ട്. പക്ഷെ ജനാധിപത്യ സംവിധാനത്തിൽ പ്രതീക്ഷിച്ചനേട്ടങ്ങൾ അത്രയും കൈവരിയ്ക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ ? ജനാധിപത്യംഎന്ന മഹത്തായ ആശയത്തോട് നീതി പുലർത്താൻ നമ്മുടെ മാറിമാറിവന്ന ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടുണ്ടോ?

വൃക്ഷത്തെ ഫലംകൊണ്ടാണ് അറിയുക. മധുരഫലങ്ങൾ തരുമെന്ന പ്രത്യാശയിൽ നട്ട മരങ്ങളിൽ നിന്നും ലഭിക്കുന്നത് വിഷഫലങ്ങളാണെങ്കിൽ സ്വയം സഹതപിക്കാനും, പരിതപിക്കാനും, മാത്രമല്ല കഴിയൂ. നല്ലഫലങ്ങൾ തരാത്ത വൃക്ഷങ്ങൾ വെട്ടി തീയിലിട്ട് ചുട്ടുകരിയ്ക്കാം. പക്ഷേ, തലമുറകളുടെ സഹന സമരത്തിലൂടെയും, ആത്മത്യാഗത്തിലൂടെയും നേടിയെടുത്ത സ്വാതന്ത്ര്യവും, ജനാധിപത്യ വ്യവസ്ഥയും, പരിരക്ഷിക്കേണ്ടിയിരിയ്ക്കുന്നു. ഈ മണ്ണിൽ നട്ടപ്പെട്ട ജനാധിപത്യവൃക്ഷത്തിന് ആത്മാർപ്പണത്തിന്റെ വെള്ളവും സേവനത്തിന്റെ വളവും നല്കി അതിനെ കരുത്തുറ്റതാക്കി വളർത്തി സ്വാതന്ത്ര്യത്തിന്റെ സത്ഫലങ്ങൾ വിളയിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്.

രാഷ്ട്രീയപ്രവർത്തനം ഒരുസേവനം എന്നതിനുപകരം അഴിമതി, ചൂഷണം, ധനാർജ്ജനം, അധികാര സമ്പാദനം, പ്രശസ്തി തുടങ്ങിയവയ്ക്കുള്ള ഉപാധിയായി ദുരുപയോഗിക്കപ്പെടുമ്പോൾ സ്വാതന്ത്ര്യം ദുസ്സ്വാതന്ത്ര്യമാക്കപ്പെടുന്നു. സ്വന്തം ജീവനും സ്വാതന്ത്ര്യവും പോലെയാണ്






അന്യന്റെ ജീവനും സ്വാതന്ത്ര്യവുമെന്ന് പരിഗണിക്കാൻ തക്കവിധം മനസ്സ് വികസിക്കുമ്പോഴേ നാം സ്വാതന്ത്ര്യത്തിനർഹരാകുകയുള്ളൂ. അതിനിനി എത്രയുഗം കാത്തിരിക്കണം ?

സിനി. കെ. ജോർജ്
II ബി.കോം.

# ബന്ധങ്ങൾ അന്യമാകുന്നുവോ?

ഉല്ലാസ്. ജി.
II B.com.



സാമാന്യം തിരക്കേറിയ വീഥിക്കരുകിൽ ഒരു ചെറിയ ജനക്കൂട്ടം. ആകാംക്ഷാപൂർണ്ണ വഴിയാത്രികരിൽ ചിലർ കൊഴിഞ്ഞുപോകുന്ന ജനകൂട്ടത്തിലെ വിടവുകളിലേക്ക് ഊർന്ന് ഇറങ്ങുന്നു. നിസ്സംഗ മനോഭാവത്തോടെ ജനക്കൂട്ടംവിടുന്ന മറ്റുചിലർ ഇനിയും ചിലർ ഒന്നിലും ശ്രദ്ധപെലുത്താതെ ധൃതിയിൽ നടന്നകലുന്നു. ജനക്കൂട്ടത്തിലെ വിടവുകളിലേക്ക്ചേർന്നു നിന്നുആരോ സംഭവം ക്യാമറ കണ്ണുകളിലേയ്ക്ക് പകർത്തുന്നു. അതെ, ഒരപകടവാർത്ത കൂടിപത്രത്താളുകളിലേയ്ക്ക്... രക്തം വാർന്നൊലിച്ച് മണിക്കൂറുകളോളം തെരുവിൽകിടന്ന്, അകാലത്തിൽ പൊലിയുന്ന ഒരുജന്മം കൂടി.

21-ാം നൂറ്റാണ്ടിനന്യമാകുന്ന മാനുഷീക മൂല്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സാധാരണസംഭവമാണ് മുകളിൽസൂചിപ്പിച്ചത്. തിരക്കേറിയ യാത്രയിൽമാനുഷീക. ബന്ധങ്ങളെ തന്നെ മറക്കുന്ന മനുഷ്യന്റെ ദൃഷ്ടാന്തങ്ങളിൽഇത് ഒന്നുമാത്രം. സർവ്വതും സ്വായത്തമാക്കിയെന്നുഅഹങ്കരിക്കുന്ന സ്വാർത്ഥമതിയായ മനുഷ്യന്റെ ഒന്നുമില്ലായ്മയിലേയ്ക്കുള്ള ഒരു കൂപ്പുകുത്തൽ.

നടുറോഡിൽ കിടക്കുന്ന, പുത്രന്റെ, പിതാവിന്റെ, ഭർത്താവിന്റെ ദീനമായ ഇത്തരം എത്രയെത്ര രംഗങ്ങൾ...... സംഭവങ്ങൾ. യാതൊരു സങ്കോചവും കൂടാതെ ഇതിനുനേരെ കണ്ണടയ്ക്കാൻ അതുമല്ലെങ്കിൽ നിസ്സംഗതയോടെനോക്കിനിലക്കാൻ, 21-ാം നൂറ്റാണ്ടിലെ പുതുബന്ധങ്ങൾക്ക് അനായാസം സാധിക്കുമെന്നു വന്നിരിക്കുന്നു.

ഇന്നു മനുഷ്യനു പ്രധാനം താൻ തന്നെയായിരിക്കുന്നു, അതുമല്ലെങ്കിൽതാനും തന്റെഭാര്യയും കുട്ടിയുമടങ്ങുന്ന ചെറുകുടുംബം മാത്രം ഈശോപിക്കലിൽ, നഷ്ടത്തിന്റെ അക്കങ്ങൾകൂട്ടുകയാണെന്ന് ആരും തിരിച്ചറിയുന്നില്ല.

വെട്ടിത്തിളങ്ങുന്ന മാർബിൾ ബംഗ്ലാവുകളിൽ നിലനിൽക്കുന്ന അസ്വാസ്ഥ്യ ജനകമായ അന്തരീക്ഷം പുതിയ തലമുറകളിൽ ചെലുത്തുന്ന ആഘാതം നിസ്സാരമായി കാണാനാവില്ല. സ്റ്റാറ്റസ് സിംബലുകളായി ഉയർത്തിക്കാട്ടപ്പെടുന്ന കുരുന്നു മനസ്സുകൾക്ക് ബന്ധങ്ങൾ വെറും സ്റ്റാറ്റസ് സിംബലായി തോന്നുന്നുവെങ്കിൽ നാം ആരെപഴിക്കണം? ഡേ കെയർ സെന്ററുകളിൽ കുപ്പിപ്പാൽ കുടിച്ചു വളരുന്നുവെന്നു പറയപ്പെടുന്ന ഈ സ്റ്റാറ്റസ് പ്രതീകങ്ങൾക്കു എങ്ങനെ മാനുഷികമൂല്യങ്ങൾക്കു വില കല്പിക്കാനാകും? സൗന്ദര്യ ശോഷണത്തെ ഭയക്കുന്ന കൊച്ചമ്മമാരുടെകുട്ടികൾക്കു നഷ്ടമാകുന്നത് അമൂല്യമായ അമ്മിഞ്ഞപ്പാലിന്റെ കരുതലാണ്. ബന്ധങ്ങളുടെ താങ്ങില്ലാതെ വളരുന്ന ഇവന് ബന്ധങ്ങളെ അന്യമായിക്കാണുവാനേ സാധിക്കൂ.

പണത്തിനുംപ്രശസ്തിയ്ക്കും വേണ്ടി മക്കളെയും ഭാര്യയെയും കാമകഴുകൻമാർക്കു മുന്നിൽ വലിച്ചെറിയുന്നപിതാക്കന്മാരും ഭർത്താവുദ്യോഗസ്ഥൻമാരും ബന്ധങ്ങളുടെഅന്യം നിൽക്കലിന്റെ സൃഷ്ടിതന്നെ. അപരിചിതമാകുന്ന കുടുംബബന്ധങ്ങൾ വഴികൂട്ടുംബങ്ങളുടെതന്നെ അസ്ഥിത്വം ഇല്ലാതായി[illegible]വർദ്ധിച്ചുവരുന്ന അനാഥാലയങ്ങളും വൃദ്ധമന്ദിരങ്ങളും അന്യമാകുന്നബന്ധങ്ങളുടെ നോക്കുകുത്തികളായി അവശേഷിക്കുന്നു. സ്വാർത്ഥനായ മനുഷ്യനു സ്ഥായിയായ സ്നേഹം, ഇന്നു, ബന്ധങ്ങളിൽ കാത്തു സൂക്ഷിക്കുവാനാകുന്നില്ല. ലാഭകരമല്ലാത്തബന്ധങ്ങളെപുറംകാലിന് തട്ടിക്കളയുവാനുള്ള ഹൃദയ ശൂന്യത ഇന്നു അവൻ നേടിയിരിക്കുന്നു.

സ്വന്തംരാജ്യത്തെ ഒറ്റുകൊടുക്കുവാൻ തയ്യാറാകുന്ന ഭരണകൂടവും അഴിമതിയിൽ മുങ്ങി നിൽക്കുന്ന ഉദ്യോഗസ്ഥപ്രതിഷ്ഠകളും ഒക്കെ ഇത്തരം ബന്ധങ്ങളുടെ തകർച്ചയിൽനിന്നു തന്നെ ജന്മമെടുക്കുന്നു.


കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട മനുഷ്യനു, താൻ താണ്ടി വന്ന പാതയിലേയ്ക്കു തിരിഞ്ഞു നോക്കുവാൻ സാധിക്കുന്നില്ല. എന്തിനെയും തന്റെ കാൽ കീഴിൽ നിർത്തണമെന്ന അതിമോഹത്താൽ, അവൻ കുതിച്ചുപായുകയാണ്. നേടിയതിനെക്കുറിച്ചു മാത്രംചിന്തിച്ച് ആത്മാവ്നഷ്ടപ്പെട്ട അവൻ എന്തിനെല്ലാം വേണ്ടിയോ പരക്കം പായുന്നു. എന്തിനെയെല്ലാം കൊടിക്കീഴിലാക്കിയാലുംഅതിനെയെല്ലാം നിഷ്പ്രഭമാക്കുന്ന വിധത്തിൽ തന്റെ പൈതൃകത്തെ മറക്കുന്ന മനുഷ്യന്, അവന്റെ, അവസാന രാത്രികളിലെങ്കിലും ഉറക്കം നഷ്ടപ്പെടുന്നുവെങ്കിൽ നമുക്ക് ആശ്വസിക്കാൻ വകയുണ്ട്.

ഒപ്പം ആശിക്കാനും.

# കർമ്മം = ധർമ്മം = മർമ്മം

നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു ദൈവം പറഞ്ഞതായി ഒരു മഹദ്ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതപ്പെട്ടു. ഫലമിച്ഛിക്കാതെ കർമ്മം ചെയ്യുക എന്നതാണ് ധർമ്മം എന്നത്രേ ഇത്. ഇതു വായിച്ച് പലരും ഞെട്ടി. ഇന്നും പലർ ഞെട്ടുകയും; പൊട്ടുകയും ചെയ്തുകൊണ്ടിരിക്കുന്നു. താൻ ഫലേച്ഛയോടെ കർമ്മം ചെയ്തല്ലോ എന്നോർത്ത് അന്ന് പലരും കരഞ്ഞപ്പോൾ താൻ


ഇതുവരെ ഫലമിച്ഛിക്കാതെ കർമ്മം ചെയ്തല്ലോ എന്നോർത്താണ് പലരും ഇന്നു കരയുക. (ഞെട്ടൽ പലവിധമുലകിൽ സുലഭം എന്നത്രേ ഇതേപ്പറ്റി കവിയുടെ വിശദീകരണം).





ആധുനിക കർമ്മത്തിന്റെ ഫലേച്ഛയെപ്പറ്റി പറയുന്നതിനു മുൻപ് അല്പം പുരാണം. എളിയവനായ ഒരു വലിയ മനുഷ്യനുണ്ടായിരുന്നു. അദ്ദേഹം ഇത് വായിച്ച് ഞെട്ടിയില്ലത്രേ. (കല്ല്‌വെച്ച നുണ). കാരണം അദ്ദേഹം ഫലേച്ഛകൂടാതെയുള്ള കർമ്മത്തിൽ മാത്രമേ വിശ്വസിച്ചിരുന്നുള്ളൂ. (എന്തൊരു മനുഷ്യൻ!) അതുകൊണ്ട് കർമ്മത്തിന്റെ ഫലം വിളമ്പിയനേരത്ത് അദ്ദേഹം ഇല വാങ്ങിയതുമില്ല. (ഇല കൊടുക്കാത്തതാണ് എന്ന് ചില കുബുദ്ധികളുടെ പ്രചാരണം). അക്കാലത്താണ് കർമ്മം = ധർമ്മം

always = ഫലം എന്ന പുതിയ സമവാക്യവുമായി ഒരുവൻ അവതരിച്ചത്. ഈ സമവാക്യത്തിൻെറ പരീക്ഷണത്തിന് മാന്യദേഹം തെരഞ്ഞെടുത്തത് ഇടിച്ച് കേറി ഒരിലപൊലും സ്വന്തമാക്കാൻ കഴിയാതിരുന്ന അവശനായ അർദ്ധനഗ്നനെ ആയിരുന്നു. പരീക്ഷണം വൻപിച്ച വിജയമുയരുന്നു.

ഇനി പുത്തൻ കർമ്മാനുഷ്ഠാനങ്ങളുടെ പട്ടികയിലേയ്ക്ക്. നമ്മുടെ നാട്ടിൽ പരക്കെ അംഗീകരിക്കപ്പെട്ടിരുന്ന ഒരു കൂട്ടരാണ് ഈ പുതിയ അനുഷ്ഠാനത്തിൻെറ വക്താക്കൾ. ഭൂമിയിലും പാതാളത്തിലും സംഭവിച്ചിടത്തോളം കാര്യങ്ങൾക്കെല്ലാം അവർ പ്രതിഷേധം അറിയിച്ചു കഴിഞ്ഞു. ഇനി ഒരു പ്രശ്നവും ഇല്ലല്ലോ എന്ന പ്രശ്നത്തിലിരുന്നപ്പോഴാണ് പുതിയൊരു പുകിലുണ്ടായത്. നാട്ടിലെവിടെയോ







ഒരു കോളേജിൻെറ പേരു മാറ്റുന്നു. (അവരും കർമ്മം ചെയ്യാൻ തീരുമാനിച്ചിരിക്കാം) അടങ്ങിയിരിക്കാനൊക്കുമോ? കർമ്മം= ധർമ്മം=മർമ്മം എന്ന പുതുപുത്തൻ മുദ്രാവാക്യവുമായി അവർ രംഗത്തിറങ്ങി. ഫലം വരുന്ന പാതയിലേക്ക് കർമ്മം ചെയ്യാനുള്ള അടങ്ങാത്ത ആവേശവുമായി എടുത്തുചാടി. (ചാടിയപ്പോൾതന്നെ പലരുടെയും കാലൊടിഞ്ഞു.) ചിലർ പൊടിതട്ടിയും! മറ്റുചിലർ ഒടിഞ്ഞ കാലു വലിച്ചുകൊണ്ടും, വേറെചിലർ ഒന്നും സംഭവിക്കാതെയും (ചിലരങ്ങനെയാ തലകുത്തി വീണാലും നാലുകാലിൽ നിൽക്കും) മുന്നോട്ടു നീങ്ങി.

ആദ്യമായി ചെയ്ത കർമ്മം സമര പന്തലിൻെറ കാൽനാട്ടൽ കർമ്മമായിരുന്നു. ഫലമപ്പോൾ തന്നെ ഉണ്ടായി. എല്ലാവർക്കും ആവശ്യം പോലെ ഇരിക്കാനും കിടക്കാനും ഉള്ള സ്ഥലം റെഡി. അടുത്ത കർമ്മം വലിയനേതാവിൻെറ എഴുന്നള്ളത്തായിരുന്നു. അല്പം താമസിച്ചെങ്കിലും അത് ഭംഗിയായി നടന്നു. നേതാവിൻെറ നീട്ടി പിടിച്ച പ്രസംഗകർമ്മത്തിൻെറ ഫലം അത്ഭുതാവഹം!

അണികളിലാവേശം. അപരൻെറ മർമ്മം നോക്കി കർമ്മം ചെയ്യാനുള്ള ധർമ്മബോധം! പിന്നണിയുടെ ഈ ധർമ്മബോധത്തിൽ നേതാവ് ആഹ്ലാദഭരിതനായി വെളുക്കെ ചിരിച്ചു. വല്ലാത്തൊരു ചിരി. ഫലമോ അണികളിലേക്കും ആ ചിരി പകർന്നു (ഇഞ്ചി കടിച്ച കുരങ്ങൻെറ ചിരി പോലെയായിരുന്നു എന്നത്രേ ദൃക്സാക്ഷി വിവരണം.)

അപ്പോഴാണ് നീലവണ്ടി സമര പന്തലിനുമുൻപിൽ വന്ന് നിന്നത്. കാഴ്ച്ചയിൽ സർക്കസുകാരുടെ പുലിക്കൂട് പൊലെ തോന്നും (പുലികളുടെ കാലമല്ലയോ ഇത്) അതിൽ നിന്നും ഇറങ്ങുന്നതാര്? പുലിയോ? പോലീസോ?. പോലീസ് ! ഒരു കൈയ്യിൽ ചൂരൽ കസേര തല്ലിയൊടിച്ചെടുത്ത മാതിരി എന്തോ ഒന്ന് മറുകൈയ്യിൽ ഓരോ കുറുവടി. അവർക്കെന്താണ് സമരപന്തലിൽ കാര്യം ? ഇതിനുത്തരം കിട്ടും മുമ്പേ സമരപന്തലിൽ ആളൊഴിഞ്ഞു കഴിഞ്ഞിരുന്നു. കർമ്മികളും ഫലേച്ഛുകളും എവിടെ? ഓ! സമരപന്തലിൽ നിന്ന് ഒരു അൻപത് അടിമാറി പത്ത് പന്ത്രണ്ട് കുട്ടികൾ

അവരുടെ കൈയ്യിൽ പെരുവഴിയിലെ ഗട്ടറിൽ നിന്നും കുത്തിയിളക്കിയെടുത്ത വലുതും ചെറുതുമായ പാറക്കഷണങ്ങൾ. ഇങ്ങേ വശത്ത് ചൂരൽ പാളയും പടയുമായി പോലീസ്. അണികളുടെ കർമ്മബോധത്തിൽ അഭിമാനിച്ചിരിച്ച് നേതാവ് സ്ഥലം കാലിയാക്കി. പാവം പിന്നണി ധർമ്മമില്ലാത്ത കർമ്മവുമായി പെരുവഴിയിൽ. ഇരു കൂട്ടരും രണ്ടും കല്പിച്ചാണ് ഇറങ്ങിയിരിക്കുന്നത് എന്ന് ജനസംസാരം. പിന്നെ ഒരു അരമണിക്കൂർ സമയത്തേക്ക് അവിടെ നടന്നത് എന്താണെന്ന് വിശദീകരിക്കാതിരിക്കുകയാകും ഭംഗി (അതും കർമ്മധർമ്മങ്ങളുടെ ഭാഗമായി).

എന്തായാലും അവിടുന്നങ്ങോട്ട് കർമ്മാനുഷ്ഠാനങ്ങളുടെ പ്രളയം ആയിരുന്നു. രണ്ട് ദിവസമായപ്പോഴേയ്ക്കും കാര്യങ്ങൾ ഒരു അടുക്കും ചിട്ടയുമൊക്കെ വന്നു.



(കർമ്മത്തിന്റെ അവശ്യഘടകമാണിത്) മൂന്ന് നാലു ദിനങ്ങൾക്കുശേഷം കർമ്മങ്ങളുടെ കടുപ്പം കൂടി. ഇതാ വരുന്നു കർമ്മ ധർമ്മങ്ങളിൽ ഏറ്റവും ശക്തനായവൻ. മാലോകരെ മുഴുവൻ ഞെട്ടിച്ചുകൊണ്ട് അവൻ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. "ബന്ദ്". വെറും ബന്ദല്ല, 'വിദ്യാഭ്യാസബന്ദ്'. അദ്ധ്യാപകർ അക്ഷരാർത്ഥത്തിൽ ഞെട്ടി. ഈ ഞെട്ടൽ കുട്ടികളിലേക്ക് വ്യാപിച്ചു. ഫലമോ ഇരു കൂട്ടരും വീടുകളിൽ കഴിഞ്ഞു. പക്ഷേ ബന്ദനുഷ്ഠാനകർ വീട്ടിലിരിക്കുമോ? അവർ പെരുവഴിയിലിറങ്ങി. പറ്റുന്നിടത്തോളം വീരകർമ്മങ്ങൾ ചെയ്തു. പക്ഷേ നേതാവു പ്രതീക്ഷിച്ചിരുന്ന ഒരു വലിയ ഫലം ഉണ്ടായില്ല. വീരധീരൻമാരായ സാക്ഷികൾ (രക്തസാക്ഷികൾ എന്ന് നാട്ടുപേര്) സമരത്തിനാകെയുള്ള എട്ടുപേരും പോലീസിനെ കാണുമ്പോൾ പലവഴിക്കോടും. പത്തുപേരെയെങ്കിലും ഗുരുതരമായി പരിക്കേൽപ്പിക്കണമെന്ന കർശന നിർദ്ദേശവും പാലിക്കപ്പെട്ടില്ല. നേതാവ് അസ്വസ്ഥചിത്തനായി.

നേതാവിന്റെ മനോവിഷമം മാറ്റാൻ; അണികളിൽ ആവേശം വർദ്ധിപ്പിക്കാൻ; സമരത്തിന്റെ അപമാനം നീക്കികളയാൻ ഒരു രക്തസാക്ഷി പിറന്നിരിക്കുന്നു. തീർന്നില്ല ഇത് പെണ്ണാണ്. അതേ വനിതാ രക്തസാക്ഷി. ആശുപത്രിയിലേക്ക് ജനപ്രവാഹം. വഴിയാകെ വാഹനങ്ങളുടെ തിരക്ക്. നാടാകെ സ്ത്രീത്വത്തിന്റെ മഹനീയതെപ്പറ്റി ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ. ഇതിനിടയിൽ മറ്റൊരു വാർത്ത പുറത്ത് വന്നു. ഈ 'സ്ത്രീത്വം' മരിച്ചിട്ടില്ല. 'രക്തസാക്ഷിമകുടം ചൂടിയില്ലാ' എന്ന് ചുരുക്കം. എല്ലാവരും വാക്ക് മാറ്റി പറഞ്ഞു. പറഞ്ഞിടത്തോളം നല്ല വാക്കുകൾക്ക് പകരം പറ്റുന്നിടത്തോളം ദുഷിപ്പ് പ്രസംഗിച്ചു. കർമ്മ നിരതയായ വനിത ആശുപത്രിക്കിടക്കയിലും വെറുതെ ഇരുന്നില്ല. പ്രത്യേകം അനുവദിക്കപ്പെട്ട വിദൂരവാർത്താവിനിമയോപാധി ശരിക്കും ഉപയോഗപ്പെടുത്തി. (അവളുടെ ഭാഗ്യമേ!)

ഇതൊന്നും പറയണമെന്നോ എഴുതണമെന്നോ ഓർത്തല്ല എഴുതിതുടങ്ങിയത്. ഉള്ളിൽ തിങ്ങിയ ധാർമ്മികരോഷം പേനാത്തുമ്പിലൂടെ ഊർന്നിറങ്ങിയത് ഇങ്ങനെയായി. പറഞ്ഞ് പറഞ്ഞ് ഇത്തിരി ഏറെയായി. അധിക പ്രസംഗമായി. മാന്യവായനക്കാരെ ക്ഷമിക്കുക. പ്രായത്തിന്റെ ചോരത്തിളപ്പെന്നു കരുതി കണ്ണടച്ചേക്കുക.

**DHANYA GEORGE**
**1st D C ENG.**

# UNION MEMBERS



CHAIRMAN -TOMY SCARIA

VICE CHAIRPERSON




-JULIA GEORGE

GEN: SECRATORY-




JOSEPH THOMAS

COUNCILORS .




-JAISON THOMAS



-SOJAN MATHEW

ARTS CLUB SECRATORY



-SOJI MATHEW

EDITOR



-JOBY GEORGE VATTAKERIL

LADY REPRESENTATIVES



PRINCY ABRAHAM



LIZA P. SEBASTION




AMBILY K.R.

## CLASS REPRESENTATIVES:




I PDC:JEFRY THOMAS



IIPDC: ANIL JACOB



IDC: JIJI KURIAN



IIDC:JOBY MATHEW



III DC:THOMAS SEBASTION

I P.G



SANTHOSH KUMAR K.R

IIP.G



REJI KUMAR P.R

# അധ:പതിക്കുന്ന കേരളത്തനിമ

കേരളത്തിന് ഇന്ന് തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഹരിനാമ കീർത്തനങ്ങളും രാമനാമ ജപങ്ങളും കൊണ്ട് മുഖരിതമായിരുന്ന പഴയ കേരളം ഇന്ന് പാശ്ചാത്യരീതികൾക്കും ഫാഷനുകൾക്കും മുൻപിൽ പകച്ചു നിൽക്കുന്ന രംഗമാണ് കാണുവാൻ സാധിക്കുന്നത്. ഇന്ത്യൻ ജനതയെ പൂർണ്ണമായും തൻെറ അടിമകളാക്കാൻ ശ്രമിച്ച ബ്രിട്ടീഷുകാരന് ഇവിടെ നിന്നും തോറ്റോടേണ്ടി വന്നു. എങ്കിലും മറ്റൊരുരീതിയിൽ അവൻ ഇന്ത്യയെ കീഴടക്കി. ഈ കീഴടക്കൽ അവൻ സാധിച്ചെടുത്തത് അവൻെറ വേഷവിധാനത്തിലൂടെയാണ്. അതേ! കേരളം ഇന്ന് അനുകരണശീലം വളർത്തിയെടുക്കുന്ന ഒരു കൊച്ച് കുട്ടിയുടെ അവസ്ഥയിലേക്ക് തരം താണിരിക്കുന്നു. കഴുത്തിൻെറ സ്വാതന്ത്ര്യത്തെ വിലക്കുന്ന ടൈയും കാലുകളെ ബന്ധനത്തിൽ ആക്കുന്ന സോക്സുമെല്ലാം ഇന്ന് സ്കൂളുകളിൽ അവിഭാജ്യഘടകങ്ങളായിതീർന്നിരിക്കുന്നു. യൂണിഫോമിൻെറ ഭാഗമായ ഇത് വേനൽ കാലത്ത് നിർബന്ധമാകുമ്പോൾ കുട്ടികളുടെ സ്ഥിതി പരിതാപകരംതന്നെ. അമ്മിഞ്ഞപ്പാലിൻെറ മാധുര്യം വിട്ടുമാറാത്ത കുരുന്നു ചുണ്ടുകളിൽ നിന്ന് ഇംഗ്ലീഷ് പദങ്ങൾ ഉതിർന്ന് വീഴുമ്പോൾ എത്ര അമ്മമാരാണ് അഭിമാനംകൊള്ളാറുള്ളത്.

ഒരു സംഭവം ഓർമ്മ വരികയാണ്. ഒരിക്കലൊരു ബസ്സിൽ യാത്ര ചെയ്യാൻ ഇടയായി. ഞാനിരിക്കുന്ന സീറ്റിന് പിറകിലുള്ള സീറ്റിൽ ഒരു പിഞ്ചു കുഞ്ഞ് അവൻെറ അമ്മയുടെ മടിത്തട്ടിൽ ഇരിക്കുകയാണ്. ആ സമയം ഒരു ആന റോഡിൻെറ വശം ചേർന്ന് വരുന്നുണ്ടായിരുന്നു. സ്വാഭാവികമായും നമ്മുടെ മനസ്സിൽ അപ്പോൾ ഓടിയെത്തുന്നത് "ഒരു ആന വരുന്നു" എന്നാണ്. ഞാൻ ചിന്തിച്ചതും ഈരീതിയിൽ തന്നെ പക്ഷെ ആ പിഞ്ചുകുഞ്ഞ് ആവേശത്തോടെ അവൻെറ അമ്മയോട് പറയുകയാണ്,

"ഹൗ മമ്മി.....ദാ എലിഫൻറ്." എന്ന്. അവൻെറമമ്മയതു കേട്ട് കോരിത്തരിച്ചിരിക്കുന്നു. ആനയെ കാണുമ്പോൾ ആനയാണ് എന്ന് മാതൃഭാഷയിൽപ്പോലും മനസ്സിലാക്കാൻ പ്രായമാകാത്ത കുഞ്ഞുങ്ങൾ ആനയെ കാണുമ്പോൾ "എലഫൻറ്." എന്ന് ചിന്തിക്കുന്ന രീതിയ്ക്ക് ഇന്ന് വ്യാപ്തി ഏറുകയാണ്. പൂക്കളും പൂമ്പാറ്റകളും കണ്ണുകൾക്ക് വിസ്മയമാകേണ്ട കുട്ടി പിറന്ന് വീഴുമ്പോൾതന്നെ കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷ് വാക്കുകളോടമൽപ്പിടുത്തം നടത്തുന്നതു കാണുമ്പോൾ മാതാക്കൾക്ക് ലജ്ജ തോന്നാത്തത് അത്ഭുതം തന്നെ. പിഞ്ചു കുഞ്ഞുങ്ങൾക്ക് പാവയെ വാങ്ങുന്ന മാതാപിതാക്കന്മാർ ഇന്നില്ല. പകരം ഏറ്റവും കൂടുതൽ ഇംഗ്ലീഷ്വാക്കുകൾ അടക്കം ചെയ്ത പുസ്തകങ്ങൾ വാങ്ങാൻ പരക്കം പായുന്നമാതാപിതാക്കൻമാരാണുള്ളത്.



പണ്ട് കേരളം നിഷ്കളങ്ക സൗന്ദര്യത്തിൻെറ നിറകുടമായിരുന്നു എന്ന് കേട്ടാൽ ഒരു കെട്ടുകഥപോലെ തോന്നിക്കും. കാരണം അനുകരണവും ഫാഷനും അത്ര അതിരു കടന്നിരിക്കുന്നു. പട്ടുപാവാടയും, ജാക്കറ്റും, തുളസി കതിരും അണിഞ്ഞ് നടന്നിരുന്ന മലയാളി മങ്കയിന്ന് ജീൻസും ഷർട്ടും ധരിച്ച് "മലയാളി മങ്കി" ആയി തീർന്നതിൽ അനുകരണത്തോടല്ലാതെ മറ്റാരോടാണ് പരിഭവം പറയുക. ഇതോ കേരളത്തനിമ! പണ്ട്കാലത്ത് സന്ധ്യാസമയങ്ങളിൽ ഉമ്മറത്ത്കാണാറുള്ള നിലവിളക്കും മുത്തശ്ശിയും പേരക്കിടാങ്ങളും പ്രാർത്ഥനാനാമങ്ങളെല്ലാം ടിവിയുടെ സഹായത്താൽ ഇന്ന് തുരത്തിയപ്പെട്ടിരിക്കുന്നു.

മനുഷ്യബന്ധത്തിൻെറ ഉരുക്കുകണ്ണികളെ പൊട്ടിച്ചെറിയാൻ നല്ലൊരു പങ്കു വഹിക്കുന്ന ഈ വിഢ്ഢിപ്പെട്ടി ലോകത്തെ തൻെറ കരവലയത്തിലൊതുക്കികഴിഞ്ഞു. ഇതിൻെറ പിടി മുറുകുമ്പോൾ സർവ്വനാശം തന്നെ സംഭവിക്കാം. എഴുത്തച്ഛൻ പറഞ്ഞിരിക്കുന്നത് എത്രയോ ശരി:-

*"ചക്ഷു: ശ്രവണ ഗളസ്ഥമാം ദർദ്ദുരം*
*ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ*
*കാലാഹിനാപരിഗ്രസ്തമാം ലോകവും*
*ആലോലചേതസ്സാ ഭോഗങ്ങൾ തേടുന്നു"*

അന്യനിമിഷത്തിലും സുഖഭോഗങ്ങൾക്കുപിന്നാലെ പായുന്ന മനുഷ്യനെ ഉപദേശിക്കുന്ന എഴുത്തച്ഛൻ ഇന്നത്തെ ജനത്തിനു മുൻപിൽ വിഢ്ഢിയായി തീർന്നിരിക്കുന്നു. നാശത്തിൻെറ ലക്ഷണമായ അഹന്തയാം മനുഷ്യകുലത്തെ മുഴുവൻ ബാധിച്ചു കഴിഞ്ഞു. വിനാശമുവാക്കുന്ന മനുഷ്യൻ തൻെറ വ്യക്തിത്വത്തെ കാറ്റിൽ പറത്തുന്ന സത്യം ഗ്രഹിക്കാൻ കഴിയാത്ത വിധം അന്ധനായിത്തീർന്നിരിക്കുന്നു. ഇത്രയധികമായി നമ്മെ ബാധിച്ച ഈ അനുകരണമെന്ന രോഗത്തിനും മരുന്നു കണ്ടുപിടിക്കാൻ ഒരു ശാസ്ത്രത്തിനും കഴിയുകയില്ല എന്നുള്ളതാണ് വാസ്തവം.

ബോബി മാത്യു
1 പി.ഡി.സി

# പണത്തിനു മേലെ പരുന്തും..





21-ാം നൂറ്റാണ്ടിലെ കുള്ളൻ കുതിച്ചു ചാട്ടം അതിനിടയിൽ നടക്കുന്ന ദുരിതങ്ങൾ എന്തെല്ലാമാണ്? പ്രപഞ്ചത്തിലെ എല്ലാ സുഖങ്ങളും സ്വന്തമാക്കി എന്നഭിമാനിക്കുന്ന മനുഷ്യൻ യഥാർത്ഥത്തിൽ എന്താണ് നേടിയത്? സ്നേഹവും, സന്തോഷവും, എന്തിന് പ്രകൃതിയുടെ എല്ലാ നന്മ കളും നാം ഇല്ലാതാക്കി യില്ലേ? മനുഷ്യൻ എന്നു പറയുന്നത് ഇന്ന് പണത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് ചരട് വലിക്കുന്നതിനുള്ള ഒരു പാവ മാത്രമായി മാറിയില്ലേ? ജീവനുള്ള ചലിക്കുന്ന വെറുമൊരു യന്ത്രം.

ജൻമസിദ്ധമായി, അല്ലെങ്കിൽ അനുഭവത്തിലൂടെയെങ്കിലും നമുക്കുണ്ടാകേണ്ടുന്ന ചിന്തിക്കാനും പ്രതികരിക്കാനുമുള്ള കഴിവ് എവിടെ? ഒന്നിനും വേണ്ടി നഷ്ടപ്പെടുത്താൻ നമുക്ക് സമയം ഇല്ലാതായിരിക്കുന്നു. സ്വന്തം സഹോദരൻ നടുറോഡിൽ മരിച്ചുകിടന്നാലും ഏതു രീതിയിലുള്ള അക്രമം നടന്നാലും അത് നോക്കിനിന്ന് രസിക്കുവാൻ മാത്രം നമ്മുടെ മനസ്സ് മരവിച്ചിരിക്കുന്നു. ജീവനു യാതൊരു വിലയും ഇല്ലാതായിരിക്കുന്നു. പണത്തിനു വേണ്ടി സഹോദരനെ കൊല്ലുന്ന കാലം വന്നിരിക്കുന്നു. ഇവിടെ മനുഷ്യത്വത്തിന് യാതൊരു വിലയുമില്ല.

നീതിപൂർവ്വം നമ്മെ സംരക്ഷിക്കേണ്ട നീതിപാലകരെവിടെ, മറ്റുദ്യോഗസ്ഥൻമാരെവിടെ. ? അവർ എന്താണിവിടെ ചെയ്യുന്നത്? ജനാധിപത്യം എന്നപേരിൽ പണാധിപത്യം അല്ലേ ഇവിടെ നടക്കുന്നത്? പണമാണ് എല്ലാവരെയും ഭരിക്കുന്നത്. 'പണം ഇല്ലാത്തവൻ പിണം' അതാണ് നമ്മുടെ ഇപ്പോഴത്തെ മുദ്രാവാക്യം.

മനുഷ്യരെ മാത്രമല്ല ദൈവങ്ങളെയും, മതങ്ങളെയും, വിറ്റു നാം കാശാക്കുന്നു. മനുഷ്യനിലും മൂല്യം മറ്റു പലതിനും നാം നൽകുന്നു. മതവും മതതത്വവും മാറി മാറി മനുഷ്യനെ മയക്കുന്നു. എന്തായാൽ പോലും ഇതിനുവേണ്ടി മനുഷ്യൻ പൊരുതുന്നു. എന്താണ് മതമെന്നോ, മതതത്വമെന്നോ തിരിച്ചറിയുന്നില്ല. മനുഷ്യനെ മനസ്സിലാക്കാൻ സാധിക്കാത്ത നമ്മളാണോ മതത്തിനുവേണ്ടി മരിക്കുന്നത്? ഭൂമിയെ തുണ്ടു കളാക്കി കാൽക്കീഴിൽ വച്ചിരിക്കുന്ന നമ്മളാണോ മതതത്വത്തിന് വേണ്ടി കടിപിടി കൂടുന്നത്? എല്ലാ മുൻകൂട്ടലുകളേയും മാറ്റി നിർത്തി നിഷ്പക്ഷമായി ഒന്നു ചിന്തിച്ചു നോക്കൂ! എന്തിനുവേണ്ടിയാണ് നാം ജീവിക്കുന്നത്? മതത്തിന് വേണ്ടിയോ? മതതത്വത്തിനുവേണ്ടിയോ? അതോ മനുഷ്യനുവേണ്ടിയോ?

ഇന്നു നിയമം പേനത്തുമ്പിലും പുസ്തകങ്ങളിലും മാത്രം നിലനിൽക്കുന്നു. അത് പ്രവൃത്തിപഥത്തിലെത്തുന്നില്ല. മനുഷ്യനുപയോഗപ്പെടുന്നതല്ല ഈ നിയമമെങ്കിൽ പിന്നെ അത് എന്തിനാണ്? ഒരുവൃക്തിക്ക് തന്റെ സ്വാർത്ഥ താത്പര്യങ്ങൾക്കുതകും വിധം മാറ്റം വരുത്തുവാനുള്ള ഒരു വസ്തുവാണോ നിയമം?

ഇന്ന് നീതി ലഭിക്കേണ്ടവന് ലഭിക്കുന്നുണ്ടോ?

''എത്ര കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്.'' എന്നത് ''എത്ര കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധിപോലും രക്ഷപെടരുത്'' എന്ന നിലയിലല്ലേ ഇന്നത്തെ നമ്മുടെ പോക്ക്?

പണക്കാരന് വീണ്ടും പണക്കാരനാകാനുതകും വിധത്തിലുള്ള സംവിധാനം നമ്മുടെ നാട്ടിലുണ്ട്. എന്നാൽ അന്നന്നപ്പട്ടിണിക്കാരന് ഒരു നേരത്തെ ആഹാരം കൊടുക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? കേറിക്കിടക്കാൻ ഒരു മാടം പോലുമില്ലാത്ത എത്രയോ പട്ടിണി പാവങ്ങൾ നിരത്തിലൂടെ തെണ്ടിനടന്ന് അന്തിയാകുമ്പോൾ തല ചായ്ക്കാനൊരു ഇടം ഇല്ലാതെ കടത്തിണ്ണകളിൽ അഭയം

# പട്ടുസാരികൾക്ക്



കല്യാണസാരികൾ.

മററ് എല്ലായിനം സാരിത്തരങ്ങൾ.

റെഡിമെയ്ഡ് വസ്ത്രങ്ങൾ, ചുരിദാർ,

നൈററി എന്നിവയും.

# ഐശ്വര്യ

## പാലാ, ചെങ്ങന്നൂർ



പ്രാപിക്കുന്നു. ഒരു നേരത്തെ ആഹാരത്തിന് വേണ്ടി സ്വന്തം ശരീരം അന്യന് വിറ്റു വിശപ്പടക്കുന്ന എത്രയോ സ്ത്രീകളുണ്ട് നമ്മുടെ നാട്ടിൽ 'വ്യഭിചാരിണികൾ'' എന്ന പേരും നാം അവർക്ക് നൽകിയിരിക്കുന്നു. എന്തിനവർ ഇങ്ങനെ ആയി എന്ന് നമ്മൾ അന്വേഷിച്ചിട്ടുണ്ടോ? എത്രയോ കുട്ടികൾ ഉറ്റവരും ഉടയവരും ഇല്ലാതെ അനാഥരായി നമ്മുടെ മുമ്പിലൂടെ നടക്കുന്നു. കൂട്ടുകാരോടൊത്തു തുള്ളിച്ചാടി സ്കൂളിൽ പോകേണ്ട പ്രായത്തിൽ ഒരു കുടുംബത്തിന്റെ ഭാരം മുഴുവൻ താങ്ങി പകലന്തിയോളം തുച്ഛമായ കൂലിക്കു വേണ്ടി മുതലാളിയുടെ അടിയും തൊഴിയും വാങ്ങി പകലന്തിയോളം കൂലിവേല ചെയ്യുന്ന എത്രയോ കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്? ഇവർക്കെല്ലാം വേണ്ടി നാം എന്ത് ചെയ്യുന്നു. പോഷകാഹാരക്കുറവു മൂലം എത്രയോ കുഞ്ഞുങ്ങൾ ഇവിടെ മരിച്ച് വീഴുന്നു. സ്ത്രീധനം എന്ന പിശാചിന് എത്രയോ സ്ത്രീകൾ ഇരയാകുന്നു?

എന്താണിതിന് കാരണം?.

'' പതിനാലു വയസ്സിനു താഴെയുള്ള കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കുന്നത് കുറ്റകരമാണ്'' എന്നൊരു പ്രസ്താവന അടിച്ചിറക്കിയാൽ 'യാചകരെ നിരോധിച്ചിരിക്കുന്നു'. എന്നൊരു ബോർഡ് എഴുതി വെച്ചാൽ എല്ലാം ആയി എന്നാണോ? ഇങ്ങനെയുള്ള പ്രസ്താവനകളും പ്രബന്ധങ്ങളും അടിച്ചിറക്കാനല്ലാതെ അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ നമുക്കു സാധിച്ചിട്ടുണ്ടോ? പാവപ്പെട്ടവന് കൊടുക്കുവാനും വ്യവസായം ചെയ്യുവാനും സഹായം ചെയ്യുന്നു എന്ന് പറഞ്ഞിട്ട് അത് അർഹതപ്പെട്ടവന് ലഭിക്കുന്നുണ്ടോ? അവയിന്നും കാര്യശേഷിയുള്ളവന് മാത്രം ചെന്നെത്താൻ കഴിയുന്ന മേഖലകളല്ലേ? ഇങ്ങനെയുള്ള നമ്മുടെ പ്രസ്ഥാവനകൾക്ക് എന്ത് വിലയാണുള്ളത്?



അർഹതപ്പെട്ടവന് ലഭിക്കുന്നുണ്ടോ? അവയിന്നും കാര്യശേഷിയുള്ളവന് മാത്രം ചെന്നെത്താൻ കഴിയുന്ന മേഖലകളല്ലേ? ഇങ്ങനെയുള്ള നമ്മുടെ

പ്രസ്ഥാവനകൾക്ക് എന്ത് വിലയാണുള്ളത്

മദ്യനിരോധനത്തിന്റേയും പുകവലി നിരോധനത്തിന്റേയും ഭാഗമായി '' പുകവലി ആരോഗ്യത്തിന് ഹാനികരം '' അല്ലെങ്കിൽ '' മദ്യപാനം ആരോഗ്യത്തിന് ഹാനികരം'' എന്നൊരു മുന്നറിയിപ്പ് കൊണ്ട് എന്ത് ഫലമാണുള്ളത്. അതുകൊണ്ട് നമ്മുടെ ഉപഭോക്താക്കൾ അത് ഉപയോഗിക്കാതിരിക്കുന്നുണ്ടോ? അപ്പോൾ ഈ മുന്നറിയിപ്പ് സഹായപത്രവും എല്ലാം വെറും പ്രഹസനം മാത്രം എന്നല്ലേ മനസ്സിലാക്കാൻ സാധിക്കുക. മദ്യവും മയക്കുമരുന്നും എത്രയോ കുടുംബങ്ങളെ അനാഥമാക്കുന്നു. ഈ ദാരുണവസ്ഥയിൽ ഒരു പങ്കുമില്ല എന്നു പറയുവാൻ നമുക്കാകുമോ? നാം മൗനാനുവാദം നൽകിയിട്ടല്ലേ പ്രശ്നങ്ങൾ ഇത്ര സങ്കീർണ്ണമാകുന്നത്? എല്ലാം കഴിഞ്ഞതിനുശേഷം അനുശോചനവും രേഖപ്പെടുത്തി അൽപം പോക്കറ്റ് മണിയും നൽകിയാൽ പിന്നെ എല്ലാം അവസാനിച്ചു. ഇതാണോ നമ്മൾ ആഗ്രഹിക്കുന്ന നമ്മുടെ ജീവിതം ? ഇതിന് വേണ്ടിയാണോ നാം കഷ്ടപ്പെടുന്നത് ? ഈ ദുസ്ഥിതി മാറേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ആവശ്യമല്ലേ?.

വിശക്കുന്നവന് ഒരു നേരത്തെ ആഹാരം കൊടുക്കാൻ കഴിവില്ലാത്ത ഒന്നാണ് നാം ആദരിക്കുന്ന മതമെങ്കിൽ നാം എന്തിന് വേണ്ടി അത് നിലനിർത്തുന്നു. അർഹതപ്പെട്ടവന് ഉപകരിക്കുന്നതല്ല നിയമമെങ്കിൽ അത് പിന്നെ നമുക്കെന്തിന് ? ജനനൻമക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒന്നല്ല നമ്മുടെ ഭരണമെങ്കിൽ പിന്നെന്തിന് വേണ്ടി നാം അതിനെ മുറുകെപ്പിടിക്കുന്നു.

''ഇന്നലെകളുടെ പ്രേതങ്ങളെ നാം
പിൻ തുടരാതിരിക്കൂ!
ഒരു നല്ല നാളേക്കു വേണ്ടി യത്നിക്കൂ''

സീന K.S
II DC. Eng.

# ഹർഷദ് മുതൽ ഹവാല വരെ



''ഒരു നുണ നൂറ് പ്രാവശ്യം പറയുക - അതുതാനേ സത്യമായി കൊള്ളും''-ഇത് ഗീബൽസിൻെറ തന്ത്രം ഈ വാക്കുകൾ അന്വർത്ഥമാക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഒരു വലിയ ജനസമൂഹമുണ്ട് രാഷ്ട്രീയ നേതാക്കൻമാർ രാഷ്ട്രീയത്തിൽ ഇന്നലെകൾക്കും നാളെ കൾക്കുംപ്രസക്തിയില്ല -ഇന്നുകൾക്കുമാത്ര മാണ്പ്രാധാന്യം

**ആധിപത്യത്തിനു വഴിമാറുന്ന ജനാധിപത്യം:-**

ജനങ്ങളുടെ മേലുള്ള ജനങ്ങളുടെ ആധിപത്യം- ഒറ്റവാക്കിൽ ജനാധിപത്യം. സമതിരാനാവകാശവിനി യോഗത്തിലൂടെ എന്നും സ്വയം വഞ്ചിത രാകുന്ന പാവം ജനങ്ങളോട് ചോദിക്കുക. അവർ പറയും, ജനങ്ങളുടെ മേലുള്ള സ്വേച്ഛാധിപത്യം-അതാണ് ജനാധിപത്യം ലോകം കണ്ട മഹദ്‌വ്യക്തികളിൽ പലരും പറഞ്ഞ്‌വച്ച-സ്തുതി പാടിയ-ആ സുന്ദര മായ, സ്വസ്ഥമായ, ജനാധിപത്യമിന്ന് ജനങ്ങൾക്ക് മരീചികയാണോ? അതേ എന്നാണ് ഉത്തരമെങ്കിൽ ചോദ്യാവലി ഒടുങ്ങുന്നില്ല, തുടങ്ങുന്നതേയുള്ളു.

ഒരു മുത്തശ്ശിക്കഥ കേട്ടിട്ടുണ്ട് -കുഞ്ഞാറ്റക്കിളികളെ പറ്റിച്ച കറുമ്പൻ കാക്കയുടെ കഥ. അമ്മക്കിളി എവിടെ നിന്നോ കൊണ്ടുവന്നു തന്നിട്ടുപോയ അപ്പക്കഷണം വീതിച്ചെടുക്കാൻ പാവം കിളികൾ വട്ടം കൂടുമ്പോഴാണ് കറുമ്പൻ കാക്കയുടെ വരവ്. പിരിച്ചുകൊണ്ടെടുത്തു വന്ന് കറുമ്പൻ പറഞ്ഞു ''മക്കളേ ശണ്ഠ കൂടണ്ട,ഞാൻ വീതിച്ചുതരാം''.കാക്കയെ വിശ്വസിച്ച്, അപ്പക്കഷണം വീതിക്കാൻ കൊടുത്ത പാവം കിളികൾ, കാക്കയുടെ വിശപ്പടങ്ങുന്നത് ആർത്തിയോടെ അതി ലേറെ അരിശത്തോടെ നോക്കിനിൽ ക്കേണ്ടിവന്ന കഥ.

കറുമ്പൻ കാക്കകളാണ് ഇന്ന് ഇൻഡ്യൻ രാഷ്ട്രീയം നിറയെ-.........

അധികാരത്തിൻെറ അപ്പക്കഷണം ആർത്തിയോടെ കൊത്തി-പറന്ന കലുന്ന കാക്കകളെ നോക്കി വായിൽ വെള്ളമൂറി നിൽക്കുന്ന കിളികളായി മാറുകയാണ് ഇന്ന് ജനം. ഇത് ഇന്നിൻെറ മുഖമാണ്.

പന്തയക്കളിയായി പരിണമിക്കുന്ന രാഷ്ട്രീയത്തിൻെറ മുഖം.

''രാഷ്ട്രീയം തെമ്മാടികളുടെ അവസാനത്തെ അഭയകേന്ദ്രമാണ്''.

(ബർണാഡ്ഷായുടെ വാക്കുകൾ)

ധർമ്മയുദ്ധം നടന്ന ഭാരതമണ്ണിൽ ഇന്ന് ധർമ്മത്തിൻെറ അവതാരമായ ധർമ്മ പുത്രരില്ല,ധിഷണാ കേന്ദ്രമായ വിദുരരില്ല. കർമ്മധീരനായ കർണ്ണനില്ല. ഇന്നുള്ളത് ശകുനികളാണ്, രാഷ്ട്രീയചൂതാട്ടത്തിൽ ആരെയും അട്ടിമറിക്കുന്ന പതിയൻ ശകുനിമാർ മാത്രം.

രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയം കാല ഘട്ടത്തിൻെറ അനിവാര്യതയാണ്, ഒരു രാഷ്ട്രത്തിൻെറ പൊതുതാൽപര്യസംരക്ഷ ണത്തിനായി മറ്റൊരുമയോടെ പൊരു തുന്ന പ്രവർത്തനമേഖലയാണ് രാഷ്ട്രീയം. ഗാന്ധിജിയും നെഹ്രുവും ഇൻഡ്യൻ രാഷ്ട്രീയത്തിലെ എന്നും തിളങ്ങുന്ന കണ്ണികൾ, അഴിമതിയും അധാർമ്മി കതയും എല്ലാം പുച്ഛിച്ചുതള്ളിയ യഥാർത്ഥ രാഷ്ട്രീയം-ഇത് നാലഞ്ചു ദശകങ്ങൾക്കു മുമ്പുള്ള കഥ - കാലം മാറി, കഥയും മാറി. രാഷ്ട്രീയമേധാശക്തി കുറെ കുബുദ്ധി കൾക്കു വഴിമാറി. പൊതു താൽപര്യങ്ങൾ ബലിയാടാക്കിയും സ്വന്തം അധികാര കസേരകൾ ഭദ്രമായി നിലനിർത്താൻ പരക്കംപായുന്ന രാഷ്ട്രീയ പാർട്ടികൾ. രാ ഷ്ട്രീയം രോഗഗ്രസ്തമായിരിക്കുന്നു ശുദ്ധരാഷ്ട്രീയം ഈ നിലയിലേക്ക് താണതിനുത്തരവാദികൾ എണ്ണി യാലൊടുങ്ങാത്ത രാഷ്ട്രീയ പാർട്ടികൾ തന്നെ.

ഇന്നത്തെ രാഷ്ട്രീയാധഃപതനത്തിന് പ്രധാനമായി രണ്ടുകാരണങ്ങൾ ഉണ്ട്

1.രാഷ്ട്രീയത്തിലെ കുറ്റവത്ക്കരണം.

2. മത വത്ക്കരണം.

**1. രാഷ്ട്രീയ കുറ്റ വത്ക്കരണം (Criminalisation of Politics)**

ഭാരതത്തിലെ ഏറ്റവും വലിയ കുറ്റവാളികളെ കാണാൻ കാരാഗൃഹങ്ങൾ തിരയുന്നത് ശുദ്ധ മോഷ്ക്കുത്തരം. ഇന്ദ്രപ്രസ്ഥത്തിലെ ഇടനാഴികളിൽ അണികളുടെ ആർപ്പ് വിളികൾക്കിട യിലൂടെ, ശിരസ്സ് ഉയർത്തി, നെഞ്ചുവിരിച്ച് തിരക്കിൻെറ പര്യായങ്ങളായി പാഞ്ഞു നടക്കുന്ന നേതാക്കൻമാരുടെ മുമ്പിലെ

ണ്ടും.

ഭാരതജനതയെ അടിച്ചമർത്തി ഭരിച്ച ബ്രിട്ടീഷ് കാരേക്കാൾ നാം ഇന്നിവരെ ഭയപ്പെടേണ്ടതുണ്ട്. കാരണം, നമ്മൾ പിടിച്ചാൽ ജന്മഭൂമിയെ പണയംവയ്ക്കാൻ വിദേശശക്തികൾക്കവർ മടിക്കില്ല. കോടികളുടെ വെട്ടിപ്പിലൂടെ കോടീശ്വരനായി മാറിയ ഇന്നും തലയുയർത്തി നടക്കുന്ന കാളക്കുട്ടൻ ഹർഷദ് മേത്തയുടെ പരമ്പരയിലെ ഒരു കണ്ണിമാത്രം. തന്തൂരി അടുപ്പിലെ ''ധീരകൃത്യ''ത്തിലൂടെ അറിയപ്പെടുന്ന സുശീൽ ശർമ, രാഷ്ട്രീയത്തിലെ ദൈവം ചന്ദ്രസ്വാമി- അങ്ങനെ പോകുന്നു - മധ്യപ്രദേശിലെ ഹവാലയും (ഇവരൊക്കെ നാളത്തെ മന്ത്രിമാരായിരിക്കും). പട്ടിണിയുടെ പ്രതീകമായി ഒട്ടിയ വയറുമായി അലഞ്ഞു തിരിയുമ്പോഴും കോടികളുടെ തട്ടിപ്പ് നടത്തി വിലസുകയാണ് മേലാളന്മാർ എന്തേ ഇവരൊക്കെ ഇങ്ങനെയായി ? രാഷ്ട്രീയമിന്ന് വ്യവസായ പ്രമുഖരുടെ വിളനിലമാണ്. ലക്ഷങ്ങൾ മുതൽ മുടക്കി രാഷ്ട്രീയരംഗത്ത്, ഉന്നതങ്ങളിലെത്തിപ്പെടുമ്പോൾ മുടക്കുമുതൽ കോടികളായി വെട്ടിപ്പിടിക്കാൻ അവൻ ശ്രമിക്കും. എത്രവേണമെങ്കിലും നല്കിസഹായിക്കാൻ കുത്തക മുതലാളിമാരുണ്ട്. തീർച്ചയായും അവരും കൊയ്യും വൻലാഭം. പുരോഗതിയിൽ രാഷ്ട്രീയമിന്ന് ഒരു ബിസിനസ്സായി മാറിക്കഴിഞ്ഞു. കോടികളുടെ കണക്കുകൾ മാത്രം പറയുന്ന കച്ചവടസ്ഥലം.




**2. മത വത്ക്കരണം.**

എന്താണ് മതം എന്ന ചോദ്യത്തിന് ഉത്തരങ്ങൾ പലവഴി. എന്തായാലും ഒന്നുണ്ട്- അത് മനുഷ്യന്റെ ആത്മീയതയെ മതം ലക്ഷ്യം വയ്ക്കുന്നു. ഭൗതികതയെ, തള്ളിപ്പറയുന്ന ഈ മതങ്ങൾക്ക് രാഷ്ട്രീയത്തിലെന്തുകാര്യം? ഉത്തരം പറയേണ്ടത് മതനേതാക്കളല്ല, രാഷ്ട്രീയ നേതാക്കളാണ്. മതത്തിന്റെ പേരു പറഞ്ഞ് ജനങ്ങളെ തമ്മിലകറ്റി, സ്വന്തം നിലനില്പ് ഭദ്രമാക്കണം. അതിന് അവർ മതനേതാക്കളെ കൂട്ടുപിടിക്കുന്നു. ഇതും മതേതരത്വത്തിന്റെ ഭാഗമാണോ? ഒരു മതവും രാഷ്ട്രത്തിന് വേണ്ടില്ല. മനുഷ്യനു വേണ്ടിയാണ്. അത് മനുഷ്യനെ നന്നാക്കട്ടെ. രാഷ്ട്രീയം അതിന്റെ വഴിയ്ക്കും നീങ്ങട്ടെ. മതവും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുന്നത് എന്നും വിനാശത്തിനു ഹേതുവാകും.

**ഇനി എന്ത്?**

ഇത് ഒരു പരമക്കുറിപ്പാകുന്നില്ല. തികഞ്ഞ പ്രത്യാശയാണ് ഇപ്പോഴും നില നിൽക്കുന്നത്. ശോഭനമായ ഒരു രാഷ്ട്രീയപ്രയാണത്തിന് ശ്രദ്ധയുള്ള നേതാക്കൾമാർ ആവശ്യമാണ്. അതിനായി നേതൃത്വശേഷിയുള്ള ഒരു തലമുറയെ സൃഷ്ടിക്കണം. ഇത് തുടങ്ങേണ്ടത് വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെയാണ്. വിദ്യാലയങ്ങളിലെയും കലാലയങ്ങളിലെയും കലാപ രാഷ്ട്രീയം പാടെ പറിച്ചെറിയുവാൻ ചങ്കൂറ്റം കാണിക്കണം, അവയെല്ലാം നിലവിലുള്ള വ്യവസ്ഥിതിയുടെ അന്ധമായ അനുകരണങ്ങളാണ്.

വിദ്യാർത്ഥികളിൽ രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമല്ല ഉണ്ടാവേണ്ടത്, രാഷ്ട്രത്തിന്റെ സ്വാധീനമാണ്. രാഷ്ട്രീയ പാർട്ടികളുടെ ലക്ഷ്യം അധികാരമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യം ജനക്ഷേമവും. പാർട്ടികൾക്ക് അതീതമായ രാഷ്ട്രത്തെ പറ്റി ചിന്തിക്കാനുതകുന്ന ഒരു സമ്പ്രദായം വിദ്യാഭ്യാസതലത്തിൽ തന്നെ ഉദയം ചെയ്യണം. രാഷ്ട്രീയസംഹിതയെയും രാഷ്ട്ര പ്രശ്നങ്ങളെയും പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്ന രീതിയിൽ സെമിനാറുകൾ സംഘടിപ്പിക്കുവാൻ വിദ്യാലയങ്ങളിലും കലാലയങ്ങളിലും സാധിക്കണം. കക്ഷി രാഷ്ട്രീയ ബോധം കുത്തിവയ്ക്കുന്ന ആധുനികപ്രവണത ഒഴിവാക്കണം.

ഓർക്കുക, അധികാരം നാം നൽകുന്നതാണ്. ആ അധികാരം ഉപയോഗിക്കപ്പെടുന്നത് നമ്മുടെ മേലാണ്. നമ്മുടെ മേൽ പ്രയോഗിക്കപ്പെടാനുള്ള അധികാരം അർഹമായ കരങ്ങളിലേയ്ക്ക് കൈമാറാൻ വ്യക്തമായ രാഷ്ട്രീയജ്ഞാനം ആവശ്യമാണ്. കക്ഷിരാഷ്ട്രീയം ഇതിന് വിഘ്നമായി നിൽക്കും. നമ്മുടെ നേതാക്കളുടെ പ്രവർത്തനങ്ങളെപ്പറ്റി അറിയാൻ നാം ബാധ്യസ്ഥരാണ്. ജനത്തെ വിഡ്ഢികളാക്കി കൊണ്ടിരിക്കുന്നത് അവസാനിപ്പിക്കേണ്ടത് ജനം തന്നെയാണ്. അതിന് ആവശ്യം രാഷ്ട്രീയ പ്രബുദ്ധതയാണ്. പ്രബുദ്ധമായ തലമുറയെ സൃഷ്ടിക്കുവാൻ ലക്ഷ്യബോധമുള്ള വിദ്യാഭ്യാസം ആവശ്യമാണ്.

കാത്തിരിയ്ക്കാം - ഒരു നല്ല നാളേക്കായി

JOSEPH JHON
III DC Zoology



# കാലത്തിനും ഭ്രഷ്ട് വന്നുവോ?

നീശുദ്ധവനങ്ങളിൽ പന്തലിച്ചുവൃക്ഷച്ചുവട്ടിൽ മന്ത്രമുരുവിട്ട് ദിനരാത്രങ്ങൾ ഈശ്വരചിന്തയിൽ കഴിച്ചുകൂട്ടിയ തപോമുനികൾ. ഏത് അതിഥിക്കും-പണ്ഡിതനോ പാമരനോ ആവട്ടെ, സമ്പന്നനോ ദരിദ്രനോ ആവട്ടെ, ഹൈന്ദവനോ സിക്കുകാരനോ ആവട്ടെ-- തുറന്ന മനസ്സോടെ ആതിഥ്യം അരുളുന്ന ജനങ്ങൾ. 'ബോധി'മരത്തിന്റെ ചുവട്ടിൽ നിന്നും 'ബോധം' ഉൾക്കൊണ്ട ശ്രീബുദ്ധന്റെ നാട്. പുകൾപെറ്റ ഇതിഹാസങ്ങളായ രാമായണവും, മഹാഭാരതവും ജന്മം കൊണ്ട സ്ഥലം. മന്ത്രോച്ചാരണങ്ങളും സ്തോത്രഗീതങ്ങളും നിറഞ്ഞു " നിൽക്കുന്ന അന്തരീക്ഷം. നെറ്റിയിലെ വിയർപ്പ് കൊണ്ട് അപ്പം ഭക്ഷിക്കുന്ന മനുഷ്യർ. പർണ്ണശാലയും,ഗുരുദേവനും, ദാഹിയുടെ ദാഹത്തോടെ വിദ്യനേടുന്ന ശിഷ്യഗണവും. മല പോലുറപ്പുള്ള കുടുംബ ബന്ധങ്ങൾ. തനതായ സംസ്ക്കാരം.ധാർമ്മികതയിൽ അടിയുറച്ച ഭരണവ്യവസ്ഥിതി . പണത്തെക്കാൾ മൂല്യങ്ങൾക്ക്വിലകല്പിക്കുന്നതിനേക്കാൾകൊടുക്കുന്നതിൽ താൽപ്പര്യം. ഒരു 'ലോബിക്കും' കീഴ്പ്പെടുത്താനാവാത്ത നിയമവും നിയമപാലകരും......ഇവയെല്ലാം ഒരിക്കൽ നമ്മുടെ സ്വന്തമായിരുന്നു. ഭാരതമെന്ന നാമത്തിൽ ശോഭിച്ചു നിന്ന സത്യങ്ങൾ.

അന്നാളുകളിൽ ഭാരതമെന്നു കേട്ടാൽ ഏതൊരു ഭാരതീയന്റെയും അന്തരംഗം അഭിമാനപൂരിതമാകുമായിരുന്നു. പക്ഷേ കാലത്തിന്റെ കുത്തൊഴുക്കിൽ ഇവയെല്ലാം നമുക്കിന്ന് അന്യമായി. ശക്തമായ മലവെള്ളപാച്ചിലിൽ എല്ലാം നഷ്ടപ്പെട്ടപോലെ ചില വ്യതിയാനങ്ങൾതിന്മകൾ നമ്മുടെ 'ആർഷഭാരതസംസ്ക്കാര'ത്തെ കാറ്റിൽ പറത്തി.

അന്ന് ഭാരതീയർ നോക്കിയത് നമ്മുടെ രാജ്യത്തിലേക്ക് തന്നെയായിരുന്നു. അപ്പോൾ അവർ കണ്ടതോ സഹജരെ, സഹോദരങ്ങളെ, ഭാരതീയരെ. പിന്നെയെന്നോ നാം പടിഞ്ഞാറോട്ട് നോക്കാൻ തുടങ്ങി . പടിഞ്ഞാറോട്ട് തിരിച്ച കഴുത്ത് ഇന്നുംനാം നേരെ തിരിച്ചിട്ടില്ല . അതിനി ഉടനെയെങ്ങും നേരെ തിരിയുകയുമില്ലെന്ന് പൊതുവെ പറയുന്നു. ബ്രിട്ടീഷു ഭരണം അല്പ്പ സ്വൽപ്പം നേട്ടങ്ങളുണ്ടാക്കിയെങ്കിലും കോട്ടങ്ങളുടെ



പട്ടികയ്ക്കും നീളമേറെ. അതിലൊന്നായിരുന്നു സാംസ്കാരിക അധഃപതനം.

പണ്ടുള്ള കുട്ടികളൊക്കെ കമ്പ്യൂട്ടറും ടി.വി.യും കണ്ടിട്ടില്ലായിരുന്നെങ്കിലും അയൽക്കാരെ കണ്ടിട്ടുള്ളവരായിരുന്നു. ഇന്നത്തെ കുട്ടികളോട് അയല്ക്കാരനെപ്പറ്റി തിരക്കിയാൽ കായേൻ ദൈവത്തോട് ചോദിച്ച ചോദ്യം തിരിച്ചു ചോദിക്കും. അന്നവർ മുത്തശ്ശിക്കഥയിലെ ഗുണപാഠം ഉരുവിട്ടിരുന്നു എങ്കിൽ ഇന്നുള്ള കുട്ടികളുടെ ചുണ്ടിൽ വിരിയുന്നത് മുക്കാലയും മുക്കാബുലയും.

പരോപകാര പ്രവർത്തിയിലും കഠിനാധ്വാനത്തിലും യുവതീ യുവാക്കൾ ജീവിതം നയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മാതാപിതാക്കളുടെ ശിക്ഷണവും, നിയന്ത്രണവും അവർക്ക് അധികപ്പറ്റായിരുന്നു എന്ന് എങ്ങും പറഞ്ഞ് കേട്ടിട്ടില്ല. ഇന്ന് രണ്ട് കാലിൽ നിവർന്ന് നിൽക്കാൻ തുടങ്ങിയാൽ പിന്നെ അപ്പനും അമ്മയും ഔട്ട്. ഇൻഡ്യൻ അപ്പാച്ചിയും സിൽക്ക് സ്മിതയും, മൈക്കിൾ ജാക്സനും ഒന്നും അന്നില്ലായിരുന്നു എങ്കിലും അന്നത്തെ യുവജനങ്ങളുടെ ജീവിതം നിരാശപൂരിതമായിരുന്നില്ല. ഇന്നത്തെ തലമുറയേക്കാൾ സന്തുഷ്ടമായിരുന്നു അവർ.

രണ്ട് പേജ് നീളമുള്ള വലിയ വാലുള്ള ഡിഗ്രിയൊന്നും അന്ന് പേരിൻെറപുറകേ സാധാരണമായിരുന്നില്ല. എങ്കിലും ഈ കാലഘട്ടത്തിലെ 'ബുദ്ധിജീവികളെക്കാൾ ഒട്ടും പിമ്പിലല്ലായിരുന്നതേ അവർ. അന്ന തലമുറയ്ക്ക് അറിവില്ലായിരുന്ന ശാസ്ത്രങ്ങളും, ശാസ്ത്രത്തിൻെറ ശാഖാ വിഭാഗങ്ങളും 'ഇല്ലതന്നെ. പുതിയ ശാസ്ത്ര കണ്ടുപിടുത്തങ്ങൾ അയൽ രാജ്യത്തിന് ചോർത്തി കൊടുക്കുന്ന ചാരൻമാർ ഉണ്ടായിരുന്നതായും അറിവില്ല. അറിവുള്ളവനും അദ്ധ്വാനിച്ചു ജീവിച്ചു. എങ്കിലിന്നോ? സ്വന്തം പേര് എഴുതാൻ -(ഒന്നോ രണ്ടോ തെറ്റ് മാത്രം തിരുത്തി)പഠിച്ചാൽ വെള്ള കോളർ ജോലിയേ പിടിക്കൂ. അന്നത്തെ പെൺകുട്ടികളെയൊന്നും വീട്ടിൽനിർത്തി ഇത്രകണ്ട് ലേലം വിളിച്ചിരുന്നില്ല. ഒരു ലക്ഷത്തിൽ തുടങ്ങി അവസാനം ആറോ ഏഴോ ലക്ഷത്തിൽ കച്ചവടം ഉറപ്പിച്ച് 'വിജയശ്രീലാളിതരായി' ഇറങ്ങിവരുന്ന ബ്രോക്കർമാരെ അന്നത്തെ പെൺകുട്ടികൾ കണ്ടിരുന്നു എങ്കിൽ എന്ത് പറയുമായിരുന്നു എന്ന് കണ്ടറിയണം.

ലക്ഷങ്ങളുടെ അടിത്തറയിൽ സ്വർണ്ണവും മാരുതിയും ഇട്ടുറപ്പിച്ച് കെട്ടിപ്പടുക്കുന്ന ബന്ധങ്ങൾ പിന്നെയെന്തേ ബന്ധനങ്ങളാകുന്നു എന്നും ഈ ബന്ധനങ്ങൾ ഇത്ര പെട്ടന്നു തന്നെ പൊട്ടിപിളർക്കുന്നതെന്തേ എന്നും സംശയം. സിമൻറിൻെറ മോശമോ? അതോ പണിതവരുടെ കഴിവുകേടോ? ഇവ രണ്ടുമല്ല, അന്തേവാസികളുടെ മല്ലും, തല്ലും, തല്ലുമാണ് കാരണമെന്ന് രഹസ്യമായ പരസ്യം. കുറെ കാലം മുമ്പായിരുന്നു എങ്കിൽ അല്പമൊന്നിളകിയാലും ആടിയാലും താങ്ങി നേരെ നിർത്താൻ പത്ത് പന്ത്രണ്ട് മക്കളെങ്കിലും കാണും. ഇന്ന് ഒന്ന് തികച്ചില്ലെയുള്ളൂ? ഒന്നരയുണ്ടെങ്കിൽ അത് മഹാത്ഭുതം!

വീടിൻെറ ഉമ്മറത്ത് ചാരുകസേരയിൽ കസേര നിറയെ ഇരിക്കുന്ന കാരണവർ അദ്ദേഹത്തിൻെറ കൈയ്യിൽ മുറുക്കാൻ വച്ച് കൊടുക്കുന്ന കാരണവത്തി. ഇന്നുവരെ കാണാനുണ്ടോ ? മക്കൾ തല്ലി കൊന്നതോ അതോ സ്വയം ജീവനൊടുക്കിയതോ? ഇതിനെ രണ്ടും അതിജീവിക്കുന്നവർ വൃദ്ധമന്ദിരത്തിലും. അച്ഛനും അമ്മയും ഡാഡിയ്ക്കും മമ്മിയ്ക്കും സ്ഥലം മാറി കൊടുത്തപ്പോൾ മക്കൾ അവരെ പരുവത്തിലാക്കി 'പിരമിഡിൽ' പായ്ക്ക് ചെയ്യുന്നതിൽ എന്തതിശയം. ഫോണും, കാറും സൗകര്യങ്ങളും ഇത്രയും ഇല്ലാതിരുന്ന കാലത്തായിരുന്നു ഇതിലും മനുഷ്യബന്ധത്തിനാക്കം. ഇടയ്ക്കിടയ്ക്ക് ഗ്ലാസും കോളുമായി വായിലേക്കു തന്നെ കയറി വരുന്ന കൊക്കോ കോളയാണോ പാറക്കെട്ടിലെ ശുദ്ധജലമായിരുന്നോ മെച്ചം എന്ന് ചിന്തിക്കാൻ പോലും ആരും മിനക്കെടുന്നില്ല. കറങ്ങുന്ന ഭൂമിയേക്കാൾ വേഗത്തിൽ കറങ്ങണം എന്ന് ശഠിക്കുന്നവർക്ക് ഇതിനെവിടെ ഇരിക്കുന്നു നേരം. ഒരു കാര്യം സമ്മതിക്കാതെ വയ്യ. ഇന്ന് ഞാൻ കൂടുതൽ ഞാനാകുന്നു. സമൂഹം കൂടുതൽ അന്ധമാവുന്നു.



ഏതായാലും അന്നത്തെ ജനങ്ങൾക്ക് ഒരാശ്വാസമുണ്ടായിരുന്നു. ബഹു നിലകെട്ടിടത്തിന്റെ വാർക്കെട്ടിയിലിരുന്ന് ചുട്ടുപഴുക്കാതെ വൃക്ഷച്ചുവട്ടിലെ കൊച്ച് കുടിലിലിരുന്ന് കാറ്റുകൊള്ളുമ്പോഴുള്ള ആശ്വാസം. പ്രകൃതിക്കും മറ്റ് മനുഷ്യർക്കും നേരെ വാതിലും കതകും കൊട്ടിയടച്ച് എ.സിയും ലൈറ്റും ഫിറ്റു ചെയ്യുന്ന 'മോഡേൺമാനെ' നോക്കി പറയുന്നുണ്ടാവും, എവനേത് കോത്താഴത്ത് കാരനാടാ എന്ന്.

ഒരു കാര്യം സത്യമാണ് അന്ന് ഭയം കൂടാതെ കുഞ്ഞുങ്ങൾക്ക് അമ്മയുടെ ഗർഭപാത്രത്തിലെങ്കിലും കിടക്കാമായിരുന്നു. ഇന്നിവിടെ പത്തുമാസം തികച്ചു കൂട്ടിയാൽ അത് വലിയ നേട്ടമായി. ഇന്നത്തെ മനുഷ്യരും പത്രങ്ങളും ചന്ദ്രസ്വാമിക്കും വീരപ്പനും നല്കുന്ന പ്രാധാന്യം അന്നത്തെ പത്രങ്ങളാളർക്കും കൊടുത്തിട്ടുണ്ടാവില്ല -പിന്നെ വന്ന വിവേകാനന്ദനും മഹാത്മജിയ്ക്കും പോലും, അക്കാര്യത്തിൽ മാത്രം ഈ കാലം മുമ്പിൽ നിൽക്കും. പച്ചിലവളം ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിൽ ഭക്ഷണമുണ്ടാക്കി പ്രകൃതിദത്തമായി പാകം ചെയ്തു കഴിച്ച നമ്മുടെ പൂർവ്വികരായിരുന്നു ആരോഗ്യസ്വാമികൾ.

അന്ന് തെറ്റിന്റെ ശാപത്തിനൊത്ത ശിക്ഷയായിരുന്നു. എങ്കിൽ ഇന്ന് പണത്തിന്റെ വലിപ്പത്തിനൊത്ത ശിക്ഷയില്ലവാണെന്ന് ആരും പറയാതെ തന്നെ എല്ലാവർക്കും അറിയാം.

" മാവേലി നാടു വാണീടും കാലം മനുഷ്യരെല്ലാരും ഒന്നുപോലെ" ഇന്ന [illegible] പിടിപ്പിച്ച ആൾക്കാർ ഇന്നിവിടെ ഉണ്ടായിരുന്നു. എങ്കിൽ പാർട്ടികൾ നാടുവാണീടും കാലം മനുഷ്യരെല്ലാരും ഒന്നുപോലെ, പട്ടി പോലെ എന്നുകൂടി എഴുതാമായിരുന്നു. ഇതൊക്കെ എഴുതിയത് ശിലായുഗത്തിലേക്കു തിരിച്ചു പോയി, ഗുഹയിൽ കുഞ്ഞികൂടി, ഇലകൾ കൊണ്ട് വസ്ത്രം ധരിച്ച്, കിഴങ്ങു കായും തിന്ന് കഥ പറഞ്ഞിരിക്കണം എന്ന് പറയാനല്ല. ഇങ്ങനെയും ഒരു കാലം ഉണ്ടായിരുന്നു എന്ന് ഇത്തരം ഒരു കാലത്തും ആരെങ്കിലും ഒക്കെ ഓർക്കാൻ വേണ്ടി മാത്രം. കളഞ്ഞുപോയ ആ മുത്തുകളൊക്കെ നമുക്കു പെറുക്കി കൂട്ടാം. അതു കൊണ്ട് ഒരു മാല കോർത്ത് ഭാരതാംബയുടെ -ഇന്ത്യൻ മദറെന്ന് പറയാത്തതിന്റെ പേരിൽ എന്റെ തല മൊട്ടയടിക്കുമോ ആവോ- കഴുത്തിലണിയിക്കാം. ആ മാല കാണുന്നവരെങ്കിലും ആ കാലത്തെ ഓർക്കട്ടെ. മനസ്സിലാക്കട്ടെ. അതിൽ നിന്ന് അല്പമെങ്കിലും നന്മയുള്ള അംശം ഉൾക്കൊള്ളട്ടെ.



LISA. P. LUKOSE
1 BA ENGLISH

# ഇനിയുമൊരു.... ഗാന്ധിയെക്കാത്ത്



അഴിമതിയുടെ ചെളിക്കുണ്ടിൽ പൂണ്ടിട്ടും, ആരോപണങ്ങൾ നിഷേധിക്കാനാവാത്തവിധം തെളിയിക്കപ്പെട്ടിട്ടും അധികാര കസേരകളിൽ അള്ളിപ്പിടിച്ചിരിക്കുന്നവരുടെ ആധിപത്യത്തിൽ ഞെരുങ്ങുമ്പോഴും ,ശുഭപ്രതീക്ഷയോടെ , സത്യപ്രബോധകനായി മറ്റൊരു ഗാന്ധിയെ കാത്തിരിക്കുകയാണ് ഇന്ത്യൻജനത. പക്ഷേ, അഴിമതിക്കെതിരുള്ള പുകമറക്കൂട്ടിൽ ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും നേതൃത്വം ഒരുപോലെ തകർന്നുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ ,നടുക്കടലിൽപ്പെട്ട ഇന്ത്യൻ ജനതയുടെ അമരക്കാരനാകുവാൻ ആരുണ്ട് ?

ബ്രിട്ടീഷ് ഭരണത്തിനെതിരായ സമരത്തിനു മുൻപിൽ ഇന്ത്യൻജനത ഉണർന്നുവന്നപ്പോൾ അടിച്ചമർത്തപ്പെട്ടവരുടെ ആവേശമായി, അഹിംസയുടെ പ്രചാരകനായി, സത്യത്തിന്റെ കൊടുംകാറ്റായി ആഞ്ഞടിക്കുവാൻ നമുക്ക് ഗാന്ധിജിയുണ്ടായിരുന്നു. ഇന്ദിരാഭരണകാലത്ത് അടിയന്തിരാവസ്ഥയിൽ നട്ടംതിരിഞ്ഞ ജനങ്ങൾക്കുവേണ്ടി, അഴിമതിക്കെതിരെ ഒരു കൊടുംകാറ്റായി ആഞ്ഞടിക്കുവാൻ കറപുരളാത്ത കരങ്ങളുമായി ജയപ്രകാശ് നാരായണനുണ്ടായിരുന്നു.

എന്നാലിന്നോ ? ഭരണത്തിലെ അഴിമതിക്കഥകൾ പൊക്കിക്കാട്ടേണ്ട പ്രതിപക്ഷവും ഹവാല പ്രശ്നത്തിന്റെയും പഞ്ചസാര കുംഭകോണത്തിന്റെയും ചെളിക്കുഴിയിൽ മുങ്ങിക്കിടക്കുകയാണ്. നീതി നടപ്പിലാക്കേണ്ട പോലീസ് വകുപ്പും അവരെ നിയന്ത്രിക്കുന്നതിനായി ജനങ്ങൾ നിയോഗിച്ച മന്ത്രിമാരും ജയിൻ സഹോദരൻമാരെപ്പോലെയുള്ള ചില വ്യവസായ പ്രമുഖരുടെ കളിപ്പാവകളാകുമ്പോൾ, തന്തൂരി അടുപ്പിൽ കത്തിക്കരിഞ്ഞ പെണ്ണിന്റെ കഥയും രാജ്യത്തിന്റെ നിലനിൽപ്പിനുവരെ ഭീഷണിയുയർത്തുന്ന ചാരക്കഥകളും വെളിച്ചത്തു കൊണ്ടുവന്ന മനസ്സാക്ഷിയുള്ള പോലീസുകാർ കോടതികയറേണ്ടിവരുന്നൊരു സ്ഥിതി വിശേഷമാണ് ഇന്ത്യയിലിന്ന് ഉടലെടുത്തിരിക്കുന്നത്.

A very Grievous event that shocked our college this year was the passing away of Prof. Abraham Nidhiri. It was he who first fond led a wild dream of starting a college at a Kuravilangard as far back as Ninteen sixtees. He was the pioneer in the founding of the college and its Phenomenal growth. In 19·9 in the first public meeting after upgrading the college, while welcoming the audience he said " what was thought impossible has become possible .. we may congratulate ourselves on being little Napoleons, " On behalf of all who have been associated with Deva Matha, I pray that God grant his soul a luminous halo with he is worthy of , by all standards.

Prof. K.Ramakrishna pillai, who retired in June1995 was the head of the departmpent of Hindi from the very beginning of this college . Prof .A.J.Vargheese , head of the department of English, Prof. V.J Mathew , head of the department of Zoology Prof, C.O. Varkey, head of the department of botany, Prof N.C.Kuriakose of politics department are all retiring this academic year. All these veterans with their selfless and dedicated service were glamourous stalwarts of Devamatha. They were all undisputed scholars of their subjects, beloved of their colleagues, and worshipped by thir students. With a heavy heart, I bid you all farewell and I assure that Devamatha College will nostalgically cherish your memory for all the years to come.

Man, with his infirmities and limitations, dreams aspires and toils, he can only throw his net into the dark sea of time and watch , it is god the infinite designer who fills the net with the catch.

"Unless the Lord builds the house,
The labourers labour in vain,
Unless the God watches over the city,
The watchman stand guard in vain."

We believe in the unseen presence of divine hand that drives us from one success to another. And now we recollect all, with hearts bringing with gratitude to God . I bow my head in Reverence and grartitude to our beloved patron His excellency Rt.Rev. Dr.Joseph Pallikaparambil for his paternal affection and blessings we have been Enjoying . May I offer my profound thanks to our esteemd vicvar genral Mogr. Dr. Joseph Mattam for his timely advice. I express my sincere gratitude to very Rev. Fr. Philip Njaralakkattu, our new Vicar General for being a perennial source of advice and benevolent inspiration to me. Nothing considerable could have been achieved without the blessings and co-operation our our Manager very Rev. Fr. George Mulangattil whom I remember with genuine gratitude for being a source of consolation and help . I offer my progound thanks to Ref .Fr.Joseph J.Puthumana, our Vice-Principal, Rev.Fr.Thomas Parackal, our bursar, for their timely and relevant help and co-operation in all fields.

I am immensely obliged to the college staff council P.T.A. Excecutive committee, members of the staff both teaching and non-teaching , parents and guardians of our students for their share of sincere co-operation and encourragement . We are greatful to our well wishers and benefactors.

Let me thank personally the union chairman Tomy Scaria General Secretary Joseph Thomas and the members of the Union Excecutive and the Students one and all. I sincerly wish all a brilliant future.

Praying for favours and blessings in abundance from Virgin Mary, our Hevenly Patrones in the years to come. I conclude this repot.

Thank you all

# ചിറകൊടിയുന്ന ബാല്യങ്ങൾ?



ആശയം; ആവിഷ്കാരം:
ശ്രീരാജ് ചോതാർ.

# കോളേജ് യൂണിയൻ 1995-'96

ദേവമാതാകോളേജിന്റെ '95-96 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുമ്പോൾ പാവനമായ ഈ സരസ്വതീക്ഷേത്രത്തിന്റെ അന്തസ്സും പാരമ്പര്യവും നിലനിർത്തുവാൻ, പോയ ഒരുവർഷക്കാലത്തെ പ്രവർത്തനങ്ങൾ കൊണ്ടായി എന്ന അഭിമാനത്തോടെയാണ് ഞങ്ങൾ നിൽക്കുന്നത്. ഞങ്ങളുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ട പ്രസ്ഥാനങ്ങളേയും, വ്യക്തിത്വങ്ങളേയും, വിലയിരുത്തി യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നലകാൻ ഈ കലാലയയൂണിയന് അർഹത നൽകിയ ദേവമാതായിലെ എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.-

നമ്മുടെ കലാലയത്തിന്റെ പരിമിതികൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള, ഈ പ്രവർത്തനങ്ങളുടെ സാംഗത്യവും വിജയവും വിലയിരുത്തുവാൻ നിങ്ങളുടെ മുൻപിൽ ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

## യൂണിയൻ തെരഞ്ഞെടുപ്പ്

1995- ആഗസ്റ്റ് 31-ാം തീയതി നടന്ന വീറുറ്റ കലാലയ യൂണിയൻ തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവരെ നമ്മുടെ യൂണിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കുകയുണ്ടായി.

1. ചെയർമാൻ -ടോമിസ്ക്കറിയ - III DC Eng.
2. വൈസ്ചെയർമാൻ-ജൂലിയാജോർജ്ജ് - III DC Mal.
3. ജന:സെക്രട്ടറി -ജോസഫ്തോമസ് - II DC Eco.
4. യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ് -
   1. ജെയ്സൺ തോമസ് - III Bcom.
   2. സോജൻ മാത്യു - III DC Maths.
5. മാഗസിൻ എഡിറ്റർ -ജോബി ജോർജ് - II DC Eng.
6. ആർട്സ് ക്ലബ്ബ് സെക്രട്ടറി -സോജി മാത്യു - III DC Bcom.
7. വനിതാ പ്രതിനിധികൾ -
   - പ്രിൻസി അബ്രഹാം - I DC Mal.
   - ലിസാ.പി.സബാസ്റ്റ്യൻ - II PDC
8. ക്ലാസ് പ്രതിനിധികൾ
   - I PDC - ജഫ്രി തോമസ്
   - 2 PDC - അനിൽ ജേക്കബ്
   - I DC - ജിജി കുര്യൻ
   - II DC - ജോബിമാത്യു
   - III DC - തോമസ് സെബാസ്റ്റ്യൻ
   - I PG - സന്തോഷ് കുമാർ കെ.ആർ.
   - II PG - റെജികുമാർ പി.ആർ.
9. അസ്സോസിയേഷൻ സെക്രട്ടറി
   1. മാത്സ്.-വർഗ്ഗീസ് പി.എം. - III DC
   2. ഫിസിക്സ്-അനീഷ്.S - III DC
   3. കെമിസ്ട്രി -പ്രസാദ് P.A.- II DC
   4. ബോട്ടണി -അജികുമാർ B.- II DC
   5. സുവോളജി -ജോസഫ് ജോൺ - II DC
   6. ഇംഗ്ലീഷ്-ബിജു വർഗ്ഗീസ് - II DC
   7. മലയാളം- സ്ക്കറിയാ ജോർജ് - II DC
   8. ഇക്കണോമിക്സ് - സന്തോഷ് മൈക്കിൾ - III DC
   9. കൊമേഴ്സ് -ജോസഫ്.M.C - III DC

സമാധാനപൂർണ്ണമായ അന്തരീക്ഷത്തിൽ കലാലയ യൂണിയൻ തെരഞ്ഞെടുപ്പ് നടത്താൻ സഹായിച്ച പ്രൊഫ. റ്റി.സി. കുര്യാക്കോസ് സാറിനോടും ജനാധിപത്യ സംസ്ക്കാരം ഉൾക്കൊണ്ട ദേവമാതായിലെ മുഴുവൻ വിദ്യാർത്ഥികളോടുമുള്ള നന്ദി യൂണിയൻ രേഖപ്പെടുത്തികൊള്ളുന്നു.

## സത്യ പ്രതിജ്ഞ

സെപ്റ്റംബർ മാസം 12-ാം തീയതി പ്രിൻസിപ്പൽ ഐസക് തോമസ് മുൻപാകെ വിദ്യാർത്ഥികൾ തങ്ങളിലർപ്പിച്ച വിശ്വാസം,സത്യസന്ധമായും നിസ്വാർത്ഥമായും നിർവ്വഹിക്കുമെന്ന് പ്രതിജ്ഞചെയ്തുകൊണ്ട് സ്ഥാനമേറ്റു. തദവസരത്തിൽ യൂണിയൻ അഡ്വൈസറായി ഡോ.ഫിലിപ്പ് ജോൺ സാറിനേയും ,യൂണിയൻ ട്രഷററായി കെ.ജി. ജോസഫ് സാറിനേയും സ്റ്റാഫ് എഡിറ്ററായി കെ.എം. ചാക്കോസാറിനേയും നോമിനേറ്റ് ചെയ്തു. യൂണിയന്റെ ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിച്ച ചെയർമാൻ ടോമി സ്ക്കറിയ വിദ്യാർത്ഥികൾക്ക് നന്ദിരേഖപ്പെടുത്തി.

## യൂണിയൻ മീറ്റിംഗ്

സെപ്റ്റംബർ 9-ാം തീയതി നടന്ന പ്രഥമ യൂണിയൻ എക്സിക്യൂട്ടീവ് കലാലയത്തിന്റെ പൊതുനന്മയെ ലക്ഷ്യമാക്കി യൂണിയൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. തദവസരത്തിൽ താഴെപ്പറയുന്നവരെ യൂണിയനിലേയ്ക്ക് നോമിനേറ്റ് ചെയ്തു.

Sports Secretary-Joseph George III Bcom.
Harijan Rep- Ambily K.R. I DC Ecos.
Sub-Editors- Jaleesh Peter II DC Maths.
Jose Jacob I .Bcom
Jayaprkash Raveendran Pilla II PDC IV Group

## യൂണിയൻ ഉദ്ഘാടനം

1995-96 വർഷത്തെ കലാലയ യൂണിയൻ പ്രവർത്തനങ്ങൾക്ക് ഒക്ടോബർ 16-ാം തീയതി തിരശ്ശീല ഉയർന്നു. ദേവമാതായുടെ വിശാലമായ ഓഡിറ്റോറിയത്തിൽ ചെയർമാൻ ടോമി സ്കറിയായുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കപ്പെട്ട വർണ്ണ ശബളമായ ചടങ്ങിൽ കെ.ജെ. മാത്യു ഐ.എ.എസ്.(ചെയർമാൻ റബ്ബർ ബോർഡ്) ദ്രദീപം കൊളുത്തി. യൂണിയൻ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. സമ്പൂർണ്ണ വ്യക്തിയെ രൂപപ്പെടുത്തുകയെന്ന ഗാന്ധിജിയുടെ സങ്കൽപ്പം ഈ നൂറ്റാണ്ടിലും വരും നൂറ്റാണ്ടിലും വിദ്യാഭ്യാസത്തിന് മാർഗ്ഗനിർദ്ദേശമാകേണ്ട ഒന്നാണെന്നും,പ്രായോഗികമായ അറിവുകൾ സ്വാംശീകരിയ്ക്കുവാൻ ഉതകുന്ന വിദ്യാഭ്യാസത്തിന് മാത്രമേ കേരളത്തിന്റേയും ഇന്ത്യയുടേയും പ്രശനങ്ങൾക്ക് പരിഹാരം കാണാ നാവൂ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പത്രപ്രവർത്തനരംഗത്തെ അതുല്ല്യ പ്രതിഭ ശ്രീ.തേക്കിൻകാട് ജോസഫ് യൂണിയൻ പ്രവർത്തനങ്ങൾക്ക് ആശംസ അർപ്പിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി ജോസഫ് തോമസ് സ്വാഗതവും കുമാരി ജൂലിയാജോർജ് കൃതജ്ഞതയും രേഖപ്പെടുത്തി. അമൃത്സ്മൃതികളായ കലാരംഗങ്ങൾ സമ്മാനിച്ച ഡി.എം.സി. മിമിക്സിന്റെ മിമിക്സ് പരേഡ് ഒരു പുതിയ അനുഭവമായിരുന്നു. തുടർന്ന് മൂവാറ്റുപുഴ എയ്ഞ്ചൽ വോയ്സിന്റെഗാനമേളയും അരങ്ങേറി.

## കേരളീയം-'95

മലയാളിത്വത്തിന്റെ നാരായവേരുകൾ അറുത്തുമാറ്റുന്ന പുതിയ പ്രവണതകൾക്കെതിരെയുള്ള ദേവമാതായുടെ വിജോയിപ്പ് രേഖപ്പെടുത്തികൊണ്ടാണ് കേരളപ്പിറവി ദിനാഘോഷം, കേരളീയം '95 നവംബർ 2-ാം തീയതി സംഘടിപ്പിക്കപ്പെട്ടത് കേരളത്തനിമ വിളിച്ചോതികൊണ്ട് നടന്ന സാംസ്ക്കാരികഘോഷയാത്രയ്ക്ക് നിശ്ചലദൃശ്യങ്ങളും ചെണ്ടമേളവും, എൻ.സി.സി.പരേഡും അസ്സോസിയേഷൻ അടിസ്ഥാനത്തിൽ കേരളീയ വസ്ത്രങ്ങളണിഞ്ഞ് അണിനിരന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളും കൊഴുപ്പേകി. പുതുതായി സംഘടിപ്പിക്കപ്പെട്ട മലയാളിമങ്ക മത്സരത്തിൽ അമൃത റിനു എബ്രഹാം ഒന്നാംസ്ഥാനം നേടി. മലയാള അസ്സോസിയേഷൻ, ബോട്ടണി അസ്സോസിയേഷൻ സുവോളജി അസ്സോസിയേഷൻ എന്നിവർ റാലിയിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി, ക്യാഷവാർഡുകൾ കരസ്ഥമാക്കി. ഏറെ വാശിയേറിയ നിശ്ചലദൃശ്യ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കൊമേഴ്സ് അസ്സോസിയേഷൻ 1001-രൂപാ കരസ്ഥമാക്കി. രണ്ടാം വർഷ പ്രിഡിഗ്രി,ഇക്കണോമിക്സ് അസ്സോസിയേഷൻ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

യൂണിയൻ ചെയർമാൻ ടോമിസ്കറിയായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാംസ്ക്കാരിക സമ്മേളനം നീതിന്യായ രംഗത്തെ പ്രശസ്തനായ അഴിമതി നിരോധന കമ്മീഷൻ മുൻ ചെയർമാൻ ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സാംസ്ക്കാരിക രംഗത്ത് ഇന്ത്യയുടെ മാതൃകയാകേണ്ട കേരളത്തിൽ പോലും അഴിമതി ഭീമാകാരം പൂണ്ട് ജനജീവിതം ദുസ്സഹമാക്കുന്നു; അദ്ദേഹം അഭിപ്രായപ്പെട്ടു. അന്ധമായ പാശ്ചാത്യാനുകരണത്തെ ചെറുത്ത്കൊണ്ട് നമുക്ക് സംസ്ക്കാരം നിലനിർത്താനാവും എന്ന കേരളപ്പിറവി സന്ദേശം നൽകിക്കൊണ്ട് പ്രശസ്തപത്രപ്രവർത്തകൻ മാടവന ബാലകൃഷ്ണപിള്ള അഭിപ്രായപ്പെട്ടു. സെന്റ് തെരാസസ് കോളേജ് അദ്ധ്യാപിക ഡോ. ശാന്തകുമാരി ആശംസാപ്രസംഗം നടത്തി. ജിജോ ലൂക്കോസ് ആശംസാപ്രസംഗവും,യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ജയ്സൺ തോമസ് സ്വാഗതവും, ജോബിജോർജ് കൃതജ്ഞതയും രേഖപ്പെടുത്തി. ഈ പരിപാടി വിജയകരമാക്കുവാൻ ഏറെ സഹകരിച്ച ജോണി ജോൺ നിധീരി സാറിന് നന്ദിരേഖപ്പെടുത്താൻ ഈ അവസരം വിനിയോഗിക്കുന്നു.

## ആർട്സ് ക്ലബ്ബ് ഉദ്ഘാടനം

വിദ്യാർത്ഥികളിൽ നിലീനമായിരിക്കുന്ന പ്രതിഭയുടെ ഉദ്ദീപനത്തിനായി കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഈ വർഷം ആർട്സ് ക്ലബ്ബിന് കഴിഞ്ഞു. ഡിസംബർ 7-ാം തീയതി അനുഗ്രഹീത അഭിനേതാവ് ശ്രീ മഹേഷ്, നിറപറയെ സാക്ഷിനിർത്തി ദേവമാതായുടെ കലാപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. വെള്ളിത്തിരയിലെ പ്രാഗത്ഭ്യം വഴി അന്തർ ദേശീയ പുരസ്കാരങ്ങൾ നേടിയ പ്രതിഭാശാലിയായ റ്റി.എസ്.ശിവപ്രസാദ് സാറാണ് മുഖ്യ പ്രഭാഷണം നിർവ്വഹിച്ചത്. ആർട്സ് ക്ലബ്ബ് സെക്രട്ടറി സോജിമാത്യു സ്വാഗതവും ,കുമാരി ജൂലിയാജോർജ് കൃതജ്ഞതയും പറഞ്ഞു. ശ്രീ ബാബു ജോസഫ് സാറിന്റെ നേതൃത്വം ഈവർഷം ആർട്സ് ക്ലബ്ബ് പ്രവർത്തനങ്ങളെ ഏറെ ധന്യമാക്കി. അനശ്വരമായ കാലത്തെ അതിജീവിയ്ക്കുവാൻ പ്രാപ്തമായ -കലാരംഗങ്ങൾ സൃഷ്ടിച്ച്കൊണ്ടാണ് രാജ്കുമാറിന്റേയും, അജിമോൻ തോമസിന്റേയും നേതൃത്വത്തിൽ മിമിക്സ്ഗാനമേള അരങ്ങേറിയത്. തുടർന്ന് പ്രസിദ്ധമജിഷ്യൻ : പ്രൊഫ. എം.എസ്. മിത്രയുടെ നേതൃത്വത്തിൽ മാജിക് ഷോ നടന്നു.

## ധ്വനി '95-96

നാലുവേദികളെ ( ദൃശ്യവാഗ്മാര,വിപഞ്ചിക,മേള,) ധന്യമാക്കുകൊണ്ട് ദേവമാതായിലെ കലാകാരൻമാർ ഒരുക്കിയ ധ്വനി'95-96 പലതുകൊണ്ടും വ്യത്യസ്തമായ ഒരു

ആസ്വാദന അനുഭവമായി. ഒത്തൊരുമയോടെ വേദികളിൽ മുന്നേറിയ മലയാളം വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊമേഴ്സ് അസ്സോസിയേഷൻ, ഇംഗ്ലീഷ് അസ്സോസിയേഷൻ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## കരിയർ ഗൈഡൻസ് പ്രോഗ്രാം

Department of students service M.G. University യുടെ നേതൃത്വത്തിൽ നടന്ന Career Guidence Programme- നു യൂണിവേഴ്സിറ്റി P.R.O. ജയിംസ് ജോസഫ് നേതൃത്വം നൽകി.

## Sports Day

ഒരുമയുടേയും അച്ചടക്കത്തിന്റേയും പ്രതീകമായ മാർച്ച് പാസ്റ്റോടെ ആരംഭിച്ച കായികമേള ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അക്കാമ്മ ജോസഫ് ഉദ്ഘാടനം ചെയ്തു.- കാരിരുമ്പിന്റെ കരുത്തുമായി കളിക്കളം കീഴടക്കിയ ഗ്രീൻഹൗസ് ഒന്നാംസ്ഥാനം കരസ്ഥമാക്കി. പതിവിൽ നിന്നും വ്യത്യസ്തമായി അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും പൂർണ്ണ സഹകരണം ഉണ്ടാക്കിയ, ഈ പരിപാടി വിജയത്തിലെത്തിച്ച സ്പോർട്സ് സെക്രട്ടറി ജോസഫ് ജോർജിന് പ്രൊഫ. സിസിലിയാമ്മ ടീച്ചറിനും പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു. ഈവർഷത്തെ സ്പോർട്സ് മത്സരങ്ങൾക്ക് നേതൃത്വം കൊടുത്ത ഓഫീസ് സൂപ്രണ്ട് ശ്രീ. പാറ്റാനി സാറിനേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിയ്ക്കുന്നു.

## ആദരാഞ്ജലികൾ

ദേവമാതായുടെ ആറു വർഷക്കാലം(1977-83) പ്രിൻസിപ്പലായിരുന്ന ധിഷണശാലിയായ ശ്രീ.എബ്രാഹാം ജോൺസാറ്, അഞ്ചു വർഷക്കാലം ദേവമാതായുടെ പ്രസംഗ വേദികളെധന്യമാക്കിയ ബോബിപോൾ, എന്നിവരുടെ വേർപാടിൽ യൂണിയനുള്ള ദു:ഖം രേഖപ്പെടുത്തുന്നു. ആദരാഞ്ജലികളർപ്പിക്കുന്നു.

## അഭിനന്ദനങ്ങൾ

ഈവർഷത്തെ മികച്ചരണ്ടാം നടനുള്ള ഫിലിം ക്രിട്ടിക്സ്അവാർഡ്നേടിയ അഭിനയ പ്രതിഭ, നമ്മുടെ പ്രിയ അധ്യാപകൻ ബാബു നമ്പൂതിരി സാറിന് ദേവമാതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ . ഗവേഷണബിരുദങ്ങൾ നേടിയ പ്രതിഭാശാലികളായ ഡോ: ഫിലിപ്പ് ജോൺ സാറിനും , ഡോ: ബേബി തോമസ് സാറിനും യൂണിയന്റെ അഭിനന്ദനങ്ങൾ , കേരളത്തിലങ്ങോളമിങ്ങോളം നടന്ന ഇന്റർ കൊളീജിയറ്റ് പ്രസംഗമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയെടുത്ത ദേവമാതായുടെ അഭിമാനമായ ജിജോലൂക്കോസിനും യൂണിയന്റെ അഭിനന്ദനങ്ങൾ.

## മറ്റുനേട്ടങ്ങൾ

നമ്മുടെ കലാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി യോജിച്ചു പ്രവർത്തിക്കുവാനായി എന്നത് യൂണിയന്റെ ഒരു വിജയമാണ്. കർമ്മ മേഖലയിൽ പുതിയ അധ്യായങ്ങൾ എഴുതിച്ചേർത്ത ദേവമാതായിലെ വിവിധ അസ്സോസിയേഷനുകൾക്ക് NCC, NSS, CSM ഓറട്ടറിക്ലബ്ബ്, ക്വിസ് ക്ലബ്ബ്, ആന്റി നാർക്കോട്ടിക് അസ്സോസിയേഷൻ, യൂത്ത് റെഡ് ക്രോസ് എന്നിവയ്ക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## കോളേജ് ദിനാഘോഷം

1995-96- കലാലയ വർഷത്തെ കോളേജ് ദിനാഘോഷം 29-2-'96-ൽ കോളേജ് ചെയർമാൻ ശ്രീ ജോസ് സ്കറിയായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ റവ: ഡോ: കുര്യൻ മറ്റം ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ കലാകായിക മത്സരങ്ങളിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഈവർഷം മുതൽ യൂണിയൻ ആരംഭിച്ച ഏറ്റവും മികച്ച അസ്സോസിയേഷനും ആർട്സ് ഫെസ്റ്റിവലിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ അസ്സോസിയേഷനിലുള്ള എവറോളിങ് ട്രോഫികൾ യഥാക്രമം കൊമേഴ്സ് , മലയാളം അസ്സോസ്സിയേഷനുകൾ നേടി. കോളേജ് ദിനാഘോഷങ്ങളോടനുബന്ധിച്ച് ഡോക്ടറേറ്റ് നേടിയ നമ്മുടെ അദ്ധ്യാപകരായ ഡോ: ബേബി തോമസ് ,ഡോ ഫിലിപ്പ് ജോൺ എന്നിവരെ അഭിനന്ദിച്ചു. കേരളാ ഫിലിം ക്രിട്ടിക്സ് അവാർഡ് ജേതാവും ദേവമാതായുടെ അഭിമാനമായ ശ്രീ ബാബു നമ്പൂതിരി സാറിന് ദേവമാതാ കുടുംബം അഭിനന്ദനങ്ങൾ നേർന്നു. യൂണിയന്റെ സാമ്പത്തിക കുറവു മൂലം കലാപരിപാടികൾ മെച്ചമാക്കാൻ സാധിക്കാഞ്ഞതിൽ യൂണിയന്റെ ഖേദം പ്രകടിപ്പിച്ച് കൊള്ളുന്നു. യോഗത്തെ തുടർന്ന് വൈയ്ക്കം ഫോഴ്സി അവതരിപ്പിച്ച മിമിക്സ് പരേഡും മിമിക്സ് ഗാനമേളയും ഉണ്ടായിരുന്നു.

## നന്ദി

ഞങ്ങളുമായി സഹകരിച്ചവർ നിരവധിയാണ്. ഞങ്ങൾക്ക് മാർഗ്ഗ നിർദ്ദേശവും നേതൃത്വവും നൽകുന്ന ബഹുമാനപ്പെട്ട പ്രിൻസിപ്പൽ -ഐസക് തോമസ് സർ, സ്റ്റാഫ് അഡ്വൈസർ ഫിലിപ്പ് ജോൺ സാർ, യൂണിയൻ ട്രഷറർ കെ.ജി.ജോസഫ് സർ ,സ്റ്റാഫ് എഡിറ്റർ കെ.എം. ചാക്കോസാർ ,അദ്ധ്യാപകർ അനദ്ധ്യാപകർ എന്നിവരെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഈ കോളേജിന്റെവേദികളെ ധന്യമാക്കിയ കേരളത്തിലെ വിവിധസാംസ്കാരിക നായകൻമാർ ഫണ്ടിന്റെ പരിമിതികൾക്കുള്ളിൽ ഞങ്ങളെ സഹായിച്ച വിവിധ സ്ഥാപനങ്ങൾ എന്നിവരോടുള്ള ഞങ്ങളുടെ നന്ദി വാക്കുകളിലൊതുങ്ങുന്നതല്ല. ഈ യൂണിയന്റെ പ്രവർത്തനങ്ങളിൽ ആദ്യാവസാനം വരെ സഹകരിച്ച വിദ്യാർത്ഥി സുഹൃത്തുക്കൾ ഓരോരുത്തർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

ആദരപൂർവ്വം

നിങ്ങളുടെ
ജന: സെക്രട്ടറി
ജോസഫ് തോമസ്.

## ദേവമാതാസ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി

കുറവിലങ്ങാട്, കോട്ടയം ജില്ല

**(Regd : Under Govt.of Kerala)**

**അപേക്ഷകൾ ക്ഷണിക്കുന്നു.**

(General Nursing & Midwifery-3 Years with Hospital Training (private)

സീറ്റുകൾ പരിമിതം പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം

| | Course | Duration | No.of Seats |
|---|---|---|---|
| a. | Basic Nursing & Midfery | 2Years/24 Months | 23 |
| b. | Nursing Assistant | 11/2Years 18 Months | 30 |
| c. | Medical Laboratary | 1Year/12 Months | 15 |
| d. | E.C.G. | 4Months | 30 |

യോഗ്യത S.S.L.C. and above പ്രോസ്പെക്ടസിനും അപേക്ഷാഫാറത്തിനും 20 രൂപയുടെ പോസ്റ്റൽ ഓർഡർ അഥവാ മണിയോർഡർ സഹിതം, The Director of Training, Devamatha Social Welfare and Educatuinl Society,PB No.8 Kuravilangad,Pin 686 633 എന്ന വിലാസത്തിൽ 15 ദിവസത്തിനകം അപേക്ഷിക്കേണ്ടതാണ്. സെപ്റ്റംബർ മാസം തുടങ്ങുന്നബാച്ചിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് 100 രൂ. മുൻകൂർ അടച്ച് സീറ്റുകൾ ഉറപ്പാക്കാവുന്നതാണ് താമസ സൗകര്യത്തിന് കന്യാസ്ത്രീകൾ നയിക്കുന്ന കോൺവെൻറ് ഹോസ്റ്റലും സ്ഥാപനത്തിലും തന്നെ മേൽനോട്ടത്തിൽ ചുരുങ്ങിയ ചിലവിലുള്ള സെൽഫ് പ്രിപ്പറേഷൻ മെസ്സും ഉണ്ടായിരിക്കുന്നതാണ്

Ph: STD Cod- 048223 -445 (Office)
048223--446 (Res.)

ഫാദർ വടക്കേക്കര M.A.,Ph.D.
(ഡയറക്ടർ)



# SAKTHI TOURIST HOME



**(Non A/c & A/c Rooms)**

## SAKTHI TRAVELS

Kottayam to Coimbathore
Bangalore, Bombay.

**Baker Junction**
**Kottayam.**
**Phone : 563151,563161,563181**

# കുടുംബമേളയും ക്ഷേമനിധി ഉദ്ഘാടനവും.



ദേവമാതാകോളജ് നോൺ ടീച്ചിങ് സ്റ്റാഫിന്റെ നേതൃത്വത്തിൽ 1996 മാർച്ച് 28-ാം തീയതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 3മണിക്ക് കുടുംബമേളയും ക്ഷേമനിധി ഉദ്ഘാടനവും നടത്തി.

പ്രൊഫ. മേജർ. ഐസക് തോമസ് പതാകഉയർത്തൽ കർമ്മവും, കുടുംബമേള ഉദ്ഘാടനവും നടത്തി. വിവിധവിഷയങ്ങളെ സംബന്ധിച്ചുള്ള സെമിനാറുകൾ അന്നേദിവസം നടത്തപ്പെട്ടു. ബഹു: വി.ജെ. സഖറിയാസ്സ്വകാര്യകോളജ്ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിച്ചു.

അന്നേദിവസം ഉച്ചകഴിഞ്ഞ് എ.ജോ. പാററാനി (സീനിയർ സൂപ്രണ്ട്.) യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ ബഹുമാനപ്പെട്ട ജോയിനടുക്കര എം.പി. ക്ഷേമനിധി ഉദ്ഘാടനം നടത്തി. ഡോക്ടർ കുര്യാസ് കുമ്പളക്കുഴി (ഡയറക്ടർ ,കേരളാ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്), ശ്രീ ജോണി പനങ്കുഴ (ബ്ലോക്ക് മെമ്പർ ) പ്രൊഫ. എം.വി. പീററർ (അദ്ധ്യാപകപ്രധിനിധി)എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. തുടർന്ന് 25 വർഷം സേവനം പൂർത്തിയാക്കിയവരെ ആദരിക്കൽ, കായിക കലാമത്സരങ്ങളിൽ വിജയികൾക്കുള്ള സമ്മാനദാനം എന്നിവ നടത്തപ്പെട്ടു. ശ്രീ. സിം എം. ചാക്കോ സ്വാഗതവും , ശ്രീ ബേബി അഗസ്ററിൻ കൃതജ്ഞതയും രേഖപ്പെടുത്തി. സമ്മേളനത്തിനുശേഷം നോൺ ടീച്ചേഴ്സ് സ്ററാഫിന്റെ നേതൃത്വത്തിൽ വിവിധകലാപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. കലാപരിപാടികൾ പ്രശസ്ത സിനിമാനടൻ ശ്രീ. ബാബുനമ്പൂതിരി ഉദ്ഘാടനം ചെയ്തു.

നേതൃത്വം നൽകിയവർക്കും സഹകരിച്ചവർക്കും നന്ദി.

എ.ജോ.പാറ്റാനി
സീനിയർസൂപ്രണ്ട്


PROFESSIONAL COURSES

ADMISSION

we shall arrange admission

For M B B S,B.D.S, B.E (All Branches) MBA,MCA ,BPT B.Sc Nursing B.A. M.S.,etc In TAMILNADU, KARNATAKA, MAHARASTRA, states of INDIA

contact : **BIO CLINIC**

MANORAMA JUNCTION

KOTTAYAM 686001

Phone: 0481-564894

# കേരളീയം '95

ആശംസാ പ്രസംഗം



പ്രൊഫ. മേജർ ഐസക് തോമസ്.

ഉത്ഘാടനം



ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ



അദ്ധ്യക്ഷപ്രസംഗം ടോമി സ്കറിയ ചെയർമാൻ

മുഖ്യപ്രഭാഷണം

മാടവന ബാലകൃഷ്ണ പിള്ള



ആശംസ ഡോ. ശാന്തകുമാരി.





ആശംസാപ്രസംഗം ഡോ: ഫിലിപ്പ് ജോൺ



ആശംസ ജിജോ ലൂക്കോസ് പി.ജെ.



കൃതജ്ഞത ജോബി ജോർജ്ജ് എഡിറ്റർ

## കേരളീയം '95

# നിശ്ചല ദൃശ്യങ്ങൾ



കേരളീയം '95




സാംസ്കാരിക ഘോഷയാത്ര





മലയാളി മങ്ക - അമൃത റിനു എബ്രഹാം




N.C.C.പരേഡ്.

# കോട്ടയം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം.

## കോട്ടയം, ഫോൺ :563603 (4 Lines)

*ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ കേന്ദ്ര ബാങ്ക്
*ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യങ്ങൾ.
*ആകർഷകമായ നിരക്കിൽ എല്ലാ വിധ നിക്ഷേപങ്ങളും സ്വീകരിക്കുന്നു.
*ഡിപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെട്ട സ്ഥാപനം

### ബ്രാഞ്ചുകൾ

കോട്ടയം മെയിൻ
വനിതാ ബ്രാഞ്ച്
പുതുപ്പള്ളി
ഗാന്ധിനഗർ
പാമ്പാടി
പാക്കിൽ
കടുത്തുരുത്തി
ഞീഴൂർ
കുറുപ്പന്തറ
പാലാ പ്രഭാത സായാഹ്ന ശാഖ
ഈരാറ്റുപേട്ട
കുറവിലങ്ങാട്
പൈക
ചങ്ങനാശ്ശേരി മെയിൻ
കറുകച്ചാൽ
പെരുംപനച്ചി
കുറിച്ചി
മുണ്ടക്കയം
എരുമേലി
കരിക്കാട്ടൂർ
തലയോലപ്പറമ്പ്

കോട്ടയം പ്രഭാത സായാഹ്ന ശാഖ
കോട്ടയം, കഞ്ഞിക്കുഴി
ഏറ്റുമാനൂർ
തിരുവാതുക്കൽ
താഴത്തങ്ങാടി
വൈക്കം
പെരുവ
അംബികാമാർക്കറ്റ്
പാലാ
രാമപുരം
കടപ്ലാമറ്റം
ഉഴവൂർ
കൊല്ലപ്പള്ളി
ചങ്ങനാശ്ശേരി,പ്രഭാത സായാഹ്ന ശാഖ
പത്തനാട്
വാകത്താനം
പായിപ്പാട്
കാഞ്ഞിരപ്പള്ളി
പൊൻകുന്നം
വൈക്കം പ്രഭാത സായാഹ്നശാഖ
മണർകാട്

പി.യു. തോമസ് (ജനറൽ മാനേജർ)
പി.ജെ. ജോൺ (പ്രസിഡൻറ്)

## English Association

The Association had a very colourful schedule this year. The first year B.A. literature students were given a warm welcome at a homely function arranged on 25 th August '95. The activities of the Association were formally inaugurated by Dr. V.C. Haris (Lecturer, School of letters, M.G. University) on 13 th November '95. Dr. Haris give an enlightening talk on 'The modern trends in English literature'. Dr. N.N. Moosad and Dr. R. Rajendran also address the meeting. Cultural Programmes by the students made the function very colourful.

We arranges special programmes to celebrate Onam and Christmas. Prof.T.T. Thomas (Staff guide, 11 D.C.) gave us the Christmas message. We took part in the' Keraleeyam '95' festival conducted by the college union and presented a tableau. This year also we conducted a literary Quiz called Lit Quiz '95,96'. With Fr. Augustine Mathew Pullukala (Dept.of English) as the Quiz master. 1 D.C. English team won the first prize and 111 D.C. English team the secand prize.

We celebrated the English day on 2nd Feb .'96 with Prof. Sunny Thomas (Head of the Dept. of English, .St. Stephen's College Uzhavoor ; Shooting coach of the Indian Olympic team) as our Chief Guest. The third volume of our manuscript magazine , 'The Rainbow', was released on that cocassion. Prizes were awarded to the Lit Quiz winners.

At a family gathering of the association, a warm send off was given to our dear Professer and 'papa' Shri A.J. Varghese, who is retired from service this year after a long teaching carreer of 31 years, and Prof.N.C. Kuriakose, our politics Professer, who has always became a father and friend to us. We wish them gods blessings in their retired life also.

Biju Varghese 11 B.A
Secretary.



## *Economics Association*

The activities of the Ecconomic Association 95-96 was formally inaguarated by Prof: K.P. Philomina (Dept of Economics, Alphonsa College Palai ) on 27th october. In her inagural address she stressed the relevance of Gandhian Economics in our present day Economy. Prof.Mathew Sebastian our dear and respected head of the department presided over the functin. The association won the third prize in the competition held in connection with 'Keraleeyam' conducted by the college unian on November first. The 27th ecconomics day was celeberated on19th february. Prof. George Thomas released Prathibha 95' our Manuscript Magazine Rev Fr Jose Kuzhichalil (Department of Economics K.E College Mannanam) spoke on monetary Economics. He analysed the reasons behind the depreciation of Indian currency with the world market the members of the association bid forewell to Prof.N.C Kuriakose ( Dept.of Politics ) and Prof.P.J. Ulahannan (Dept.of History).

I express my sincere attitude to the teachers of the department and to my collegeous who helps me to discharge my duties,as sincerely to the Association.

Santhosh Michal
3rd DC

# MATHEMATICS ASSOCIATION

ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്വാഗതം ആശംസിക്കുന്ന ചടങ്ങോടെ ആരംഭിച്ച അസ്സോസിയേഷന്റെ 1995-96 വർഷത്തെ പ്രവർത്തനങ്ങളുടെ ഉത്ഘാടനം ഔപചാരികമായി ഒക്ടോബർ 18-ന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ''സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്''ലെ അധ്യാപകനായ പ്രൊ.എം. പി. മത്തായി നിർവ്വഹിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊ. എം. വി. പീറ്റർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഉത്ഘാടകൻ ഗാന്ധി സമരത്തെപ്പറ്റി ക്ലാസ്സെടുത്തു.

എൻ. എസ്. എസിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് നടത്തിയ അത്തപ്പൂക്കള മത്സരത്തിലും കേരളപ്പിറവിയോടനുബന്ധിച്ച് നടത്തിയ കേരളീയത്തിലും അസ്സോസിയേഷൻ ആവേശപൂർവ്വം പങ്കെടുത്തു. കെ.ഇ. കോളേജ് മാന്നാനം, ബി.സി.എം. കോളേജ് കോട്ടയം എന്നിവടങ്ങളിൽ വച്ച് നടന്ന ഗണിത ശാസ്ത്ര ക്വിസ്സുകളിൽ അസ്സോസിയേഷന്റെ പ്രാതിനിധ്യം ഉണ്ടായിരുന്നു.

പാഠ്യ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകുന്നതിനായി ഏർപ്പെടുത്തിയ ക്യാഷ് അവാർഡുകൾ നിഷാ ജേക്കബ്, നിഷാ മാത്യു എന്നിവർ കരസ്ഥമാക്കി. അഭിനന്ദനങ്ങൾ. വിവിധപ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന അസ്സോസിയേഷന്റെ സമാപന സമ്മേളനം ഫെബ്രുവരി 13-നായിരുന്നു. അസ്സോസിയേഷന്റെ ഈവർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച പീറ്റർ സാറിനോടും അത് പ്രാവർത്തികമാക്കാൻ സഹായിച്ച സുഹൃത്തുകൾക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തി കൊണ്ട് ഈ റിപ്പോർട്ട് വിനയപൂർവ്വം നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

സെക്രട്ടറി,
ശിവറാം .ഇ.എസ്.



# മലയാള സമാജം

വർണങ്ങൾ നിറഞ്ഞ മനസ്സുമായി മലയാള കുടുംബത്തിലേക്ക് കടന്നുവന്ന ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 13-7-95 ൽ നൽകപ്പെട്ട സ്നേഹത്തിൽ കുതിർന്ന വരവേൽപ്പോടെ മലയാള അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല ഉയർന്നു.

## ഓണാഘോഷം

മൺമറഞ്ഞ ഒരു നല്ലകാലത്തിന്റെ സുന്ദരസ്മൃതികളുമായി ഓണക്കാലവും ഓടിയെത്തി. മലയാള കുടുംബത്തിന്റെ പിതാവ് പ്രൊഫ. കെ.ജെ. ജോസഫ് സാറിന്റെ അദ്ധ്യക്ഷതയിൽ ഓണാഘോഷപരിപാടികൾ നടത്തി. ബാബു സാർ, ഫിലിപ്പ് ജോൺ സർ, മാത്യുസർ തുടങ്ങിയവർ മധുരസ്മരണകളുടെ നിറച്ചാർത്തേകിയ ഓണാശംസകൾ നേരുകയുണ്ടായി. ആസ്വാദ്യകരമായ ഓണപ്പാട്ടുകളും കഥാപ്രസംഗവും മറ്റ് കലാപരിപാടികളും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

## സ്വീകരണം

'ആദ്യകാല വൈജ്ഞാനിക സാഹിത്യം മലയാളത്തിൽ' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ഫിലിപ്പ് ജോൺ സാറിന് ഒക്ടോബർ 13-ാം തീയതി ഊഷ്മളമായ സ്വീകരണവും സ്നേഹോപഹാരവും നൽകുകയുണ്ടായി.

## അനുസ്മരണം

1995-നവംബർ 14-ന് അന്തരിച്ച, പ്രശസ്തനാടകകൃത്തും നാടക സാഹിത്യകാരനുമായ ശ്രീ. എൻ. എൻ. പിള്ളയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ടുള്ള അനുശോചന യോഗം കൂടുകയുണ്ടായി. ചടങ്ങിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും എൻ. എൻ. പിള്ളയുടെ നാടകസംഭാവനകൾ അനുസ്മരിച്ചു.

## കേരളപ്പിറവി.

കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളീയം 95 എന്ന പേരിൽ കേരളപ്പിറവി ആഘോഷിച്ചു. കോളേജ് യൂണിയൻ സംഘടിപ്പിച്ച സാംസ്കാരിക ഘോഷയാത്രയും നിശ്ചലദൃശ്യങ്ങളും ഘോഷയാത്രയ്ക്ക് തിളക്കമേറ്റി. ഘോഷ യാത്രയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മലയാള കുടുംബം അധികാരികളുടേയും അദ്ധ്യാപകരുടേയും യൂണിയൻ ഭാരവാഹികളുടേയും മുക്തകണ്ഠമായ പ്രശംസ നേടിയെടുത്തു.

## ഉദ്ഘാടനം

മലയാള സമാജത്തിന്റെ 1995-96 വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ശങ്കരാചാര്യ സംസ്കൃത കോളേജിലെ പ്രൊഫ. ഡോ. സ്കറിയ സക്കറിയ 1995 നവംബർ 22-ാം തീയതി നിർവ്വഹിച്ചു. ചടങ്ങിൽ പ്രൊഫ. കെ. ജെ. ജോസഫ് അദ്ധ്യക്ഷപദം അലങ്കരിച്ചു. സന്തോഷ് പി. എസ് സ്വാഗതവും അസ്സോസിയേഷൻ സെക്രട്ടറി നന്ദിയും പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും നടത്തപ്പെടുകയുണ്ടായി.

## ക്രിസ്തുമസ് ദിനം

സ്നേഹത്തിന്റെ സന്ദേശവുമായി ഓടിയെത്തിയ ക്രിസ്തുമസ് ദിനവും മലയാള കുടുംബം ആഹ്ലാദപൂർവ്വം കൊണ്ടാടി. ഡോ. വി. എം. മാത്യു സാറിന്റെ അദ്ധ്യക്ഷ തയിൽ റവ: ഫാദർ പി. ടി. തോമസ് ക്രിസ്തുമസ് സന്ദേശം നല്കി. മൂന്നാം വർഷ വിദ്യാർത്ഥികളുടെ പുതുമകൾ നിറഞ്ഞ ക്രിസ്തുമസ് പരിപാടി എല്ലാവരേയും പുളകം കൊള്ളിച്ചു.

## ആർട്സ് ഫെസ്റ്റിവൽ

'ധ്വനി'95 എന്ന പേരിൽ യൂണിയൻ ഭാരവാഹികൾ സംഘടിപ്പിച്ച കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയന്റ് നേടി മലയാള സമാജം ഒന്നാം സ്ഥാനവും കോളേജ്യൂണിയൻ ട്രോഫിയും കരസ്ഥമാക്കി.

1996-മാർച്ച് 1ന് മൂന്നാം വർഷ വിദ്യാർത്ഥികൾക്കേകിയ യാത്രയയപ്പോടെ മലയാള സമാജത്തിന്റെ ഈ വർഷത്തെ പ്രവർത്തനത്തിന് തിരശ്ശീല വീണു.

മലയാള സമാജത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് സഹകരണവും ഉപദേശവും നൽകിയ ഞങ്ങളുടെ എല്ലാ നല്ല അദ്ധ്യാപകർക്കും അസ്സോസിയേഷന്റെചുമതല നിറവേറ്റാൻ എന്നെ സഹായിച്ച എന്റെ എല്ലാ നല്ല കൂട്ടുകാർക്കും നിറഞ്ഞസ്നേഹത്തോടെ, നന്ദിയോടെ ഈ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു...

സെക്രട്ടറി
സ്കറിയ ജോർജ്




# MATHEMATICS ASSOCIATION

ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്വാഗതം ആശംസിക്കുന്ന ചടങ്ങോടെ ആരംഭിച്ച അസ്സോസിയേഷന്റെ 1995-96 വർഷത്തെ പ്രവർത്തനങ്ങളുടെ ഉത്ഘാടനം ഔപചാരികമായി ഒക്ടോബർ 18-ന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ''സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്''ലെ അധ്യാപകനായ പ്രൊ. എം. പി. മത്തായി നിർവ്വഹിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊ. എം.വി.പീറ്റർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഉത്ഘാടകൻ ഗാന്ധി സത്തെപ്പറ്റി ക്ലാസ്സെടുത്തു.

എൻ. എസ്.എസിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് നടത്തിയ അത്തപ്പൂക്കള മത്സരത്തിലും കേരളപ്പിറവിയോടനുബന്ധിച്ച് നടത്തിയ കേരളീയത്തിലും അസ്സോസിയേഷൻ ആവേശപൂർവ്വം പങ്കെടുത്തു. കെ.ഇ. കോളേജ് മാന്നാനം, ബി.സി.എം. കോളേജ് കോട്ടയം എന്നിവടങ്ങളിൽ വച്ച് നടന്ന ഗണിത ശാസ്ത്ര ക്വിസ്സുകളിൽ അസ്സോസിയേഷന്റെ പ്രാതിനിധ്യം ഉണ്ടായിരുന്നു.

പാഠ്യ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകുന്നതിനായി ഏർപ്പെടുത്തിയ ക്യാഷ് അവാർഡുകൾ നിഷാന്തേക്കബ്, നിഷാ മാത്യു എന്നിവർ കരസ്ഥമാക്കി. അഭിനന്ദനങ്ങൾ. വിവിധപ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന അസ്സോസിയേഷന്റെ സമാപന സമ്മേളനം ഫെബ്രുവരി 15 -നായിരുന്നു. അസ്സോസിയേഷന്റെ ഈവർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച പീറ്റർ സാറിനോടും അത് പ്രാവർത്തികമാക്കാൻ സഹായിച്ച സുഹൃത്തുക്കൾക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് വിനയപൂർവ്വം നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

സെക്രട്ടറി,
ശിവറാം .ഇ.എസ്.



# മലയാള സമാജം

വർണങ്ങൾ നിറഞ്ഞ മനസ്സുമായി മലയാള കുടുംബത്തിലേക്ക് കടന്നുവന്ന ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 13-7-95 ൽ നൽകപ്പെട്ട സ്നേഹത്തിൽ കുതിർന്ന വരവേൽപ്പോടെ മലയാള അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല ഉയർന്നു.

**ഓണാഘോഷം**

മൺമറഞ്ഞ ഒരുനല്ലകാലത്തിന്റെ സുന്ദരസ്മൃതികളുമായി ഓണക്കാലവും ഓടിയെത്തി. മലയാള കുടുംബത്തിന്റെ പിതാവ് പ്രൊഫ.കെ.ജെ.ജോസഫ് സാറിന്റെ അദ്ധ്യക്ഷതയിൽ ഓണാഘോഷപരിപാടികൾ നടത്തി. ബാബു സാർ, ഫിലിപ്പ് ജോൺ സർ, മാത്യുസർ തുടങ്ങിയവർ മധുരസ്മരണകളുടെ നിറപ്പകിട്ടേറിയ ഓണാശംസകൾ നേരുകയുണ്ടായി. ആസ്വാദ്യകരമായ ഓണപ്പാട്ടുകളും കഥാപ്രസംഗവും മറ്റ് കലാപരിപാടികളും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

**സ്വീകരണം**

'ആദ്യകാല വൈജ്ഞാനിക സാഹിത്യം മലയാളത്തിൽ' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ഫിലിപ്പ് ജോൺ സാറിന് ഒക്ടോബർ 19-ാം തീയതി ഊഷ്മളമായ സ്വീകരണവും സ്നേഹോപഹാരവും നൽകുകയുണ്ടായി.

**അനുസ്മരണം**

1995- നവംബർ 14-ന് അന്തരിച്ച, പ്രശസ്തനാടകകൃത്തും നാടക സാഹിത്യകാരനുമായ ശ്രീ. എൻ. എൻ. പിള്ളയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള അനുശോചന യോഗം കൂടുകയുണ്ടായി. ചടങ്ങിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും എൻ. എൻ. പിള്ളയുടെ നാടകസംഭാവനകൾ അനുസ്മരിച്ചു.

**കേരളപ്പിറവി.**

കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളീയം 95 എന്ന പേരിൽ കേരളപ്പിറവി ആഘോഷിച്ചു. കോളേജ് യൂണിയൻ സംഘടിപ്പിച്ച സാംസ്കാരിക ഘോഷയാത്രയും നിശ്ചലദൃശ്യങ്ങളും ഘോഷയാത്രയ്ക്ക് തിളക്കമേറ്റി. ഘോഷയാത്രയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മലയാള കുടുംബം അധികാരികളുടെയും അദ്ധ്യാപകരുടെയും യൂണിയൻ ഭാരവാഹികളുടെയും മുക്തകണ്ഠമായ പ്രശംസ നേടിയെടുത്തു.

**ഉദ്ഘാടനം**

മലയാള സമാജത്തിന്റെ 1995-96 വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ശങ്കരാചാര്യ സംസ്കൃത കോളേജിലെ പ്രൊഫ. ഡോ. സ്കറിയ സക്കറിയ 1995 നവംബർ 22-ാം തീയതി നിർവ്വഹിച്ചു. ചടങ്ങിൽ പ്രൊഫ. കെ. ജെ. ജോസഫ് അദ്ധ്യക്ഷപദം അലങ്കരിച്ചു. സന്തോഷ് പി. എസ് സ്വാഗതവും അസ്സോസിയേഷൻ സെക്രട്ടറി നന്ദിയും പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും നടത്തപ്പെടുകയുണ്ടായി.

**ക്രിസ്തുമസ് ദിനം**

സ്നേഹത്തിന്റെ സന്ദേശവുമായി ഓടിയെത്തിയ ക്രിസ്തുമസ് ദിനവും മലയാള കുടുംബം ആഹ്ലാദപൂർവ്വം കൊണ്ടാടി. ഡോ.വി.എം.മാത്യു സാറിന്റെ അദ്ധ്യക്ഷതയിൽ റവ: ഫാദർ പി. ടി. തോമസ് ക്രിസ്തുമസ് സന്ദേശം നൽകി. മൂന്നാം വർഷ വിദ്യാർത്ഥികളുടെ പുതുമകൾ നിറഞ്ഞ ക്രിസ്തുമസ് പരിപാടി എല്ലാവരെയും പുളകം കൊള്ളിച്ചു.


**ആർട്സ് ഫെസ്റ്റിവൽ**

'ധ്വനി'95 എന്ന പേരിൽ യൂണിയൻ ഭാരവാഹികൾ സംഘടിപ്പിച്ച കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയന്റ് നേടി മലയാള സമാജം ഒന്നാം സ്ഥാനവും കോളേജ് യൂണിയൻ ട്രോഫിയും കരസ്ഥമാക്കി.

1996-മാർച്ച് 1ന് മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് നൽകിയ യാത്രയയപ്പോടെ മലയാള സമാജത്തിന്റെ ഈ വർഷത്തെ പ്രവർത്തനത്തിന് യവനിക വീണു.

മലയാള സമാജത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് സഹകരണവും ഉപദേശവും നൽകിയ ഞങ്ങളുടെ എല്ലാ നല്ല അദ്ധ്യാപകർക്കും അസ്സോസിയേഷന്റെചുമതല നിറവേറ്റാൻ എന്നെ സഹായിച്ച എന്റെ എല്ലാ നല്ല കൂട്ടുകാർക്കും നിറഞ്ഞ സ്നേഹത്തോടെ, നന്ദിയോടെ ഈ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു...

സെക്രട്ടറി
സ്കറിയ ജോർജ്



## HARITHA NATURE CLUB


*The activities of the Haritha nature club started by the membership campaign. Altogether, there are 72 nature loving degree students in this movement. 57 member, including 27 ladies ,participated in a one day "Eco interaction programme in and around Thodupuzha". The participates were astonished by the enchanting beauty of Ameren cavu- an everygreen forest which is spread one an area of about 3 hectares in the midst of a municipal town !!*

*We also noticed the impact of eco -tourism-when we visited the tourist centre-' Thomman kuthu. We were also fascinated by the genetic diversity of the shola forests and the adjoining Reed forests at Thomman kuthu'.*

*30 members participated in the 3-day- nature Camp at Thekkady .thanks to the kerala forests department for arranging such nice programme. so that the participate were able to the know and peep into the deep woods of Thekkady.*

*Haritha Nature Club under the leadership of prof. George Murickan and prof. Prasad Paul is helping the younger generation to create an awareness about the urgent need of conservation and preservation of natural heritage. They are also planning to make our campus more green.*

Secretary
Ajikumar.B.




## ZOOLOGY ASSOCIATION

*The activities of the zoology association were formally inagurated by Dr. N.N. Sudhakara M.B.B.S, MSc. on 16 th November 1995. The function was presided over by our beloved Head of the Department Prof.V.J. Mathew. Prof.IssacThomas, Our principal and Mr.Tomy Scaria, Chairman of the college union addressed the students of the occasion. Dr. Sudhakaran delevered a talk on common diseases. Various cultural programmes by the students made the function colourful.*

*A formal zoology day was celeberated on 7th March 1996. Dr.Santhosh Babu (Govt. Hospital, Thalayolaparambu.) was the Cheif Guest. He made an interesting talk on the social aspects of AIDS. The welcome speech was delivered by Mr. Joseph John, association secretary and the vote of thanks was given by Divya.K.*

*On 12th March 1996, there was a sent off meeting to our beloved Head of the department,*
*Prof. V.J. Mathew who is retiring from the College. I am most thankful to him for his full hearted co-operation & advice in all my efforts to fulfil my duties. I also thank all the teachers of the department of zoology and students.*

*Secretary*
*Joseph John,*



## Physics Association

**ഉദ്ഘാടനം**

ഈ അസ്സോസിയേഷന്റെ ഈ വർഷത്തെ ഉദ്ഘാടനം 1995 ഓഗസ്റ്റ് 4-ാം തീയതി ആവേശഭരിതമായ സദസ്സിൽ വച്ച് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി School of Pure Applied Physics ലെ ഡയറക്ടറായ ഡോ. എം. എ. ഇട്ട്യാച്ചൻ ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. തദവസരത്തിൽ ഡിപ്പാർട്ട് മെന്റിന്റെ മേധാവി പ്രൊഫ. പി.ജെ. ജോൺ അദ്ധ്യക്ഷം വഹിച്ചു. വിശിഷ്ടാതിഥി "New Meterials' എന്ന വിഷയത്തെപ്പറ്റി മനോഹരമായ ഒരു ക്ലാസ് എടുക്കുകയുണ്ടായി.


**ഓണാഘോഷം**

ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ നടത്തുകയുണ്ടായി. നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടന്ന അത്തപ്പൂക്കള മത്സരത്തിൽ ഈ അസ്സോസിയേഷന് രണ്ടാം സമ്മാനം ലഭിച്ചു എന്നത് അഭിമാനാർഹമാണ്.

ഇംഗ്ലീഷ് അസ്സോ സിയേഷൻ നടത്തിയ **Literary Quiz** ൽ ഈ അസ്സോസിയേഷനിലെ വിദ്യാർത്ഥികളായ സജയൻ.ജിയും, രാജേഷ് കെ. വർഗ്ഗീസും ഉൾപ്പെട്ട ടീം സമ്മാനം നേടുകയുണ്ടായി. അതുപോലെ തന്നെ കോളേജ് Arts Festival-ന് ഈ അസ്സോസിയേഷനിലെ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു . വിജയികൾക്കെല്ലാം ഹാർദ്ദവമായ അഭിനന്ദനങ്ങൾ.

ഈ അസ്സോസിയേഷന്റെ തുടക്കം മുതൽക്കുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ജോൺ സാറിനോടും മറ്റു അദ്ധ്യാപകരോടും സഹപാഠികളോടും നന്ദി പറഞ്ഞുകൊണ്ട്

നിങ്ങളുടെ
സെക്രട്ടറി
അനീഷ് .എസ്സ്



# QUIZ CLUB

"Towards A Better Self And Enlightened Nation" എന്നതാണ് ക്വിസ്സ് ക്ലബ്ബിന്റെ മോട്ടോ. ഡയറക്ടർ ശ്രീ. പ്രസാദ് പോളിന്റെ (Dept of Chemistry) നേതൃത്വത്തിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ 95-96 അധ്യയന വർഷത്തെ സെക്രട്ടറിയായി ശ്രീ. അനുശങ്കർ (Bsc Maths) ജോയിന്റ് സെക്രട്ടറിയായി ശ്രീ. അഭിലാഷ് G. (IIBSc Maths) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ക്വിസ്സ്ക്ലബ്ബിന്റെ 95-96 അധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 1995 നവംബർ 30-ാം തീയതി ബഹു. മാന്യപ്പെട്ട പ്രിൻസിപ്പൽ പ്രൊഫ. ഐസക് തോമസ് നിർവ്വഹിച്ചു.

മഹാത്മാഗാന്ധിയുടെ 125-ാം ജന്മദിനവും, യു.എൻ.ന്റെ അമ്പതാം വാർഷികവും പ്രമാണിച്ച് മൂന്ന് തലങ്ങളിലായി നടത്തിയ ഗാന്ധി- യു.എൻ ക്വിസ് വിദ്യാർത്ഥികളുടെ ശ്രദ്ധ ആകർഷിക്കുകയുണ്ടായി. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളെയുംപങ്കെടുപ്പിച്ചു കൊണ്ടുള്ള ഒന്നാം തല മത്സരം നവംബർ മൂന്നാം തീയതി നടത്തി. ഓരോ ക്ലാസിൽ നിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവർ ഉൾപ്പെട്ട ടീമുകൾ തമ്മിലുള്ള രണ്ടാം തല മത്സരം ജനുവരി 24-ാം തീയതി നടത്തുകയുണ്ടായി. രണ്ടാം തല മത്സരത്തിൽ വിജയികളായ അഞ്ചു ടീമുകളെ ഉൾപ്പെടുത്തി കൊണ്ട് ഫെബ്രുവരി 27-ാം തീയതി നടത്തിയ അവസാനതല മത്സരത്തിൽ ഫസ്റ്റ് പി.ഡി.സി ഫസ്റ്റ് ബാച്ചിനെ പ്രതിധിധീകരിച്ചു. ധനീഷ് ജോസഫ്, രാജു മാത്യു ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഫസ്റ്റ്. ബി. എസ്. സി. ഫിസിക്സ് വിദ്യാർത്ഥികളായ പോൾ ജോർജ്, നോബിൾ മാത്യു, ഉമേഷ് ജോസ് ടീം രണ്ടാം സ്ഥാനവും രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥികളായ രാജേഷ് ആർ, രമേഷ് വി.സി, ദീപാ കുര്യൻ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഫെബ്രുവരി ഏഴാം തീയതി കെ.എസ്. ഇ. ബി. നടത്തിയ ഇലക്ട്രിസിറ്റി ക്വിസിൽ ധനീഷ് ജോസഫ് (ഫസ്റ്റ് പി.ഡി. സി.) ഷിനു (തേർഡ് കെമിസ്ട്രി) എന്നിവർ യഥാക്രമം ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടി. ഫെബ്രുവരി 15-ാം തീയതി സി.എം.എസ്. കോളേജിൽ നടന്ന രണ്ടാം തല മത്സരത്തിൽ ഇവർ പങ്കെടുത്തു.

ക്വിസ്സ്ക്ലബ്ബിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരോടും ക്വിസ് ക്ലബ്ബിനുള്ള നന്ദിയും കൃതജ്ഞതയും അറിയിക്കുന്നു.

സെക്രട്ടറി
അനുശങ്കർ.പി. എൻ.

# ബോട്ടണി അസ്സോസിയേഷൻ


95 നവംബർ 21-ാം തീയതി പ്രൊഫ. കെ.സി. ജോസഫ്, (ബോട്ടണി ഡിപ്പാർട്ട്മെന്റ് സെന്റ് സ്റ്റീഫൻസ് കോളേജ് ഉഴവൂർ) ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ പ്രൊഫ. ജെയിംസ് ജോസഫ്, അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം ഞങ്ങളുടെ മുഖ്യാതിഥി പ്രൊഫ. ജോസഫ് കുട്ടനാട്ടിലെ നെൽപ്പാടങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കളകളെ കുറിച്ച് വിശദീകരിച്ചു.

95 നവംബർ 2-ന് ദേവമാതാകോളേജ് യൂണിയൻ സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷ റാലിയിലും നിശ്ചല ദൃശ്യമത്സരത്തിലും സസ്യശാസ്ത്ര വിഭാഗം പങ്കെടുക്കുകയുണ്ടായി.

95-96 അദ്ധ്യയന വർഷത്തിൽ ദേവമാതായിലെ നാഷണൽ സർവ്വീസ് സ്കീം സംഘടിപ്പിച്ച അത്തപ്പൂക്കള മത്സരത്തിൽബോട്ടണിഅസ്സോസിയേഷന് മുൻവർഷങ്ങളിലെപ്പോലെ തന്നെ ഒന്നാം സ്ഥാനം നിലനിർത്താൻ കഴിഞ്ഞു എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

ഈഅദ്ധ്യയനവർഷത്തിലേക്കുള്ള ബോട്ടണിഅസ്സോസിയേഷൻ പ്രവർത്തനങ്ങൾ ഇത്ര ഭംഗിയായും ഗംഭീരമായും അവതരിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകരോടും നിസ്വാർത്ഥ സഹകരണം കാഴ്ചവച്ച എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളോടും അസ്സോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ ഞാൻ നന്ദിയുള്ളവനായിരിക്കും.

എന്ന്
സെക്രട്ടറി
Ajikumar B.
II Dc. Zoology



# കെമിസ്ട്രി അസ്സോസിയേഷൻ


അസ്സോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 1995 ഒക്ടോബർ 27-ാം തീയതി വെള്ളിയാഴ്ച School of Chemical Sciences, M.G. University തലവനായ ഡോ. രാജശേഖരൻ പിള്ള നിർവ്വഹിച്ചു. തുടർന്ന് അദ്ദേഹം ഉന്നതപഠനത്തെക്കുറിച്ച് വിദ്യാർത്ഥികളോട് സംസാരിച്ചു. അസ്സോസിയേഷന്റെ സെക്രട്ടറി പ്രസാദ് അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ കുമാരി ജോഷ്മി കൃതജ്ഞത രേഖപ്പെടുത്തി.

അസ്സോസിയേഷൻ പ്രവർത്തനങ്ങളുടെ മുഖ്യാകർഷണം, വർഷം തോറും നടത്തിവരുന്ന All Kerala Colligiate Chemi Quizé Competition ആണ്. ഈ മത്സരത്തിൽ ദേവമാതാകോളേജിനെ പ്രതിനിധീകരിച്ച് മൂന്നാം വർഷ വിദ്യാർത്ഥികളായ ഷിനു വർഗ്ഗീസും, നിഷാമോളും ഒന്നാം സ്ഥാനം കരസ്ഥമാക്കിയെന്നത് തികച്ചും അഭിമാനാർഹമാണ്.

ഓണാഘോഷത്തോടനുബന്ധിച്ച് എൻ.എസ്. എസ്. നടത്തിയ പൂക്കളമത്സരത്തിൽ രണ്ടാം സ്ഥാനം കൈവരിച്ചതും കേരളപ്പിറവിയോടനുബന്ധിച്ച് നടന്ന മത്സരത്തിൽ രണ്ടാം വർഷ വിദ്യാർത്ഥിനിയായ അമൃത റിനു എബ്രഹാം മലയാളമങ്കയായി തെരഞ്ഞെടുക്കപ്പെട്ടു എന്നതും തികച്ചും അഭിമാനകരമായ നേട്ടങ്ങളാണ്. വിജയികൾക്ക് അഭിനന്ദനങ്ങൾ.

അസ്സോസിയേഷൻ പ്രവർത്തനങ്ങളുടെ വിജയത്തിന് എന്നോടൊത്ത് സഹകരിച്ച് പ്രവർത്തിച്ച എല്ലാ സുഹൃത്തുക്കൾക്കും ഹൃദയാംഗമായ നന്ദി രേഖപ്പെടുത്തുന്നു.

സെക്രട്ടറി,
പ്രസാദ് പി.കെ



# കൊമേഴ്സ് അസ്സോസിയേഷൻ

## ഉദ്ഘാടനം

1995-96 അദ്ധ്യയന വർഷത്തിലെ കർമ്മ പരിപാടികൾക്ക് 1995 ഒക്ടോബർ 19-ാം തിയതി പ്രൊഫ. എം .സിമോജൻ (DY Director, Collegiate Education Dept.) ഭദ്രദീപം കൊളുത്തി നാന്ദികുറിച്ചു. പ്രൊഫ. റ്റി.സി.കുര്യാക്കോസ് അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ പ്രിൻസിപ്പൽ മേജർ ഐസക് തോമസ് ആശംസാപ്രസംഗം നടത്തി. ജിജോ ലൂക്കോസ് പി.ജെ സ്വാഗതവും, അസ്സോസിയേഷൻ സെക്രട്ടറി ജോസഫ് എം.സി. കൃതജ്ഞതയും പറഞ്ഞു.

## നേട്ടങ്ങൾ

ആന്റി നാർക്കോട്ടിക് അസ്സോസിയേഷൻ നടത്തിയ അഭിപ്രായ സർവ്വേയിൽ ശ്രദ്ധേയമായ അഭിപ്രായങ്ങൾ അവതരിപ്പിച്ച് മുഴുവൻ സമ്മാനങ്ങളും കൊമേഴ്സ് അസ്സോസിയേഷൻ നേടിയെടുത്തു. യാനിക്-ൽ കൊമേഴ്സ് അസ്സോസിയേഷൻ രണ്ടാം സ്ഥാനം നേടി. ഡിസംബർ മാസം യൂണിവേഴ്സിറ്റി യൂണിയൻ നടത്തിയ കരിയർ സെമിനാറിൽ ഏറ്റവും അധികം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാൻ അസ്സോസിയേഷനു സാധിച്ചു.

1995 നവംബർ 2-ന് കോളേജ് യൂണിയൻ സംഘടിപ്പിച്ച സാംസ്കാരിക ഘോഷയാത്രയിൽ, (കേരളീയം-''96) മികച്ച റാലിയും ,നിശ്ചല ദൃശ്യവും സംഘടിപ്പിക്കാനായി കേരളത്തിന്റെ വർത്തമാനകാല യാഥാർത്ഥ്യങ്ങളിലെക്ക് വിരൽ ചൂണ്ടിയ നിശ്ചല ദൃശ്യം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## പഠന ശിബിരങ്ങൾ

Modern Banking System എന്ന വിഷയത്തെ ആസ്പദമാക്കി ടി.ആർ. രാമനുണ്ണി MSc,LLB,FCA അർദ്ധദിന സെമിനാർ നയിച്ചു. 1995 ഡിസംബർ ഒന്നിന് പ്രൊഫ.ടോമി ചെറിയാൻ (സെന്റ് തോമസ് കോളേജ് പാലാ) സംഘടിപ്പിച്ച ഏകദിന സെമിനാർ ഒരുവൻവിജയമായി.

1995 ഡിസംബർ 19-ന് കൊമേഴ്സ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച സായാഹ്ന ക്ലബ്ബ് കൊമേഴ്സ് ഫോറം പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രൊഫ.ടി.സി. കുര്യാക്കോസ് ഉദ്ഘാടനം നിർവ്വഹിച്ച ക്ലബ്ബിന് പ്രൊഫ വി.ജെ. പോൾ നേതൃത്വം നൽകി. 1996 ജനുവരി 23-ന് 'Practical Accounting - എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ.എം. വി.ടോമി എം.സി.എ ക്ലാസെടുക്കുകയുണ്ടായി.

1996 ജനുവരി-1 ന് എസ്. ബി കോളേജിൽ വച്ച് നടന്ന കൊമേഴ്സ് ക്രോസ്സ്‌റി മത്സരത്തിലും, ജനുവരി -31ന് നടന്ന യൂണിവേഴ്സിറ്റി നാടക മത്സരത്തിലും കൊമേഴ്സ് അസ്സോസിയേഷൻ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു.

## ഇന്റർ കൊളീജിയറ്റ് ക്വിസ്സ് മത്സരം

1996 ഫെബ്രുവരി 13-ന് സംഘടിപ്പിച്ച ക്വിസ് മത്സരത്തിന്റെ ഉദ്ഘാടനം പ്രൊഫ.(മേജർ) ഐസക് തോമസ്സ് നിർവ്വഹിച്ചു. എസ്.ബി കോളെജ് ചങ്ങനാശ്ശേരി, എസ്.ഡി.കോളേജ് കാഞ്ഞിരപ്പള്ളി, സെന്റ് തോമസ് പാലാ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി

## കൊമേഴ്സ് ദിനാചരണം

1996 ഫെബ്രുവരി 13-ന് നടന്ന കൊമേഴ്സ് ദിനാചരണത്തിൽ ഡോ.ജോബി ജേക്കബ് (General Manager GICo Limited) ഉദ്ഘാടനം നിർവ്വഹിച്ചു. പ്രൊഫ.ടി.സി. കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ജോസഫ് എം.സി. സ്വാഗതം ആശംസിച്ചു.

1996 ഫെബ്രു 29-ാം തിയതി നടന്ന കോളേജ് ഡേയിൽ ഏറ്റവും മികച്ച അസ്സോസിയേഷനുള്ള യൂണിയൻ ട്രോഫി കൊമേഴ്സ് സെക്രട്ടറി ജോസഫ് എം.സി. ഏറ്റുവാങ്ങി. അസ്സോസിയേഷന്റെ വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങളേയും സ്മരിച്ച്കൊണ്ട് ഈ വാർഷിക റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

സെക്രട്ടറി,
ജോസഫ് എം.സി.

# കരിയർ ദീപിക കരിയർ ക്ലബ്ബ്

വിദ്യാർത്ഥികളുടെ കരിയർ സംബന്ധമായ തലങ്ങളിൽ അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നല്കുക എന്നതിലൂടെ വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിലൂടെ ''നിങ്ങൾക്ക് ഒരു നല്ല കരിയർ'' എന്ന ലക്ഷ്യത്തോടെ ദീപിക ദിന പത്രത്തിന്റെ സഹകരണത്തോടെ കരിയർ ദീപിക കരിയർ ക്ലബ്ബ് കോളേജിൽ പ്രവർത്തിക്കുന്നു.

1995 ഡിസംബർ 30-ാം തിയതി നടന്ന കരിയർ സെമിനാറിൽ വച്ച് വൈസ് പ്രിൻസിപ്പൽ ഫാ.ജോസഫ് പുതുമന കരിയർ ദീപിക കരിയർ ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. (മേജർ) ഐസക് തോമസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പ്രൊഫ. എം.എസ് മൈക്കിൾ രാഷ്ട്രദീപിക ലിമിറ്റഡ് മാർക്കറ്റിംങ് മാനേജർ ശ്രീ. ടോം സിറിയക് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന ഏകദിന കരിയർ സെമിനാറിൽ ശ്രീ ടോം സിറിയക് (വ്യക്തിത്വവികസനം ) , ശ്രീമാത്യു കൊട്ടുകുളം (ഇന്റർവ്യു ടെക്നിക്കുകൾ ) എന്നിവർ ക്ലാസ്സുകളെടുത്തു. ഈ വർഷത്തെ കരിയർ ക്ലബ്ബിന്റെ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്ന പ്രിൻസിപ്പൽ ഐസക്ക് സാറിനും പുതുമന അച്ചനും, കോഓർഡിനേറ്റർ പ്രൊഫ. എം.എസ്. മൈക്കിളിനും അദ്ധ്യാപക-അനദ്ധ്യാപകർക്കും, ക്ലബ്ബിന്റെ ചൈതന്യമായ എല്ലാ അംഗങ്ങൾക്കും നന്ദി.

Jaleesh Peter
Campus Correspondent
and Convener career Club.

# കാത്തലിക് സ്റ്റുഡൻറ്സ് മൂവ്മെൻറ്

1995-96 അധ്യയനവർഷത്തിൽ ഈ കോളേജിലെ സി.എസ്.എം. യൂണിറ്റ് വൈവിധ്യമാർന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയുണ്ടായി. കോളേജ് തലത്തിലും സംസ്ഥാനതലത്തിലും നടന്ന പരിപാടികളിൽ സജീവ പങ്കാളിത്തം വഹിക്കാൻ യൂണിറ്റിനു കഴിഞ്ഞു.

യുവജനങ്ങളുടെ സമഗ്രമായ വ്യക്തിത്വ വികാസം ലക്ഷ്യമാക്കിയാണ് സി.എസ്. എം. അതിന്റെ ആരംഭം മുതൽതന്നെ പ്രവർത്തിച്ചു പോന്നിട്ടുള്ളത്. പ്രസ്തുതലക്ഷ്യം സാർത്ഥകമാക്കുവാൻ സഹായകമായ കർമ്മ പദ്ധതി -change- ഈ വർഷത്തെ പ്രത്യേകതയായിരുന്നു. മുൻവർഷങ്ങളിലേപ്പോലെ ആദ്ധ്യാത്മികമായ ഉൽക്കർഷത്തിനായിരിക്കണം ഈ വർഷവും മുൻതൂക്കം നൽകേണ്ടതെന്ന് ആദ്യ എക്സിക്യൂട്ടീവ് തീരുമാനിച്ചു.

## പ്രാർത്ഥനായോഗങ്ങൾ

'എന്റെ പിന്നാലെ വരിക' എന്ന് ആഹ്വാനം ചെയ്ത യേശുവിന്റെ ശിഷ്യത്വത്തിലേക്ക് വിദ്യാർത്ഥികളെ വളർത്തുന്നതിനായി എല്ലാ ചൊവ്വാഴ്ച്ചകളിലും ക്ലാസിനുശേഷം 'ശിഷ്യത്വ പരിശീലനം' നടത്തപ്പെട്ടു. ക്യാമ്പസ് ഫുൾടൈമർ ബ്രദർ റജി, സിസ്റ്റർ ഗീത, എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. പരിശീലനത്തിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ച്ചകളിലും ക്ലാസിനുശേഷം പ്രാർത്ഥനായോഗങ്ങൾ നടത്തപ്പെടുകയുണ്ടായി. എല്ലാമാസത്തിലെയും ആദ്യവെള്ളിയാഴ്ച്ചകളിൽ രാവിലെ 9മണിക്ക് കോളേജ്മിനി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട വി. കുർബ്ബാനയിൽ സി. എസ്. എം പ്രവർത്തകരും, അദ്ധ്യാപകരും മറ്റു വിദ്യാർത്ഥികളും പങ്കെടുത്തു.

ഒക്ടോബർമാസത്തെ അവസാനത്തെ പത്തു ദിവസങ്ങളിൽ കോളേജിലെ സി.എസ്.എം. പ്രവർത്തകർ ഒരുമിച്ച്കൂടി പരിശുദ്ധ ദൈവമാതാവിന്റെ ജപമാല നടത്തി. കോളേജിലെ എല്ലാ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഈ വർഷവും ഒക്ടോബർ 19,20,21 തീയതികളിൽ നവീകരണ കൺവെൻഷൻ നടത്തി.

## ക്യാമ്പുകളും മറ്റു പരിപാടികളും

ഈ യൂണിയന്റെ ഈ വർഷത്തെ കർമ്മപദ്ധതി സുവ്യക്തമാക്കും വിധം സംഘടിപ്പിക്കപ്പെട്ട പ്രഥമ ക്യാമ്പായിരുന്നു CHANGE' 95 ഓഗസ്റ്റ് മാസം 11 ന് ആരംഭിച്ച് 13 ന് അവസാനിച്ചു. നാഷണൽ അക്കാഡമി ഫോർ മാനേജ്മെന്റ് എക്സലൻസ് ഡയറക്ടർ ശ്രീ. ജോർജ് കരുണാകൽ, ജേസിസ്സ് സോൺ ട്രെയിനർ ശ്രീനന്ദകുമാർ, പാലാ സെന്റ്തോമസ് കോളേജ് അദ്ധ്യാപകൻ ശ്രീ. ടോമി ചെറിയാൻ എന്നിവർ ക്യാമ്പിനെ നയിച്ചു. ഗ്രൂപ്പ് ചർച്ചകൾ, ഡിബേറ്റ്, കലാപരിപാടികൾ എന്നിവ ക്യാമ്പിനെ സജീവമാക്കി.

**CSM:** നവാഗതർക്കായി സംഘടിപ്പിക്കപ്പെട്ട 'Lumen-95' എന്ന ക്യാമ്പ് ഒക്ടോബർ 13,14,15 തീയതികളിൽ നടത്തി. ക്യാമ്പിന്റെ ലക്ഷ്യം വിദ്യാർത്ഥികളെ പുതിയ വെളിച്ചത്തിലേക്ക് നയിക്കുക എന്നതായിരുന്നു. റവ.ഫാ. തോമസ്പാറക്കൽ,റവ.ഫാ.ജോസഫ് പരിയാത്ത്, ഡോ.ഫിലിപ്പ് ജോൺ, പ്രൊഫ. റോയി സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് നയിച്ചു.

വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമായ ഒരു ഗ്രന്ഥശേഖരം ഈ യൂണിറ്റിന്റെ പ്രത്യേകതയാണ്. ധാരാളം ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും ഇതരപുസ്തകങ്ങളും വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയോജനപ്പെടുന്നു. 1995 നവംബർ 25, ഡിസംബർ 21 എന്നീ തീയതികളിൽ നടത്തിയ സംസ്ഥാന കലാമേളയിൽ ഈ കോളേജിലെ അംഗങ്ങൾ പങ്കെടുക്കുകയും വിവിധയിനങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. കൂടാതെ മൂവാറ്റുപുഴ നിർമ്മലാകോളേജ് സി. എസ്. എം. യൂണിറ്റ് സംഘടിപ്പിച്ച ഫാ. ജോൺ വള്ളമറ്റം ട്രോഫി ഡിബേറ്റ് മത്സരത്തിൽ ദേവമാതാകോളേജ് ടീം രണ്ടാം സമ്മാനാർഹമായി എന്നത് ഈ യൂണിറ്റിന് അഭിമാനം നൽകുന്ന ഒന്നാണ്. യൂണിറ്റ് പ്രസിഡന്റ് ജലീഷ് പീറ്റർ, കുമാരി ധന്യാജോർജ്ജ് എന്നിവരായിരുന്നു ടീമംഗങ്ങൾ. നമ്മുടെ കോളേജിൽ നടത്തുന്ന ജോബിഫോൾ മെമ്മോറിയൽ പ്രസംഗമത്സരത്തിൽ വിജയികളാകുന്നവർക്കുള്ള ട്രോഫി സി. എസ്. എം യൂണിറ്റ് സംഭാവന ചെയ്തു.

1995-96 പ്രവർത്തനവർഷത്തിൽ സി. എസ്. എം. ന്റെ സംസ്ഥാന ജനറൽസെക്രട്ടറിയും സംഘടനയുടെ സജീവപ്രവർത്തകനുമായ ദേവമാതായിലെ പ്രതിഭയുമായിരുന്ന ശ്രീ.ജിജോ ഡൊമിനിക്കിന് ആശംസകൾ. 1995-96 പ്രവർത്തനവർഷത്തെ കോളേജ് സി.എസ്.എം. കോട്ടയം റീജിയണൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജലീഷ് പീറ്ററിന് ആശംസകൾ.

ആദ്ധ്യാത്മികവും, ബൗദ്ധികവും സാമൂഹികവുമായ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സി. എസ്. എം ന്റെ കൂട്ടായ്മ ദൗത്യം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നത് ഞങ്ങൾക്ക് ആത്മസംതൃപ്തി നൽകുന്നു. ഇതിനായി സഹായിച്ച ഡയറക്ടർ, മാനേജർ, പ്രിൻസിപ്പൽ, അദ്ധ്യാപകർ അനദ്ധ്യാപകർ സി.എസ്.എം. അംഗങ്ങൾ, എന്നിവരോട് ആത്മാർത്ഥമായി നന്ദി അറിയിക്കുന്നു.

സെക്രട്ടറി,

ഫ്രാൻസിസ് കുര്യൻ
II DC ENGLISH





# ആൻറിനാർക്കോട്ടിക്ക് അസോസിയേഷൻ

വിദ്യാർത്ഥികളെ മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും കരാളഹസ്തങ്ങളിൽനിന്നും മോചിപ്പിക്കുക എന്നമഹത്തായ ആദർശവുമായിപ്രവർത്തിക്കുന്നആൻറിനാർക്കോട്ടിക് അസോസിയേഷൻ ബഹു: പ്രിൻസിപ്പാൾ പ്രൊഫ: (മേജർ) ഐസക്തോമസ്സിൻെറ നേതൃത്വത്തിൽ ശ്രദ്ധേയമായ വളരെയധികംപരിപാടികൾ ആസൂത്രണംചെയ്ത നടപ്പിലാക്കുകയുണ്ടായി. അസോസിയേഷൻഡയറക്ടർ പ്രൊഫസർ പി.ഡി.പത്രോസ് (Dept.of commerce നേതൃത്വംനൽകി. പ്രസിഡൻറായി ശ്രീ.ജോമോൻതോമസ്സുംസെക്രട്ടറിയായി ശ്രീ.ജോബിമോൻ സ്കറിയായും ട്രഷററായി ശ്രീ.ഉല്ലാസ് ജി. യും തെരഞ്ഞെടുക്കപ്പെട്ടു. കുമാരി ജൂലിയാ ജോർജ്ജിനെ വൈസ് പ്രസിഡൻറായും കുമാരി ആഷാജോർജിനെ ജോയിൻറ്സെക്രട്ടറിയായും തെരഞ്ഞെടുത്തു.

അസോസിയേഷൻെറ ഈ വർഷത്തെപ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 1995 ഒക്ടോബർ 27-ാം തീയതി വെള്ളിയാഴ്ച്ചകൂടിയ യോഗത്തിൽവച്ച് ഫാദർ ജോൺ എർണ്യാകുളത്തിൽ (ഡയറക്ടർ അഡാർട്ട്)നിർവ്വഹിച്ചു. ഡോക്ടർ എം.പി. മത്തായി (മഹാത്മാഗാന്ധി യൂണിവേഴ്സിററി)പ്രഭാഷണംനടത്തി. ശ്രീടോമി സ്ക്കറിയ (ചെയർമാൻ). ജൂലിയാജോർജ് (വൈസ്ചെയർമാൻ) എന്നിവർ ആശംസകൾ അർപ്പിച്ചു. ജോബിമോൻ സ്ക്കറിയ (സെക്രട്ടറി) ലഹരിവിരുദ്ധപ്രതിജ്ഞചൊല്ലികൊടുക്കുകയും ചെയ്തു. പ്രൊഫ. കെ. എം. ചാക്കോ ( Dept. Eng. )ശ്രീജോമോൻതോമസ് പ്രസിഡൻറ്എന്നിവർ യഥാക്രമം സ്വാഗതവും കൃതജ്ഞതയും പ്രകാശിപ്പിച്ചു.

അധ്യയനവർഷത്തിൻെറ ആരംഭത്തിൽ തന്നെ നവാഗതരായ മുഴുവൻ വിദ്യാർത്ഥികൾക്കും "ലഹരിവർജ്ജിക്കൂ;നിങ്ങളെ രക്ഷിക്കൂ" എന്നാലേഖനം ചെയ്ത മെമ്പർഷിപ് കാർഡ്നൽകി. ഇപ്പോൾ അസ്സോസിയേഷനു 468 അംഗങ്ങളുണ്ട് ഒക്ടോബർ 9-ാം തീയതി മുതൽ 13-ാം തീയതി വരെ അംഗത്വവിതരണ വാരമായി ആചരിച്ചു.

വിദ്യാർത്ഥികളെ മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്കരിക്കുകയെന്നലക്ഷ്യത്തോടെ കോളേജിൻെറമുൻഭാഗത്തു ഒരു നോട്ടീസ് ബോർഡിൽഇവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന നോട്ടീസുകൾ പതിവായി പ്രദർശിപ്പിക്കാറുണ്ട്

ഏകദേശം 80 ഓളം ആൻറിനാർക്കോട്ടിക് അസ്സോസിയേഷൻ പ്രവർത്തകർ 1995 നവംബർ മാസം 19-ാം തീയതി വെള്ളൂർ ന്യൂസ്പ്രിൻറ്ഫാക്ടറി സന്ദർശിച്ചു.

അസ്സോസിയേഷൻെറ ആഭിമുഖ്യത്തിൽ ഒരു അന്തർ സർവ്വകലാശാലാ ക്യാമ്പ്ഡിസംബർ 15, 16, 17തീയതികളിൽ കോളേജിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. ക്യാമ്പിൽ പ്രഗത്ഭരായ അനേകം വ്യക്തികൾ ക്ലാസ്സുകളെടുത്തു.ഡോ.എ.കെ പിറ പ്പനത്ത്. ഫാദർജോൺ പെത്താലിൽഫാ. പോൾപഴേം പള്ളി,ശ്രീജോർജ് ജോസഫ് ആററുപുറം, ഫാ. ജോൺ എർണ്ണിയാകുളത്തിൽ ,ഡോ.എം. പി. മത്തായി ,ഫാ.ജോർജ് കോലോ ത്ത്, ഡോ. എസ്. ഡി. സിങ്, പ്രൊ.കെ. എം. ചാക്കോ എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകൾ എടുത്തു. ക്യാമ്പു പൊതുവെ സമ്പ്രദായം വിജ്ഞാനദായകവുമായിരുന്നു.

മദ്യനിരോധന സമിതിയുടെ സമ്മേളനങ്ങളിലും റാലികളിലും നമ്മുടെ പ്രവർത്തകർ പങ്കെടുത്തു. നിരോധനസമിതി സംസ്ഥാന ജനറൽ സെക്രട്ടറിശ്രീ ജയപ്രകാശ്നാരായണൻെറ നേതൃത്വത്തിൽ കാസർകോഡ് നിന്ന് തിരുവനന്തപുരത്തേക്ക് സംഘടിപ്പിച്ച മദ്യവിരുദ്ധ റാലിക്ക് അസ്സോസിയേഷൻ പ്രവർത്തകർ യൂണിയൻ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ ആവേശമിതമായവരവേല്പ്നൽകി.

ഈ അദ്ധ്യയന വർഷം നടന്ന പ്രകൃതിപഠനക്യാമ്പുകൾക്ക് പ്രൊ.പി.ഡി. പത്രോസ് ശ്രീ ബേബിമാത്യു (Dept. Commercee)എന്നിവർ നേതൃത്വം നൽകി. ഈ വർഷം രണ്ട്പ്രകൃതിപഠനക്യാമ്പുകളാണ് സംഘടിപ്പിച്ചത്.


ഘട്ടം ഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുവാനുള്ള ബഹുമാനപ്പെട്ടകേരള മുഖ്യമന്ത്രിശ്രീ എ.കെ. ആൻറണിയുടെയും അദ്ദേഹത്തിൻെറ മന്ത്രിസഭയുടേയും പ്രവർത്തനങ്ങളെയുംപിന്തുണച്ചുകൊണ്ട് ദേവമാതാകോളേജ് ആൻറിനാർക്കോട്ടിക് അസ്സോസിയേഷൻ പ്രമേയം പാസാക്കുകയുണ്ടായി. യോഗതീരുമാനം അനുസരിച്ച് പ്രവർത്തകർ കേരളാമുഖ്യമന്ത്രിക്ക് കമ്പി ഉയയ്ക്കുകയുണ്ടായി.

കലാലയത്തിനുള്ളിലെ എല്ലാ ദുഷ്പ്രവണതകൾക്കുമെതിരെ പോരാടുവാൻ അസ്സോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തു.

ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട സർവ്വവിധ പ്രോത്സാഹനവും നൽകിയ, അസ്സോസിയേഷൻെറ മുഴുവൻ പ്രവർത്തനങ്ങളിലും ആവേശപൂർവ്വം പങ്കെടുത്ത എല്ലാപ്രവർത്തകർക്കും നന്ദിയുടെ നിറമലരുകൾ അർപ്പിച്ചുകൊണ്ട് അസ്സോസിയേഷൻെറ ധന്യമായ ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

സെക്രട്ടറി

ജോബിമോൻ സ്കറിയ



# ORATORY CLUB



ക്ലബ്ബ് അംഗങ്ങൾ.

ബാബു ചാഴിക്കാടൻ ഡിബേററ് മത്സരം

ഉദ്ഘാടനം തോമസ് ചാഴിക്കാടൻ എം.എൽ.എ.





Best debating team recieving (St.Domenics College Devamatha Trophy from Sri Thomas Chazhikadan

പോൾ മണലിൽ



ജിജോ ലൂക്കോസ്
ജലീഷ് പീറ്റർ
&
ധന്യാജോർജ്

Our Debating Team





## ബോബിപോൾ അനുസ്മരണ സമ്മേളനവും പ്രസംഗമത്സരവും

അനുസ്മരണ പ്രഭാഷണം പ്രൊഫ. സി.തോമസ് എബ്രഹാം.

Prize Jose James St.George College Ist Prize Shijo.Scaria St.Thomas Collage Palai





കരിയർ ഗൈഡൻസ് പ്രോഗ്രാം ഉത്ഘാടനം




Tom Cynad(Rashtra Deepika)

NO:1804 / 9596

## മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക്

(ക്ലിപ്തം )നമ്പർ 3556

| | | |
|---|---|---|
| ഹെഡ് ആഫീസ് | - | മരങ്ങാട്ടുപിള്ളി (ഫോൺ.251040) |
| ബ്രാഞ്ചുകൾ | - | കുര്യനാട് കുറിച്ചിത്താനം |
| | | (ഫോൺ KVD 276, 251090 |
| അംഗങ്ങൾ | - | 8933 |
| ഓഹരി മൂലധനം | - | 32 ലക്ഷം രൂപാ |
| നിക്ഷേപങ്ങൾ | - | 934 ടി |
| നിർപ്പ് വായ്പ്പ | - | 469 ടി |
| പ്രവർത്തന മൂലധനം | - | 1046 ടി |

മീനച്ചിൽ താലൂക്കിലെ ഏറ്റവും മികച്ച സർവ്വീസ് സഹകരണബാങ്ക്. 40 വർഷത്തെ സേവന പാരമ്പര്യത്തോടെ മുന്നേറുന്നു. നിക്ഷേപങ്ങൾക്ക് പരമാവധി 14.5%വരെ പലിശനൽകുന്നു. 63 മാസം കൊണ്ട് നിക്ഷേപങ്ങൾ ഇരട്ടിക്കുന്നു.

അംഗങ്ങൾക്ക് കുറഞ്ഞപലിശ നിരക്കിലുള്ള കാർഷികേതര വായ്പ്പകൾ നൽകുന്നു. വളം കീടനാശിനി, ആസിഡ്, സിമൻറ് എന്നിവയുടെ വിതരണം നടത്തുന്നു. ബാങ്കിൻെറ ഹെഡ് ഓഫീസിൽ സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം.

അബ്രഹാം മാത്യു
പ്രസിഡൻറ്

എൻ.വി.ജോസഫ്
സെക്രട്ടറി

## കുറവിലങ്ങാട് സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തംനമ്പർ 1049

ബ്രാഞ്ചുകൾ:

1, കുറവിലങ്ങാട് ഫോൺ : 347
2, നസ്രത്ത്ഹിൽ ഫോൺ : 627
3, കുര്യം ഫോൺ : 502

| | |
|---|---|
| അംഗങ്ങൾ | 10482 |
| ഓഹരി മൂലധനം | 32 ലക്ഷം |
| നിക്ഷേപങ്ങൾ | 550 ലക്ഷം |
| നില്പ് വായ്പകൾ | 339 ലക്ഷം |
| പ്രവർത്തന മൂലധനം | 644 ലക്ഷം |

നിക്ഷേപങ്ങൾക്ക് 18% വരെ പലിശ.
46 ദിവസത്തെ നിക്ഷേപത്തിന് 13% പലിശ.

സി. റ്റി. മാത്യു ചിറത്തടം
(പ്രസിഡൻറ് )

വി.കെ.മാത്യു, വെള്ളായിപ്പറമ്പിൽ
(സെക്രട്ടറി)

# നാഷണൽ സർവ്വീസ് സ്കീം

1995-96 വർഷം ദേവ മാതാ കോളേജിൽ NSS യൂണിറ്റുകൾ NSS ഡയറക്ടറുമായുള്ള പ്രോഗ്രാം ഓഫീസറുമായ ബഹു. NSS ഡയറക്ടർ, പ്രിൻസിപ്പൽ പ്രൊഫ. (മേജർ) ഐസക് തോമസിന്റെ നേതൃത്വത്തിൽ വളരെ യധികം ശ്രദ്ധേയമായ പരിപാടികളാണ് സംഘടിപ്പിച്ചത്.
ശ്രീ ടി.കെ. തോമസ് (Dept. of chemistry)
ശ്രീ ടി.ടി.തോമസ് (dept. of English)
ഡോ. വി.എം. മാത്യു (dept. of Malayalam)
എന്നീ പ്രോഗ്രാം ഓഫീസർമാർ യൂണിറ്റിന് നേതൃത്വം നൽകി.

<u>വോളൻറിയർ സെക്രട്ടറിമാർ</u>

ബിനോജ് ബി. ചന്ദ്രൻ( II.D. CChemistry.)
രഞ്ജിത്ത് പി. ദാസ് ( II D.C Mathematics)
അമൃത റിനു എബ്രഹാം (II D. C. Chemistr.)എന്നിവരെയും ജോബി തോമസ്, ജിജി കുര്യൻ, ഷിബു ജോസഫ്, അഭിലാഷ് വി. പി. വിനോദ് എം. ജോഷ്മി ജോൺ, ജാസ്മിൻ ജോ, ജിസി സെബാസ്റ്റ്യൻ, ലിസ. പി. സെബാസ്റ്റ്യൻ ജൂലിയാ ജോർജ്, സിന്ധുമോൾ മാത്യൂസ് എന്നിവരും അംഗങ്ങളായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു.

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ദേവമാതാ കോളേജിൽ വച്ച് പ്രിൻസിപ്പൽ പ്രൊഫ. മേജർ ഐസക് തോമസ് നിർവ്വഹിച്ചു. തുടർന്ന് ഒരു ഏകദിന ഓറിയന്റേഷൻ ക്യാമ്പും നടത്തപ്പെട്ടു. ഓണാഘോഷ പരിപാടികളുടെ ഭാഗമായി 30-8- 95 ൽ N.S.S ന്റെ നേതൃത്വത്തിൽ ഒരു അത്തപ്പൂക്കള മത്സരം സംഘടിപ്പിക്കപ്പെട്ടു.

<u>ക്യാമ്പുകൾ</u>

ഈ വർഷം രണ്ടു മിനി ക്യാമ്പുകളും ഒരു ദശദിന ക്യാമ്പും യൂണിററു സംഘടിപ്പിച്ചു. ആദ്യത്തെ മിനി ക്യാമ്പ് 1995 സെപ്റ്റംബർ 29,30, 31 തീയതികളിൽ ദേവമാതാ കോളേജിൽ വച്ച് നടത്തപ്പെട്ടു. ഈ അദ്ധ്യയന വർഷത്തെ ദശദിന ക്യാമ്പ് 22-12-95 മുതൽ 31-12-95 വരെ ഗവ. എസ്. കെ. വി. യു. പി. സ്കൂൾ ഇലയ്ക്കാട് വച്ച് നടത്തി. ശ്രമദാനം ക്യാമ്പുകൾ ജനബോധന സെമിനാറുകൾ ക്രിസ്തുമസ് ആഘോഷ പരിപാടികൾ, ട്രക്കിംഗ് എന്നിവ ദശദിന ക്യാമ്പിന്റെ ഭാഗമായി നടത്തി.

എസ്.കെ.വി. സ്കൂളിൽ ഒരു പ്ലേ ഗ്രൗണ്ട് നിർമ്മിച്ച് നൽകുവാൻ ക്യാമ്പിനു സാധിച്ചു. ദശദിന ക്യാമ്പിന്റെ ഉദ്ഘാടനം ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.സി. കുര്യാക്കോസ് നിർവ്വഹിച്ചു. ശ്രീ പുന്നൻ കുര്യൻ വേടത്ത്, ശ്രീ ബാബു ജോസഫ്, ഡോ. ഫിലിപ്പ് ജോൺ എന്നിവർ തുടർന്നുള്ള ദിവസങ്ങളിൽ ക്ലാസുകൾ എടുത്തു. ഇലയ്ക്കാട് നിവാസികളുടെ ആദരവു നേടിയെടുത്ത ദശദിന ക്യാമ്പ് ആ ദേശത്തിന് ഉത്സവപ്രതീതി പകർന്ന ഒന്നായിരുന്നു.

250 ഓളം വിദ്യാർത്ഥികൾ ഈ അദ്ധ്യയന വർഷം രക്തദാനം നടത്തി. രക്ത ഗ്രൂപ്പ് നിർണ്ണയ പരിപാടിയിൽ മാതാ മാതാ നേഴ്സിംഗ് സ്കൂൾ അധികൃതർ ഭാഗമായി സഹകരിച്ചു.

എം.ജി. യൂണിവേഴ്സിററി N.S.S ഘടകം സംഘടിപ്പിക്കുന്ന university talks on Aids ( U. T. A ) ന്റെ ഭാഗമായി N.S.S. യൂണിററിന്റെ നേതൃത്വത്തിൽ ഒരു ഏകദിന **Per Ladies Training Camp** ഈ കോളേജിൽ വച്ച് നടത്തി. ഈ നൂററാണ്ടിന്റെ മഹാരോഗമായ എയ്ഡ്സിനെക്കുറിച്ച് ഡോ. വി. എം. മാത്യു ശ്രീ. രാജു ജോസഫ് എന്നിവർ ക്ലാസുകൾ എടുത്തു. തുടർന്ന് സ്ലൈഡ് പ്രദർശനവും നടന്നു.

സോഷ്യൽ സയൻസ് കോളേജ് (കളമശേരി) ൽ വച്ചു നടന്ന **Per Ladies Training Camp** ചങ്ങനാശേരി എസ്. ബി. കോളേജിൽ വച്ച് നടന്ന persinality development training camp ( **Induneca-95**)ലേക്കും സമർത്ഥരായ വോളിൻറിയർമാരെ അയക്കുവാൻ നമ്മുടെ യൂണിറ്റിന് സാധിച്ചു.

**N.S.S** യൂണിററ് ദേവമാതാ കോളേജിന്റെ ഈ വർഷത്തെ ശ്രദ്ധേയമായ പരിപാടികളിൽ ഒന്ന് കുറവിലങ്ങാട് പഞ്ചായത്തിലെ ഇന്ദിരഗിരി കോളനിയിൽ ശ്രമദാനമായി നിർമ്മിച്ച് കൊടുക്കുന്ന ദേവമാതാ ഭവന്റെ നിർമ്മാണാവശ്യത്തിനുള്ള സിമന്റ് ഇഷ്ടികകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു എന്നുള്ളതാണ്.

13-12-95 ൽ **N.S.S.** വനിതാദിനവും സമുചിതമായി നിറപ്പകിട്ടാർന്ന ചടങ്ങുകളോടെ ആഘോഷിച്ച് ലോകമലയാളി സുന്ദരി മിസ്. സരസ്വതി മോഹൻ ഉദ്ഘാടനം ചെയ്തു. ഈ വർഷം സംഘടിപ്പിച്ച പ്രകൃതി പഠന ക്യാമ്പ് ഒരു വൻ വിജയമായിരുന്നു.

28- 2= 96 ൽ നടന്ന സമാപന സമ്മേളനത്തോടെ ഈ വർഷത്തെ പ്രവർത്തനപരിപാടികൾക്ക് തിരശ്ശീല വീണു. ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങളിലുംവേണ്ട നിർദ്ദേശങ്ങൾ തന്ന് പരിപാടികൾ ഭംഗിയായി നടത്തുന്നതിന് വേണ്ട പ്രോത്സാഹനം നൽകിയ ബഹു. പ്രിൻസിപ്പലിനും ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയത്തിനും നേതൃത്വം നൽകിയ അദ്ധ്യാപകർ, അദ്ധ്യാപകർ എന്നിവർക്കും എല്ലാ റ്റിനും ഉപരിയായി മുഴുവൻ പ്രവർത്തനങ്ങളിലും ആവേശപൂർവ്വം സഹകരിച്ച വിദ്യാർത്ഥി വിദ്യാർത്ഥിനി കൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ടും N.S.S ന്റെ ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

സവിനയം

ശ്രീ ബിനോജ് ബി. ചന്ദ്രൻ,
ശ്രീ രഞ്ജിത് പി. ദാസ്,
മിസ് അമൃത റിനു എബ്രഹാം
(വോളൻറിയർ സെക്രട്ടറിമാർ)

ആദരാഞ്ജലികൾ



C.P. DEVASIA
Lab. Assistant
in Physics

# 26 വർഷങ്ങൾ പിന്നിട്ട ഓററ്ററിക്ലബ്ബ്

"പഠിയ്ക്കുക ,പങ്കുവയ്ക്കുക", വിദ്യാഭ്യാസത്തിന്റെ ഈ അടിസ്ഥാന ലക്ഷ്യം പ്രസംഗകലയിലൂടെ സാക്ഷാത്ക്കരിക്കുവാനുള്ള ഒരു വേദിയാണ് ഓററ്ററി ക്ലബ്ബ്. സ്വന്തം ചിന്തകളും, നിരീക്ഷണങ്ങളും, കണ്ടെത്തലുകളും സമൂഹത്തിന്റെ മുമ്പിൽ സഫലമായി അവതരിപ്പിക്കാനുള്ള പരിശീലന പരിപാടികൾ ക്ലബംഗങ്ങൾക്കു വേണ്ടി എല്ലാ ബുധനാഴ്ച്ചയും സായാഹ്നങ്ങളിൽ നടത്തിവരുന്നു.

## പ്രതിവാരയോഗങ്ങൾ:

ക്ലബ്ബിന്റെ 26-ാം വാർഷികമായിരുന്നു ഇത്. ക്ലബ്ബിന്റെ അഭിമാനവും, സർവ്വോപരി പ്രതിഭയുമായിരുന്ന ശ്രീ. ബോബി പോളിന്റെ അനുസ്മരണ സമ്മേളനത്തോടെ ഈ വർഷത്തെ പ്രവർത്തന പരിപാടികൾ ആരംഭിച്ചു. തുടർന്നു നടന്ന പ്രതിവാരയോഗങ്ങളിൽ വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകളും, പഠനങ്ങളും, ഡിബേറ്റുകളും അംഗങ്ങൾക്കു പരിശീലനകളരിയായി. എനിക്കു ഏറ്റവും ഇഷ്ടപ്പെട്ടകഥ, എന്നെ ഏറ്റവും സ്പർശിച്ച പത്രവാർത്ത. കേരളത്തിലെ റോഡപകടങ്ങൾ എങ്ങനെ പരിഹരിയ്ക്കാം? പഞ്ചായത്തിരാജ്, എന്റെ സ്വപ്നത്തിൽ, കാമ്പസ് സൗന്ദര്യവൽക്കരണം ഒരു മാസ്റ്റർ പ്ലാൻ, ഇന്ത്യൻ രാഷ്ട്രീയത്തിലെ മൂല്യങ്ങളുടെ ആവശ്യകത, ബന്ദുകളുടെ പ്രസക്തി, ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം മലയാള ഭാഷാ വികസനത്തിന് തടസ്സമാകുമോ? ഭാരതത്തിന്റെ സാംസ്കാരിക പൈതൃകവും വർത്തമാനകാല ഇന്ത്യയും തുടങ്ങിയ വിഷയങ്ങളെപ്പറ്റി സജീവമായ ചർച്ചകളും, വാശിയേറിയ ഡിബേറ്റുകളും നടത്തപ്പെട്ടു. 'അഹിംസയുടെ കാലിക പ്രസക്തി ' എന്ന വിഷയത്തെ അധികരിച്ചു നടന്ന ചർച്ചയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഗാന്ധിയൻ സ്റ്റഡീസ് അദ്ധ്യാപകനും പ്രസിദ്ധ ഗാന്ധിയനുമായ ഡോ.എം.പി. മത്തായി മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി.

## ബാബു ചാഴികാടൻ സ്മാരക ഡിബേറ്റ്:

ദേവമാതാട്രോഫിയ്ക്കായുള്ള 5-ാമത് 'ബാബു ചാഴികാടൻ സ്മാരക അഖിലകേരള ഇന്റർ കൊളീജിയറ്റ് ഡിബേറ്റ് മത്സരം 28/11/95ൽ നടത്തപ്പെട്ടു. കേരളത്തിൽ സ്വാശ്രയ കോളജുകൾ അനുവദിക്കാൻ പാടില്ല എന്നതായിരുന്നു പ്രമേയം. വിവിധ കോളജുകളിലെ പ്രഗത്ഭരായ പ്രാസംഗികർ ഡിബേറ്റിൽ പങ്കെടുത്തു. ബെസ്റ്റ് ഡിബേറ്റർക്കുള്ള ബാബു ചാഴികാടൻ സ്മാരക കാഷ് അവാർഡ് നേടിയത് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജ് ടീമിലെ സുധാഷ്.കെ. മാത്യു ആണ്, കായംകുളം എം.എസ്.എം കോളജിലെ പി.കെ അനിൽകുമാർ രണ്ടാം സ്ഥാനവും എറണാകുളം മഹാരാജാസ് കോളജിലെ തോമസ് പീറ്റർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജ് ടീം (സുധാഷ്.കെ.മാത്യു, അനിതാ തോമസ്സും) ഏറ്റവും നല്ല ടീമിനുള്ള ' ദേവമാതാട്രോഫി' നേടി.

## ബോബി പോൾ സ്മാരക പ്രഭാഷണവും അഖില കേരള പ്രസംഗമത്സരവും:

കേരളത്തിലെ കാമ്പസുകൾക്ക് സുപരിചിതനായ വാഗ്മിയും, സാമൂഹ്യസേവന രംഗങ്ങളിൽ സ്വന്തം കാൽപാടുകൾ പതിപ്പിച്ച മനുഷ്യ സ്നേഹിയും, ദേവമാതാകോളജിലെ മാതൃകാ വിദ്യാർത്ഥിയും, ക്ലബ്ബിന്റെ അഭിമാനവുമായിരുന്ന ബോബി പോളിന്റെ സ്മരണയ്ക്കായി നടത്തിയ അഖിലകേരള പ്രസംഗമത്സരം 7-2-1996-ൽ നടന്നു. മൂന്നു ഘട്ടങ്ങളിലായി (ലേഖനപ്രസംഗ മത്സരങ്ങൾ, മുഖാമുഖം) നടന്ന മത്സരത്തിൽ വിവിധ കോളജുകളിലെ പ്രഗത്ഭരായ പ്രാസംഗികർ പങ്കെടുത്തു. 'ചരിത്രവും സത്യവും' എന്നത് ലേഖനവിഷയവും, 'അടുത്ത ദശകത്തിലെ ഇന്ത്യൻ പൗരൻ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹിക പശ്ചാത്തലം' എന്നത് പ്രസംഗവിഷയവും ആയിരുന്നു. പാലാ സെന്റ്തോമസ് കോളജിലെ ഷിജോ സക്കറിയാസ്, അരുവിത്തുറ സെന്റ് ജോർജ്ജ് കോളജിലെ ജോസ്ജയിംസ്, കായംകുളം എം.എസ്.എം കോളേജിലെ പി.കെ.അനിൽകുമാർ എന്നിവർ യഥാക്രമം ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. തൃശൂർ കാർഷിക കോളജിലെ ദീപ്തി എലിസബത്തു കോലടി പ്രോത്സാഹനസമ്മാനത്തിനർഹയായി. ബോബിപോൾ സ്മാരക പ്രഭാഷണവും പ്രസംഗമത്സര വിജയികൾക്കുള്ള സമ്മാനദാനവും 1996 ഫെബ്രുവരി15-നു നടന്നു. മഹാത്മാഗാന്ധി സർവ്വകലശാല എൻ.എസ്.എസ്. മുൻ പ്രോഗ്രാം കോ-ഓർഡിനേറ്ററും ഇന്ദിരാഗാന്ധി അവാർഡ് ജേതാവുമായ പ്രൊഫ. സി.തോമസ് എബ്രാഹം ബോബിപോൾ സ്മാരക പ്രഭാഷണവും സമ്മാനദാനവും നിർവ്വഹിച്ചു.

## നേട്ടങ്ങൾ

ഓററ്ററിക്ലബ് ഡിബേറ്റിംഗ് ടീം ഈ വർഷവും നിരവധി വിജയങ്ങൾ നേടുകയുണ്ടായി. ബ്രഹ്മകുമാരി സ്മാരക വിശ്വവിദ്യാലയ അഖിലകേരളാ പ്രസംഗമത്സരം, ഡോ..സുകുമാർ അഴീക്കോട് സപ്തതി അഖിലകേരള പ്രസംഗമത്സരം, കെ.പി.എസ്.മേനോൻ അഖിലകേരള പ്രസംഗ മത്സരം, ചാവറ അഖിലകേരള പ്രസംഗമത്സരം എന്നിവയിൽ ജിജോ ലൂക്കോസ് ഒന്നാം സമ്മാനം നേടി. മലയാള മനോരമ ബാലജനസംഖ്യം 'മാമ്മൻ മാപ്പിള ട്രോഫി'ക്കുവേണ്ടി നടത്തിയ ഡിബേറ്റു മത്സരത്തിൽ ഒന്നാം സ്ഥാനവും, ഹാജി ഹസ്സൻ റാവുത്തർ ട്രോഫി ഡിബേറ്റിൽ (സെന്റ്ജോർജ്ജ് കോളജ് അരുവിത്തുറ) രണ്ടാം സ്ഥാനവും, ഡോ.ജോൺ വള്ളമറ്റം ട്രോഫി ഡിബേറ്റിൽ (നിർമ്മല കോളജ് മൂവാറ്റുപുഴ) മൂന്നാം സ്ഥാനവും നേടിയ ടീമിൽ ജലീഷ്പീറ്റർ (II dc Physics) ധന്യാ ജോർജ്ജ് ( I B.A English ) എന്നിവർ അംഗങ്ങളായിരുന്നു. യഥാക്രമം രണ്ടും, മൂന്നും മത്സരങ്ങളിൽ ധന്യാ ജോർജ്ജ് ബെസ്റ്റ് ഡിബേറ്ററായും തെരഞ്ഞെടുക്കപ്പെട്ടു. ലിസാ.പി.ലൂക്കോസ്, ഗ്ലോറിയാ മാനുവൽ എന്നിവരും സമ്മാനങ്ങൾ നേടി.

ഊർജ്ജസ്വലനും സഹൃദയനുമായ അദ്ധ്യാപകൻ സംഘാടകൻ സർവ്വോപരി ക്ലബ്ബിന്റെ വൈസ് ഡയറക്ടർ എന്നീ നിലകളിൽ കഴിഞ്ഞ 25 വർഷക്കാലത്തെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച എൻ.സി.കുര്യാക്കോസ് സാറും, കഴിഞ്ഞ അഞ്ചുവർഷക്കാലം വിവിധ പ്രസംഗവേദികളിലൂടെ കോളജിന്റെയും, ഓററ്ററി ക്ലബിന്റെയും യശസ്സുയർത്തിയ ജിജോ ലൂക്കോസ്.പി. ജെയും ഈ വർഷം കോളേജിൽ നിന്നു പിരിയുകയാണ് ഇവർക്ക് ക്ലബിന്റെ ആശംസകൾ.

ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്ന ബഹു. അദ്ധ്യാപകർക്കും, ഊർജ്ജസ്വലരായ ക്ലബാംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

സെക്രട്ടറി,
ജലീഷ് പീറ്റർ II BSc Maths

## N.C.C REPORT

With immence [pleasure. I present this brief report of N.C.C during the year 1995-'96. The Company fuctioned in a better and effective manner under the able leadership of our associated N.C.C officer ,II nd Lt- A. Cyriac Sebastian of English Department. The Cadete were appointed senior under officers, Sgts, Cpls,Lcps,Mr. Rajkumar A.R. of 3rd D.C. Commerce was the senior under officer . Mr. Rajimon P.D. and Mr. Rajesh K. Varghese was under officers .

Su/o under officer Rajkumar A.R.Sgt,Joseph George Thayil. Sgt.Benas Paul and Sgt. Manoj V.M. where attended the Army attachment camp held at the Maratha Light Infantary Regimental Center Belguam.

c.p.l. Biju Joseph. and c.p.l. Sudheesh .R where attended the trecking camp at Himalayan regions of U.P.

All of our Cadets have got the opertunity to attend various Annual training camps held at Thadiyoor, Kanjirappally, Ramapuram and Athirampuzha one of the stricking feature of the year is that all of our senior and junior cadets got firing practice our company range itself.

There is an active role for everycadets of our units in all fucntions of the year. during the independence parade our college manager Rev. Fr. George Mulangattil was the Chief Gust. Fr. Joseph Pariyath hoisted the National Flag and received salute at Republic day parade. At the Keraleeam celebration on November 2 nd, a colourfull parade was presented infront of the rally by the N.C.C Cadets.

N.C.C cadets gave their service to build cement bricks and to help a poor family by giving a house built. N.C.C cadets gave there service by distributing rat poison for all families of Kuravilangadu Panchayath during the rat eradication programme of the Panchayath.

32 of our cadets appeared for 'B' certificate exam and 4 of our cadets appearedfor 'C' certificate exam. this year.

Before winding up this report I wish to extend my sincere thanks to our Principal Prof. Moj Issac Thomas , who had been our N.C.C officer for the 7 years, for his help and guidence. I am also grateful to our company commander 2 nd Lt. A Cyriac Sebastian, commanding officer of 17 k(Bn) Pala, Lt/cad. N.Vijayakumar,Officers and instructions of the Bettalian.

Senior under officer

**Rajakumar A.R.**

**KER/SD/93/42573.**

N.C.C. Officer



Prof. Cyriac Sebastian II nd Lt.A



Bivinraj . V.R
Presi: Youth Red Cross

## YOUTH RED CROSS

I wish to present a brief report of the activities of the Youth Red Cross unit of Devamatha college during the year 1995-96.

Youth Red Cross in our college is the youth wing of Indian Red Cross society Kottayam branch. The activities of our unit started with the election of office bearers. The following students were elected to the different officers.

President : Bjvin Raj V.R. I D.C.

Vice President :Preethi P. III D.C

Secretary: Joy John II D.C

**Excecutive Committee**

Jomon Thomas II DC Eng.
Sarith R. III DC Maths.
Shijo John I PDC
Jaise Joseph II D.C Eng.

The unit conducted a class on caries and oral hygine on 24 th Jan 1996. Dr. Biju Valiyakulangara B.D.S. gave a valuable speech on the subject . Our unit members took active participation in all activities connected with N.S.S. and Anti-Narcotic club . The office bearers our unit participated a one day seminar at Red Cross Bhavan Kottayam on personality development.

Before I conclude I extent my sicncere thanks to our beloved Principal Prof. Isac Thomas , who helped us in all our activites . I also excpress gratitude to our Vice Principal Rev. Fr . Joseph Puthumana and to our unit Director Prof. Joseph Kadamkutty. I extend my thanks to the members of the staff and to the college union also.

Secretary
**Joy John**
II D.C. English.

ആശംസകൾ

# സർവീസ്
# കോ-ഓപ്പറേറ്റീവ് ബാങ്ക്
## രാമപുരം

---

*Best Compliments*

# വിമലാ നഴ്സിംഗ് സ്കൂൾ

കുറവിലങ്ങാട്

---

*Best Compliments from:*

# GAICO

**KURAVILANGAD**

---

*With Best Compliments from:*

# BHARATMATHA COLLEGE


*KURAVILANGAD*

PRINCIPAL

# N.S.S

വനിതാദിനം ഉദ്ഘാടനം മിസ്സ് സരസ്വതിമോഹനൻ (വിശ്വമലയാളിസുന്ദരി)





ബിനോജ് ബി ചന്ദ്രൻ



അമൃത വിന്ദു എബ്രഹാം

രഞ്ജിത്ത് P.





ദശദിനക്യാമ്പ്

# N.C.C

ജിജു ജോസഫ്



രാജ്കുമാർ. S/O



ഷാജിമോൻ P.D. U/O




രാജേഷ്. U/O





# 'രണ്ടിടങ്ങഴി' വിതച്ച് നൂറുമേനി കൊയ്ത തകഴി.



ഇന്ന് സാഹിത്യകാരൻമാർക്കിടയിൽ ഏറ്റവും ക്ഷാമം സ്നേഹത്തിനാണ്. പല പ്രമുഖരും സർഗാത്മക രചനയേക്കാൾ പ്രാധാന്യവും അധ്വാനവും ആരോപണങ്ങൾക്കായി ചെലവഴിക്കുന്നു. പോയിപ്പോയി പരസ്യവിചാരണവരെയായി കാര്യങ്ങൾ.

പണ്ട് ഇങ്ങനെയൊന്നും ആയിരുന്നില്ല കാര്യങ്ങളെന്ന് പുതിയ സാഹിത്യകാരൻമാരെ നാം ഓർമ്മിപ്പിക്കാറുണ്ട്. സാഹിത്യകാരൻമാരുടെ സഹകരണവും പരസ്പരസ്നേഹവും പഴയകാലങ്ങളെ ധന്യമാക്കിയിരുന്നെന്ന് പുതിയ തലമുറ പറയാറുണ്ട്. സാഹിത്യകാരൻമാരുടെ സംഘടനകളും സഹകരണസംഘങ്ങളും ഉദാഹരണങ്ങളായി എടുത്തുകാട്ടുന്നു.

> "ഒരു കസവും നേര്യതും ജീവിതത്തിൽ ആവശ്യമാണെന്ന് കറുത്തമ്മയ്ക്ക് തോന്നിക്കാണും. ജീവിതം കിണ്ണനും കിണ്ടിയും വള്ളവും വലയും മാത്രമല്ല കസവും നേര്യതും കൂടി കൂടിയതാണ് -" ചെമ്മീൻ.

ഇത്തരം അഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും തെറ്റിദ്ധാരണയുടെ ചവറ്റുകുനയിലേക്ക് തകഴി വലിച്ചെറിയുന്നു. മലയാള സാഹിത്യത്തിലെ മുത്തച്ഛൻ, ചരിത്രത്തിന്റെ സാക്ഷി, കാലത്തിന്റെ കാരണവർ............തകഴി ശിവശങ്കരപ്പിള്ള ദേവമാതായ്ക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ പഴയ സാഹിത്യകാരൻമാരുടെ ഇടയിലും ഒരു തരത്തിലുള്ള സ്നേഹവും സൗഹാർദവും നിലനിന്നിരുന്നില്ലെന്ന് വ്യക്തമാക്കി.

"സാഹിത്യകാരൻമാർ അന്ന് ഒരു കുടുംബമായിരുന്നെന്ന് ഒരു പറച്ചിലുണ്ട്. അത് വെറുതെയാണ്. അന്നും ഇന്നത്തെപോലെ വില കുറഞ്ഞ ആരോപണങ്ങളും കലഹങ്ങളും ഉണ്ടായിരുന്നു. ഒരു പക്ഷേ ഇന്നത്തേക്കാളും ഏറെ. കാരണം മറ്റൊന്നുമല്ല. സാഹിത്യകാരൻ വെറും മനുഷ്യൻ മാത്രമാണ്. അവന്റെ മനസ്സിലും അസൂയയും വിദ്വേഷവും വെറുപ്പുമൊക്കെയുണ്ട്. പിന്നെ ഈ പ്രശ്നങ്ങൾ ഞങ്ങളുടെ കാലത്ത് മാത്രം ആരംഭിച്ചതാണെന്ന് അഭിപ്രായം എനിക്കില്ല. കാളിദാസന്റെയും ഭവഭൂതിയുടേയും കാലത്തുമിതുണ്ടായിരുന്നിരിക്കും".

ശതാഭിഷിക്തനായ തകഴി ചേട്ടൻ ഇന്നും യുവാവാണ്. ഏതൊരു പ്രശ്നത്തെപ്പറ്റിയും അദ്ദേഹത്തിന് വ്യക്തമായ അഭിപ്രായമുണ്ട്. ആ അഭിപ്രായങ്ങളിലെല്ലാം ശുദ്ധനായ ഒരു കുട്ടനാട്ട് കാരന്റെ നിഷ്കളങ്കതയും തലമുറകളുടെ വിധാതാവിന്റെ ആത്മാർത്ഥതയുമുണ്ട്. ആ ആത്മാർത്ഥതയുടെ സ്പർശമേറ്റുവാങ്ങുക.

**?** തണ്ണീർമുക്കം ബണ്ട് വന്നതിനുശേഷമുള്ള കുട്ടനാടിന്റെ മുഖഛായയോട് അങ്ങയുടെ പ്രതികരണം എന്താണ്?

"ബണ്ട് കുട്ടനാടിന്റെ ഭംഗിമുഴുവൻ കളഞ്ഞില്ലേ.......? ഇപ്പോൾ കുട്ടനാട്ടുകാർ മുങ്ങിക്കുളിക്കാറുണ്ടോ..........? ഇപ്പോൾ കുളിച്ചാൽ ദേഹം ചൊറിയും. ബണ്ടിനുള്ളിൽ

ആശംസകൾ

# വാടപ്പുറമ്പിൽ സ്റ്റോഴ്സ്

കുറവിലങ്ങാട്

*Best Compliments from:*

# BEJOY AGENCY

**KADUTHURUTHY**

*Best Wishes*

# മറ്റത്തിൽ ഹാർഡ്‌വെയേഴ്സ്

കുറവിലങ്ങാട്

പ്രൊപ്രൈറ്റർ

കിടക്കുന്നത് വെള്ളമല്ല, വിഷമാണ്. വെള്ളപ്പൊക്കമുണ്ടാകുമ്പോഴും ഇവിടെ എന്തൊരു ആരവമായിരുന്നു. വെള്ളപ്പൊക്കമില്ലാത്ത കുട്ടനാട് എന്തോന്ന് കുട്ടനാടാ?".

? "ഇങ്ങനെയുള്ള ഭൗതിക മാറ്റങ്ങളും നമ്മുടെ മൂല്യബോധത്തിൽ മാറ്റം വരുത്തില്ലേ?

"അതിൽ വലിയ കാര്യമില്ല. കാലം മാറുമ്പോഴും സങ്കല്പങ്ങളും മാറുന്നു. മൂല്യങ്ങളെപ്പറ്റിയുള്ള സങ്കല്പം മാറുമ്പോഴും നമുക്കാദ്യം വിഷമം തോന്നും. പക്ഷേ കാലാന്തരത്തിൽ നാം പൊരുത്തപ്പെട്ടു തീരിയാകു".

"ആർ.എസ്.പി. ബന്ധത്തെക്കുറിച്ച്, ഞാനൊരിക്കലും ആർ.എസ്.പി. ക്കാരനായിരുന്നില്ല. ശ്രീകണ്ഠൻ നായർ എന്റെ ഏറ്റവും അടുത്ത സുഹൃ ത്തായിരുന്നു. ആ ബന്ധത്തിനപ്പുറം എനിക്ക് ആർ.എസ്.പി.യുമായി ഒരു ബന്ധവും ഇല്ല. പങ്ങനാശ്ശേരിയിൽ വച്ച് അദ്ദേഹം മരിക്കുമ്പോഴും അദ്ദേഹത്തിന്റെ ഭാര്യയും ഞാനും മാത്രമായിരുന്നു ഒപ്പം ഉണ്ടായിരുന്നത്.... അതൊന്നും ഇന്ന് ഓർക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല........."

തകഴിയുടെ തൊണ്ടയിടറി ആത്മാർത്ഥസുഹൃത്തിന്റെ സ്മരണയ്ക്കുമുൻപിൽ ആ കണ്ണുകളും ഈറ





നണിഞ്ഞു. കുറച്ച് നേരത്തേയ്ക്ക് വിഷാദത്തിന്റെ മൗനം..... മൗനംമുറിച്ച് കൊണ്ട് തകഴിച്ചേട്ടന്റെ സ്വന്തം കാത്ത കാപ്പിയുമായെത്തി സംസാരത്തിലേയ്ക്ക് കാത്തച്ചേച്ചീകൂടി കടന്നു വന്നു.

"നിങ്ങളെ ഇഷ്ടായി എന്ന് തോന്നുന്നു. സാധാരണ ഇന്റർവ്യൂക്കാരോട് ഇത്രയൊന്നും ആവേശം കാണിക്കാറില്ല, കാത്തച്ചേച്ചി പറഞ്ഞു. സംസാരം പതിയെ സാഹിത്യത്തിലേയ്ക്ക് കടന്നു.

? അങ്ങയുടെ ദാമ്പത്യജീവിതം ഭദ്രമാണെങ്കിലും കൃതികളിലെ ജീവിതത്തിന് അത്രതന്നെ ഭദ്രതയില്ലല്ലോ? അവിടെയൊക്കെ താളപ്പിഴകളാണല്ലോ.............?

"എനിക്കുംപുറ്റും കണ്ട കുടുംബജീവിതമാണ്" ഞാനാ

വിഷ്ക്കരിച്ചത്. അവയിലേറെയും താളപ്പിഴകളുള്ളവയായിരുന്നു.

? ചെമ്മീനിന്റെ രചനയ്ക്ക് പിന്നിൽ ദേവുമായുള്ള വാശിയുടെ കഥയുണ്ടെന്ന് കേട്ടിട്ടുണ്ട് അത് വാസ്തവമാണോ?

(പ്രണയ കഥയെഴുതാൻ ധൈര്യമുണ്ടോ? എന്ന ദേവിന്റെ വെല്ലുവിളി ഏറ്റെടുത്താണ് തകഴി ചെമ്മീൻ എഴുതിയതെന്ന് ചില എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്)



? "തകഴി പെറ്റി ബൂർഷ്വായാണെന്നും ആർ.എസ്.പിക്കാരനാണെന്നും ഇ.എം.എസ് ഇയ്യിടെ വിമർശിച്ചല്ലോ ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു?

"ഞാൻ പെറ്റി ബൂർഷ്വായാണ്. പെറ്റിബൂർഷ്വാ എന്നത് അത്ര മോശം പദമൊന്നുമല്ല. അമ്പത് പറനിലമുള്ളൊരു കൂട്ടുകുടുംബത്തിൽ ജനിച്ച എനിക്ക് ഒരിക്കലും ഒരു തൊഴിലാളി വർഗ്ഗ സാഹിത്യകാരനാകാനാവില്ല. ഒരു ജന്മികുടുംബത്തിലെ സന്തതിയായ ഇ.എം.എസ് തൊഴിലാളികൾക്കായി തന്നെ പ്രസംഗിച്ചിട്ടുണ്ട് പക്ഷേ ഇ.എം.എസിന്റെ മനസ്സിൽ ഇന്നും ആ ജന്മികുടിയിരിക്കുന്നതായി അദ്ദേഹത്തിന്റെ പ്രവർത്തികൾ സസൂക്ഷ്മം വീക്ഷിച്ചാൽ മനസ്സിലാകും."

*Best Compliments:*

# COIL DTP CENTRE

**Thalayolapparambu**

ആശംസകൾ ! ആശംസകൾ ! ആശംസകൾ !!!

മനം കവരുന്ന സ്വർണ്ണാഭരണങ്ങൾക്ക്

# ഭദ്രാ ജൂവലറി

കുറുപ്പുന്തറ

ആശംസകൾ !

# കാനൻ കേബിൾസ്

കടുത്തുരുത്തി

പ്രൊപ്രൈറ്റർ

**Compliments from:**

# Pala Marketting Co-Op: Society

**PALA**



> "ഒരു നൂറ്റാണ്ടോടടുത്ത കാലം ജീവിച്ചു. അത് ഒരു സാധാരണ കാലഘട്ടമായിരുന്നില്ല. ദിനംപ്രതി എല്ലാം മാറി കൊണ്ടിരിക്കുകയായിരുന്നു. ധർമ്മ നീതികളും, ജീവിതമൂല്യങ്ങളും, ജീവിതരീതി, നിയമം, വിശ്വാസങ്ങളും, സങ്കല്പങ്ങളും എന്തിന് എല്ലാം മാറി ആശക്തമായ ഒഴുക്കിൽപ്പെട്ട് ഒരു നിയന്ത്രണവും ഇല്ലാതെ പിന്നത്തെ തലമുറകൾ ഒഴുകിപ്പോവുകയാണ്. ജീവിതം തന്നെ അങ്ങനെ ഒരു ഒഴുക്കിൽപ്പെട്ട് പോകുന്നു. മനുഷ്യരാശി നിസ്സഹായരായി തീർന്നിരിക്കുന്നു".-തകഴി

"കേശവദേവിന്റെ ഒരു തരത്തിലുള്ള സ്വാധീനവും ചെമ്മീനിലില്ല. ചെമ്മീനിലെ കഥാപാത്രങ്ങളും നോവൽ രചനയ്ക്ക് എത്രയോ മുമ്പ് എന്റെ മനസ്സിൽ ചേക്കേറിയിരുന്നു. എന്റെ എല്ലാ കൃതികളിലേയും കഥാപാത്രങ്ങളും ഈ പരിസരത്തുള്ളവരാണ്, യഥാർത്ഥമനുഷ്യർ. തുറന്ന് പറയട്ടെ, ഞാനിന്നുവരെ ഭാവനയിൽ നിന്നും ഒരു കഥാപാത്രത്തെയും സൃഷ്ടിച്ചിട്ടില്ല".

? പുതിയ നോവലിന്റെ രചന എത്രത്തോളമായി?

ഉ: 'അതു ഞാനുപേക്ഷിച്ചു. പുതിയ ഒരു നോവൽ രചിക്കാനുള്ള മാനസികവും ശാരീരികവുമായ ശേഷി എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ആര്യ ദ്രാവിഡസംസ്കാരത്തെ അടിസ്ഥാനപ്പെടുത്തിയാണ് പുതിയ നോവലെഴുതിത്തുടങ്ങിയത്. വർഗ്ഗീയപ്രശ്നങ്ങളും രൂക്ഷമായതോടെ എന്റെ ആവേശം തണുത്തു. കുറെ പേജുകൾ ഞാനെഴുതിയിരുന്നു. എന്തായാലും ആ പദ്ധതി ഞാനുപേക്ഷിച്ചു'.

? "അങ്ങയുടെ പൂർണ്ണമായ ഒരു ആത്മകഥ കിട്ടിയിട്ടില്ല. ഇനിയത് പ്രതീക്ഷിക്കാമോ.....

"കൃതികളിലെല്ലാം ഉള്ളത് ആത്മകഥാപരമായ അംശങ്ങളാണ്. എന്റെ സമകാലികരാരും തന്നെ ആത്മകഥയെഴുതിയിട്ടില്ല. ജീവിതസമരത്തിനിടയിൽ പിന്തിരിഞ്ഞ് നോക്കാനും ആവിഷ്ക്കരിക്കാനും അവർക്ക് കഴിഞ്ഞില്ല. സമരം ചെയ്യാൻ മാത്രമായിരുന്നു അവർക്ക് അവസരം ലഭിച്ചത് ..................അതുകൊണ്ട് ഞാനും ആത്മകഥയ്ക്ക് ശ്രമിക്കാറില്ല."

? "ആധുനിക സാഹിത്യത്തോടുള്ള പ്രതികരണം"?

"ആധുനികസാഹിത്യം നശിച്ചുപോയിട്ടില്ല. കഴിവുള്ള മിടുക്കന്മാർ നമുക്കുണ്ട്. അവർ ഞാൻ പറയുന്നത് പോലെയല്ല എഴുതേണ്ടത്. അവർക്ക് തോന്നുന്നത് പോലെയാണ്. ഞാൻ ചെയ്തത് അതാണ്. എങ്കിലേ എന്തെങ്കിലും ചെയ്യാനാവൂ .... ആധുനിക സാഹിത്യത്തിൽ എനിക്ക് പ്രതീക്ഷയുണ്ട്."

? "ദൈവമായിട്ടുള്ള സന്ദേശം?"


'ചുറ്റുമുള്ള ജീവിതത്തെ പഠിക്കുകയും ചിന്തിക്കുകയുമാണെന്ന് തോന്നുന്നത് ഉറപ്പോടെ പ്രവർത്തിക്കുക. അമ്പലവും പള്ളിയും മനുഷ്യരുടേതാണ്. ഇന്ന് അത് മതത്തിന്റേതാണ്. അത് വീണ്ടും മനുഷ്യന്റെ കൈകളിലെത്തിക്കാനായി പോരാടുക'

തകഴിയുമായുള്ള അഭിമുഖത്തിന് എന്നോട് സഹകരിച്ച ബഹുമാനപ്പെട്ട എല്ലാവർക്കും നന്ദി
എഡിറ്റർ.



# കലാ – കായികമത്സര വിജയികൾ

Philip N. J.
I DC. Eng.



Blessy P. Augustine



Sharachandran
I PDC



Sandeep G
I PDC



Bejoy P. Varghese




Siju mon Abraham
III Dc. Zoology



Stadin



Johnson Mathew
III B com



Kuriakose M.I.
I PDC



Mr. Devamatha

Biju Joseph



Miss. Devamatha Maya G.
III DC Mal



Mr. Skeleton

Prince Kuruvila I Dc. B Com.



# ഡോ. കുര്യാസ് കുമ്പളക്കുഴി

കേരള ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഡോ. കുര്യാസ് കുമ്പളക്കുഴി അധ്യാപകൻ, കവി, വിമർശകൻ, സാഹിത്യഗവേഷകൻ എന്നി നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സീനിയർ ലക്ചറായ അദ്ദേഹം ദേവമാതാ കോളേജിലെ അധ്യാപകനായിരുന്നു.

? എന്നാണ് അങ്ങ് സാഹിത്യപ്രവർത്തനം തുടങ്ങിയത്.

ഏഴാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ചില ലഘു നാടകങ്ങൾ എഴുതി സാഹിത്യസമാജ സമ്മേളനങ്ങളിൽ അവതരിപ്പിച്ചതോർക്കുന്നു. അന്നാണ് യഥാർത്ഥത്തിൽ സാഹിത്യജീവിതത്തിന് ഹരിശ്രീ കുറിച്ചത്. എന്നുവേണമെങ്കിൽ പറയാം. ഒമ്പതാം ക്ലാസ്സിൽ എത്തിയപ്പോൾ സത്യദീപത്തിൽ ചില ചെറിയ കുറിപ്പുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അക്കാലവും തുടർന്നുള്ള ഒരു ദശാബ്ദവും വായനയുടെയും, പഠനത്തിന്റേതുമായിരുന്നു. എഴുത്തിന്റേതായിരുന്നില്ല. എങ്കിലും സംസ്ഥാനതലത്തിലും, പ്രാദേശികതലങ്ങളിലും ചില സാഹിത്യ



മത്സരങ്ങളിൽ ഇക്കാലത്ത് സമ്മാനം നേടുകയുണ്ടായി. ആദ്യകൃതി --'ഗംഗയിൽ ഒരു പ്രഭാതം' എന്ന കവിതാസമാഹാരം 1978-ലാണ് വെളിച്ചം കണ്ടത്.

? ഇതുവരെയുള്ള അങ്ങയുടെ കൃതികളെക്കുറിച്ച്.

ഇതുവരെ പ്രസിദ്ധീകരിച്ച കൃതികൾ പത്തെണ്ണം -'ഗംഗയിൽ ഒരു പ്രഭാതവും', എനിക്കുമൊരു മുഖം കൂടി വേണം' എന്നതുംകവിതാസമാഹാരങ്ങൾ ആണ്. 'മൃത്യുബോധം മലയാള കാല്പനിക കവിതയിൽ ' എന്നത് ഗവേഷണ പ്രബന്ധം ആണ്. മഹാകവി കട്ടക്കയത്ത് ചെറിയാൻ മാപ്പിളയുടെ സമ്പൂർണ്ണകൃതികൾ സമാഹരിച്ചിരിക്കുന്ന 'കട്ടക്കയം കൃതികൾ ' എന്ന ബൃഹത്ഗ്രന്ഥം ഒരുപോസ്റ്റ് ഡോക്ടറൽ സംരംഭമാണ്. 'നിരീക്ഷകരും പിഡിതർക്കും വേണ്ടി, കലയുടെ ആത്മാവ് എന്നിവ സാഹിത്യ പഠനങ്ങളാണ് '. ഇന്ദ്രപ്രസ്ഥത്തിലെ ദാർശനികൻ ഡോ: എസ്.രാധാകൃഷ്ണ ന്റെ ജീവചരിത്രമാണ്. കുടുംബ ജീവിതത്തെപ്പറ്റിയുമുണ്ട് രണ്ട് കൃതികൾ - 'ഗൃഹസ്ഥാശ്രമം', 'ദാമ്പത്യം- സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും', 'ആർഷ മന്ത്രങ്ങൾ' ജീവിത ദർശനപരമായ ചെറുലേഖനങ്ങളുടെ സമാഹാരമാണ്. രണ്ട് വ്യാഖ്യാനങ്ങൾ കൂടിയുണ്ട്.- 'അർണോസ് പാതിരിയുടെ പുത്തൻപാന', കട്ടക്കയത്തിന്റെ 'സാറാ വിവാഹം".

? കവിയെന്ന നിലയിൽ ഒരു കൃതിയുടെ സൃഷ്ടികർമ്മം പൂർത്തീകരിക്കാൻ എത്രനാൾ വേണ്ടിവരും.............

കവിയെന്ന നിലയിൽ പ്രത്യേകിച്ച്എഴുത്തുകാരൻ എന്നനിലയിൽ സാമാന്യമായും ഒരാൾക്ക് തന്റെ സൃഷ്ടികർമ്മം പൂർത്തിയാക്കാൻ ആവില്ല. ഓരോകൃതി ജന്മമെടുത്ത് കഴിയുമ്പോഴും അയാളുടെ ആത്മാവ് തന്റെ ഏറ്റവും മഹത്തായ അടുത്ത കൃതിക്കുവേണ്ടി അസ്വാസ്ഥ്യം കൊള്ളുകയാവും.

? പുതിയ സൃഷ്ടികളെക്കുറിച്ച്.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ചുമതലയേറ്റതിനുശേഷം സ്വന്തം സാഹിത്യ പ്രവർത്തനത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. അതുശരിയല്ല എന്ന് എന്റെ മനസ്സ് എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. എങ്കിലും ഏറ്റെടുത്ത ജോലി ഭംഗിയായി നന്നായി ചെയ്യണമെന്ന ഒരു വാശിയിൽ

ഞാൻ ഉറച്ച് നിൽക്കുകയാണ് 'അർണോസ് പാതിരിയും, മലയാള കവിതയും ' 'അഞ്ച് നോവലുകൾ -ഒരു പഠനം ' എന്നീ രണ്ടു കൃതികൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. ഒ.എൻ.വി. കവിതകളുടെ ഒരു സമഗ്ര പഠനം പകുതി വഴിയിലെത്തി നിന്നുപോയിരിക്കുന്നു. ഡയറക്ടർ സ്ഥാനം ഒഴിഞ്ഞതിനുശേഷമേ അത് പൂർത്തിയാകൂ.

? ആധുനിക സാഹിത്യത്തെക്കുറിച്ചുള്ള അഭിപ്രായം.

രണ്ട് പ്രവണതകൾ- പാരമ്പര്യാധിഷ്ഠിതവും നവീനതാപ്രധാനവും- ഇന്ന് പ്രബലമാണ്. ഇതിൽ രണ്ടാമത്തേത് മിക്കവാറും ഫാഷൻ ഭ്രമത്തിൽ തലകുത്തി വീണിരിക്കുന്നു. അതിന്റെ ഫലമായി നമുക്ക് ഒട്ടേറെ വായനക്കാർ നഷ്ടമാകുന്നുണ്ട്. വായിച്ചാൽ മനസ്സിലാകുന്നില്ല എന്നാണ് അവരുടെ പരാതി. ഇതിൽ തീരെ കഴമ്പില്ലാതെയും ഇല്ല.

? ഇഷ്ടപ്പെടുന്ന സാഹിത്യകാരൻമാർ.

ഒന്നോ രണ്ടോ പേരെ എടുത്തു പറയാൻ വയ്യ. എങ്കിലും കവിതയിൽ കുമാരനാശാനും വിമർശനത്തിൽ കുട്ടികൃഷ്ണമാരാരും പ്രിയങ്കരരാണ്. പരമ എന്റെ ആരാധനാപാത്രം'. (ഈ പ്രയോഗം അത്ര നന്നല്ല) ഒരു റഷ്യൻ പ്രതിഭയാണ്- 'ഡോസ്റ്റോയെവ്സ്കി'
ആ പ്രതിഭാശക്തി എന്നെ കൗമാരംതൊട്ടു മുതലെ ഹരംപിടിപ്പിച്ചുകൊണ്ടിരിക്കുന്നു.

? കലാലയ രാഷ്ട്രീയത്തെക്കുറിച്ച്.

കലാലയങ്ങളിൽ രാഷ്ട്രീയം വേണ്ട. എന്നാൽ പാർലമെന്ററി രീതിയിലുള്ള തെരഞ്ഞെടുപ്പും യൂണിയൻ പ്രവർത്തനങ്ങളും വേണം.

? ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച്.

പുതിയ പരിഷ്ക്കരണങ്ങളെക്കുറിച്ച് ഏറെപ്പറയാനുള്ള ഒരു വിഷയമാണിത് എങ്കിലും ചുരുക്കിപ്പറയട്ടെ.
1. വിദ്യാഭ്യാസരംഗത്ത് സമൂല പരിവർത്തനം ആവശ്യമാണ്.
2. അത് വെറും തൊഴിലധിഷ്ഠിതമാകരുത്.
3. കേരളീയവും ഭാരതീയവുമായ ഒരു സാംസ്കാരിക പശ്ചാത്തലം വിദ്യാഭ്യാസത്തിനുകൂടിയേതീരൂ.

? കാമ്പസ് രചനകളുടെ കുമ്പടയുന്നു എന്ന ഒരു അഭിപ്രായം പൊന്തിവരുന്ന ഇക്കാലത്ത് ഇതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം.

കുമ്പടയുന്നു എന്നത് ശുദ്ധ അസംബന്ധം. ചില എഴുത്തുകാരുടെ പ്രത്യേക സ്വാധീന വലയത്തിൽപ്പെട്ട് പുതിയ തലമുറ വല്ലാതെ വഴിതെറ്റിയിരിക്കുന്നു. ആശയങ്ങളില്ല പദപ്പൂട്ടുകളിലാണ് അവർ സ്വയം കണ്ടെത്തുവാൻ വിധിക്കപ്പെട്ടിരിക്കുന്നത്.

? മതത്തിന് ഒരു പുതിയ നിർവ്വചനം തരാമോ.

മാലാഖമാർക്കും കയറിപ്പറ്റാൻ കഴിയാത്തിടത്ത് ഞാനോ ? അത് മാലാഖമാർ നിർവ്വഹിക്കട്ടെ അല്ലെങ്കിൽ ഞാൻ മരിച്ച് ചോദിക്കട്ടെ ഇനിയും ഒരു നിർവ്വചനം വേണോ.

? കുടുംബത്തെക്കുറിച്ച്

സന്തോഷകരം. ഭാര്യ, മൂന്ന് പുത്രിമാർ, മൂന്ന് പേരും പഠിക്കുന്നു. ഭാര്യ അദ്ധ്യാപികയാണ്.

?യുവ സാഹിത്യകാരൻമാരോട് ......

കവി മധുസൂദനൻ നായരോട് കടപ്പെട്ടുകൊണ്ട്- 'വാക്കിന്റെ യജ്ഞപാത്രത്തിൽ ആത്മാവിനെക്കോരുക.'



# 'അഹം അഹം' മുതൽ 'കഥാപുരുഷൻ' വരെ



അദ്ധ്യാപനത്തിന്റെ തിരക്കിനിടയിലും കഥകളി, സംഗീതം, നാടകം, സിനിമ എന്നീ കലാപരിപാടികൾക്കുള്ള സമയം കണ്ടെത്തുന്ന പ്രൊഫ. ബാബു നമ്പൂതിരിക്ക് 1995-ലെ ഏറ്റവും നല്ല സഹനടനുള്ള ഫിലിം ക്രിട്ടിക്സ് അവാർഡ് ലഭിച്ചു. ദേവമാതാ കോളേജിലെ കെമിസ്ട്രി വിഭാഗം തലവനായ നമ്പൂതിരി സാറിനു ലഭിച്ച അംഗീകാരത്തിൽ കോളേജിലെ വിദ്യാർത്ഥികൾക്കെല്ലാം അഭിമാനമുണ്ട്. ആ പ്രതിഭാശാലിയുമായി മാഗസിൻ കമ്മറ്റി നടത്തിയ അഭിമുഖത്തിൽ നിന്ന് ഏതാനും ഭാഗങ്ങൾ......

**?** അദ്ധ്യാപനത്തിനിടയിൽ അഭിനയ രംഗത്തേക്ക് തിരിയാനിടയായതെങ്ങനെയാണ്?

അഭിനയക്കമ്പം ചെറുപ്പം മുതലേ ഉണ്ടായിരുന്നു. ആദ്യം നാടകം. പിന്നെ കഥകളി. പിന്നെ സിനിമ.

**?** ആദ്യമായി അഭിനയിച്ച ചിത്രം ഏതാണ്?

'യാഗം', 1978-ലെ ഏറ്റവും നല്ല മലയാള ചിത്രത്തിനുള്ള രജതകമലം ഈ ചിത്രത്തിന് ലഭിച്ചു.

**?** ഇതിനോടകം എത്ര ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്?

ഉദ്ദേശം തൊണ്ണൂറ് ചിത്രങ്ങളിൽ.

**?** ആദ്യം അഭിനയിച്ച നാടകം ഏതാണ്?

കൃത്യമായി പറയാൻ വയ്യ. കുറിച്ചിത്താനം ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് അദ്ധ്യാപകരോടൊത്ത് നാടകങ്ങളിൽ പങ്കെടുത്തിരുന്നു. ശിവരാമപിള്ള സാർ ആയിരുന്നു മുഖ്യ പ്രചോദനം. പിന്നീട് നാട്ടിൽ ക്ലബ്ബുകളുടെയും മറ്റും നാടകങ്ങളിൽ അഭിനയിച്ചിരുന്നു.

ദേവമാതാ കോളേജിൽ ജോലിയാരംഭിച്ചശേഷമാണ് പ്രൊഫഷണൽ നാടകരംഗവുമായി ബന്ധപ്പെടുന്നത്. എന്റെ ഒരു കസിനും നാടകകൃത്തുമായ കെ. എസ്. നമ്പൂതിരിയുടെ പ്രേരണ ഇക്കാര്യത്തിലുണ്ടായിരുന്നു. പെരുമ്പാവൂർ നാടകശാല, ഇടപ്പള്ളി യമുനാതിയേറ്റേഴ്സ് എന്നീ ട്രൂപ്പുകളുടെ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

**?** ഏറ്റവും നല്ല നടനുള്ള സംസ്ഥാനഗവൺമെന്റിന്റെ അവാർഡ് ഏതു നാടകത്തിലെ അഭിനയത്തിനാണ് ലഭിച്ചത്?

യമുനാതിയേറ്റേഴ്സിന്റെ "അഹം അഹം" എന്ന നാടകത്തിലെ പെരുന്തച്ചന്റെ റോളിനാണ് അവാർഡ് ലഭിച്ചത്. 81 ലായിരുന്നു. ശ്രീ. ടി. എം. എബ്രഹാമിന്റെ ശിക്ഷണത്തിൽ അതൊരു പരീക്ഷണനാടകമായിരുന്നു. കഥകളിയിലേതുപോലെ ചിട്ടപ്പെടുത്തിയ ചലനങ്ങൾ, താളനിബദ്ധമായ ശ്രുതിലയത്തോടെയുള്ള സംഭാഷണങ്ങൾ, ചെണ്ട, മദ്ദളം, ഇടക്ക തുടങ്ങിയ വാദ്യോപകരണങ്ങൾകൊണ്ടു സൃഷ്ടിക്കപ്പെടുന്ന ഭാവതലം. ഒരു പുതിയ നാടകാനുഭവം സൃഷ്ടിക്കാനുള്ള ശ്രമമായിരുന്നു.

**?** പരീക്ഷണം വിജയമായിരുന്നോ?

വിജയമായിരുന്നു. 100-ലധികം സ്റ്റേജുകളിൽ ആ നാടകം അവതരിപ്പിക്കപ്പെട്ടു.

**?** അങ്ങയുടെ കഥകളി വൈദഗ്ധ്യം ഈ നാടകത്തെ സ്വാധീനിച്ചിട്ടുണ്ടോ?

കുറെയൊക്കെ

**?** കഥകളിയുമായുള്ള ബന്ധം ?

ചെറുപ്പം മുതലേ ഉത്സവപ്പറമ്പിലെ കഥകളി എനിക്ക് ഹരമായിരുന്നു. എവിടെ കഥകളി ഉണ്ടെങ്കിലും മുത്തച്ഛന്റെകൂടെ കാണാൻ പോകും. എങ്കിലും കഥകളി പഠിച്ചത് എം.എസ്സി. പരീക്ഷ കഴിഞ്ഞിട്ട് റിസൾട്ട് കാത്തിരുന്ന കാലത്താണ്. താമസിയാതെ സി.എം.എസ് കോളേജിൽ അദ്ധ്യാപകനായി ജോലി കിട്ടി. അടുത്ത വർഷം ദേവമാതാ കോളേജിലും . ഇതിനിടെ കഥകളി പഠനം തുടരുന്നുണ്ടായിരുന്നു. അപ്പുക്കുട്ടൻ എന്ന് അറിയപ്പെടുന്ന കലാമണ്ഡലം ശ്രീ സി. ആർ. ആർ. നമ്പൂതിരിയാണ് ഗുരു. സമയം കിട്ടുമ്പോൾ പരിപാടികൾക്ക് പോയിരുന്നു. ദേവമാതാ കോളേജിലും കഥകളി നടത്തിയിട്ടുണ്ട്. പൂതനയായിരുന്നു വേഷം. ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി.

**?** ഏതെല്ലാം വേഷങ്ങൾ കെട്ടിയിട്ടുണ്ട്?

പുരുഷവേഷങ്ങളാണ് കൂടുതൽ. ശ്രീകൃഷ്ണൻ, ശിവൻ, രൗദ്രഭീമൻ, ദുശ്ശാസനൻ, പരശുരാമൻ.

**?** കഥകളി ബന്ധം എത്രകാലത്തേക്ക് ഉണ്ടായിരുന്നു?

ഇപ്പോഴുമുണ്ട്. വല്ലപ്പോഴും പരിപാടികൾക്കും





പോകാറുണ്ട്. അവസാനം ചെയ്തത് സീതാസ്വയംവരത്തിലെ പരശുരാമന്റെ വേഷമാണ്. മൂവാറ്റുപുഴയിൽ. തിരക്കിനിടയ്ക്ക് കഥകളിയ്ക്ക് സമയം കണ്ടെത്താൻ കഴിയുന്നില്ല.

**?** സിനിമയിലേക്ക് വരാനുണ്ടായ സാഹചര്യം?

നാടകരംഗത്തെ പ്രവർത്തനമാണ് സിനിമയുമായി അടുപ്പിച്ചത്.

**?** ഇതുവരെ അഭിനയിച്ചതിൽ ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം?

നിറക്കൂട്ടിലെ അജിത്. അമൃതംഗമയയിലെ ഉണ്ണിയത്, അഷ്ടപദിയിലെ അച്ഛൻ.

**?** വില്ലൻ വേഷങ്ങൾ ലഭിക്കുമ്പോൾ ദുഃഖമുണ്ടോ?

ഒട്ടും ഇല്ല. വൈവിദ്ധ്യമുള്ള കഥാപാത്രങ്ങളാണ് കൂടുതൽ ഇഷ്ടം.

**?** ഏറ്റവും കൂടുതൽ സന്തോഷം തോന്നിയ സന്ദർഭം?

ആദ്യം അഭിനയിച്ച ചിത്രം കുടുംബത്തോടൊപ്പം കണ്ടപ്പോൾ.

# ക്രിക്കറ്റിന്റെ കഥ

നൂറ്റാണ്ടുകൾക്ക് മുൻപ് ഇംഗ്ലണ്ടിലെ ആട്ടിടയൻമാർ സമയം കൊല്ലാൻ വേണ്ടി കണ്ടു പിടിച്ച ഒരു കളിയാണ് ക്രിക്കറ്റ്. ആടുകളെ മേയാൻ വിട്ടാൽ പിന്നെ എന്തെങ്കിലും പണിവേണ്ടേ? അതിനവർ ഒരു രസികൻ കളി കണ്ടുപിടിച്ചു. മേച്ചിൽ സ്ഥലങ്ങളിൽ 'വിക്കറ്റ്ഗേറ്റ്' എന്നുവിളിക്കുന്ന ചെറിയ ഗേറ്റുകളിൽ പന്തെറിഞ്ഞുകൊള്ളിക്കുകയായിരുന്നു ആ കളി. ഒരാൾ പന്തെറിയുമ്പോൾ മറ്റൊരാൾ ആടുകളെ നിയന്ത്രിക്കുന്ന അറ്റം വളഞ്ഞ വടികൊണ്ട് പന്ത് അടിച്ച് തെറിപ്പിക്കണം. ആദ്യത്തെ ക്രിക്കറ്റ്ബാറ്റായിരുന്നു ആ വടി.

'ക്രിക്കെറ്റ്' എന്ന പഴയ ഫ്രഞ്ചുവാക്കിൽ നിന്നാണ് ക്രിക്കറ്റ് എന്ന പേര് വന്നത്. 'വളഞ്ഞവടി' എന്നാണ് അതിന്റെ അർത്ഥം. ഡച്ചുവാക്കായ 'ക്രിക്കേ' യുടെ അർത്ഥവും 'വടി' എന്നുതന്നെ.

പതിനാലാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഇംഗ്ലണ്ടിൽ മുഴുവൻ ക്രിക്കറ്റ് പ്രചാരണം നേടി. അന്നത്തെ ബാറ്റ് പുറത്തേക്ക് വളഞ്ഞതായിരുന്നു. മാത്രമല്ല നീളവും ഭാരവും കൂടുതലായിരുന്നു. നല്ല ആരോഗ്യമില്ലെങ്കിൽ ബാറ്റ് ചെയ്യുന്ന ആൾ കുഴഞ്ഞതു തന്നെ. പന്തെറിയുന്നതും ഇന്നത്തെപോലെ ആയിരുന്നില്ല. തോളിന് മുകളിൽ കൈയ്യുയർത്തി പന്തെറിയാൻ പാടില്ലായിരുന്നു. രണ്ടു സ്റ്റമ്പുകളെ അന്ന് ഉണ്ടായിരുന്നുള്ളൂ. സ്റ്റമ്പുകൾ തമ്മിൽ നല്ല അകലവും ഉണ്ടായിരുന്നു. എറിയുന്ന പന്ത് പലപ്പോഴും സ്റ്റമ്പുകളുടെ ഇടയിലൂടെ 'ശൂം' എന്നങ്ങ് പോകും. 1777-ലാണ് മൂന്ന് സ്റ്റമ്പുകളുപയോഗിക്കുന്ന പതിവ് തുടങ്ങിയത്.

ക്രിക്കറ്റ് ഭ്രാന്ത് പടർന്ന് പിടിച്ചത് വലിയൊരു പ്രശ്നം തന്നെ സൃഷ്ടിച്ചു. ചെറുപ്പക്കാരൊക്കെ ഒരു ജോലിയും ചെയ്യാതെ ക്രിക്കറ്റും കളിച്ചു നടപ്പായി. പട്ടാളത്തിൽ ചേരാനും ആളെകിട്ടാതായി. ഒടുവിൽ എഡ്വേർഡ് മൂന്നാമൻ രാജാവ് 1365-ൽ ക്രിക്കറ്റ് നിരോധിച്ചു.

ആട്ടിടയൻമാരുടെ സമയം കൊല്ലിയായിരുന്ന ക്രിക്കറ്റ് പല മാറ്റങ്ങളിലൂടെയും കടന്ന്പോയി. 19-ാം നൂറ്റാണ്ടായപ്പോൾ ഈ കളി ലോകമെങ്ങും പ്രചാരത്തിലായി. ആദ്യത്തെ ക്രിക്കറ്റ് മത്സരം നടന്നത് മെൽബണിൽ വച്ച് ആസ്ട്രേലിയയും ഇംഗ്ലണ്ടും തമ്മിലാണ്. 1877-ൽ നടന്ന ഈ മത്സരത്തിൽ ആസ്ട്രേലിയ, ഇംഗ്ലണ്ടിനെ തോൽപ്പിച്ചു. ആട്ടിടയൻമാരിൽ നിന്നും സുനിൽ ഗാവസ്ക്കറിലും, ബ്രയൻ ലാറയിലുമൊക്കെ എത്തിയപ്പോൾ ക്രിക്കറ്റ് പതിനായിരങ്ങളെ ആകർഷിക്കുന്ന ഒരു അത്ഭുതപ്രതിഭാസമായിമാറിയിരിക്കുന്നു.

■■■.

ജൂലിയാജോർജ്ജ്

# കൂട്ടരേ കേട്ടുവോ.....

കേൾക്ക സഹജരേകഥയിതു കേട്ടാലും

ഒരു തറവാടിന്റെ ദുഃഖ കഥ
തെളിരി നാളുകളെല്ലാരുമൊത്തു ചേർന്നൊന്നായി-
ക്കഴിഞ്ഞതാണിപ്പാവന ഗേഹം
അമ്മയും മക്കളു മന്യോന്യമാം സ്നേഹത്തി -
ലനുദിനം വാണതാണിത്തറവാട്.
അതിരററ സമ്പത്തും അനശ്വരകീർത്തിയും
അന്യരെ ആകൃഷ്ടരാക്കിയ വീടിത്
അകലെ നിന്നെത്തിയ അതിഥികളൊക്കെയും
അമ്മതൻ അരുമകളായി മാറി
അമ്മയോ എല്ലാരേം ഏകമായി സ്നേഹിച്ച്
അൻപോടെ തന്നെ വഴി നടത്തി
തറവാട്ട് മഹിമയും സംസ്കാര സമ്പത്തും
സ്വായത്തമാക്കിയവർ വളർന്നു;
ഒരു നാളിമക്കളേററുമുട്ടി തമ്മിൽ
തറവാട്ടുസ്വത്തു സ്വകാര്യമാക്കാൻ.
ഹാ! കഷ്ടം! അക്കഥകേൾക്കുവാൻ പോരുവിൻ
ഇത്തറവാട്ടിലേക്കെൻ സോദരേ;
ഇവിടെ ഇന്നാ സഹജരേററുമുട്ടീടുന്നു,
അവകാശവാദം മുഴക്കിടുന്നു.
ഒരുവന്റെആവശ്യമിതുമാത്രമെത്രയി-
ത്തറവാടവന്റേതുമാത്രമത്രേ.
അപരനുംവാദിച്ചവനാണവകാശി
അപരിൽനിന്നെല്ലാമെനിക്കുവേണം.
വേറൊരാൾതൻ വാദം വേറൊന്നുമല്ലയി-
വീടുതനിക്കും വേണമല്ലോ
ശിഷ്യരിൽദുഷ്ടനായുള്ളൊരാൾചൊന്നുതനി-
ക്കിഷ്ടമുള്ളപോൽ പ്രവർത്തിച്ചിടും.
ഇത്തരമോരോന്നിവിടെ നടക്കുമ്പോൾ
കഷ്ടതരമൊന്ന്മററിടത്ത്
തകർക്കപ്പെടുന്നതാവീടിൻ മഹത്വമായ്
ശോഭിച്ചിരുന്നൊരു ദിവ്യസ്തംഭം,
വീടിൻ വെളിച്ചം വീണുടയുന്നകണ്ട-
യൽ വീട്ടുകാർക്കൊക്കെയാനന്ദമായ്.
ഇതുകണ്ടുഹൃദയം തകർന്നമ്മകേഴുന്നു:
മക്കളെ നിങ്ങൾ കലഹിച്ചിടല്ലേ
അനുസരിച്ചിടാതെആസുരർ പിന്നെയും
പോരടിച്ചീടുന്നതാർക്കുവേണ്ടി?
മക്കളെയോർത്തോർത്തുവീണ്ടും കരഞ്ഞമ്മ
ദുഃഖഭാരത്താൽ തളർന്നിടുന്നു
''മക്കളേ നിങ്ങൾ വെടിയുവിൻവിദ്വേഷം
അന്യോന്യംമെപ്പോഴും സ്നേഹിക്കുവിൻ''.
കൂട്ടരേ കേട്ടുവോ നിങ്ങളും ഈസ്വരം
ഭാരതമാതാവു തൻ വിലാപം?
" മക്കളേ നിങ്ങൾ വെടിയുവിൻ വിദ്വേഷം
അന്യോന്യമെപ്പോഴും സ്നേഹിക്കുവിൻ"

..............................





**Dhanish Joseph**
I st PDC Ist Group

# MEENACHIL RUBBER MARKETING & PROCESSING

CO-OPERATIVE SOCIETY LTD.
NO.K.118 PALA .686 575.

Phone 0482- 212373,212442, 214 328, 214191 .Grams" Growers"

*Producers of :*

## *MEENACHIL LATEX*

HIGH QUALILY 60% CONCENTRATED RUBBER LATEX


The first and the best of its kind in
the Co-operative sector

<u>Board of Directors</u>

Adv. Joy Nadukkara M.P.- President

Adv.T.J. John,Thuruthiyil - Vice President.
Adv. Joy Abraham M.L.A. - Director.
George Mathew, Thekkel - Director.
Thomas J, Porunnolil - Director,
Joy Joseph, Thengumpallikunnel - Director
Stephen Thadavanal - Director.
K.J. Tomy Kadankavil - Director
P.V. Sukumaran Nair, Pulickakandathil - Director.
Joseph Kurian, NjavalliputhenPurakkal - Director.
K.M.Punnoose, Kariyapurayidam - Director
Joy Jacob Sr.Chemical Engineer - Rubber Board Nominee.
V.C. Andrews- Deputy Registrar / Managing Director.

# തപ്ത ഹൃദയം.




നീറും ഹൃദയം കടം തന്നയോർമ്മക-
ളാകെ കനലെരിച്ചുരുക്കിത്താനിന്നൊരു
പൊട്ടക്കവിത രചിക്കട്ടെ നാളെയ്ക്കു
പൊട്ടിച്ചിരിക്കുവാൻ വേണ്ടിയിട്ടെങ്കിലും.
കത്തും പ്രണയത്തിലിറ്റുവീഴും
ചോരയൊപ്പിയെടുത്തുകവിതകുറിക്കുവാ-
നില്ലാതെ നൊമ്പരംകുത്തിവെച്ചിന്നൊരീ
കർമ്മബന്ധത്തിന്റെ ഗോപുരം തീർത്തു ഞാൻ.

അന്ധകാരത്തിൽ സ്വയം ശപിച്ചെന്നുമീ
ബന്ധങ്ങളോർത്തു കിറുക്കു പുലമ്പിയും
ജന്മങ്ങളെ തമ്മിൽ ബന്ധിച്ച കണ്ണിക
ളറ്റുപോകുമ്പോൾ കഴുമരച്ചോട്ടിലീ
കത്തുന്ന പ്രാണനെ കാണിക്കവെച്ചിട്ട്
ഒറ്റയാനെപ്പോൽ നടന്നു നീങ്ങുന്നു ഞാൻ
പൊട്ടുന്ന കുപ്പിവളകൾ പോൽ ബന്ധങ്ങൾ
പൊട്ടിയുടഞ്ഞതിൽ ശബ്ദം തിരിച്ചറിഞ്ഞത്-
ത്തിനൊക്കാതെ, വിധികളിൽ കല്ലെറിഞ്ഞീ-
തപ്ത ഹൃദയം തണുപ്പിച്ചെടുത്തു ഞാൻ.

ഭിത്തിയിൽ തൂങ്ങും കലണ്ടറിലക്കങ്ങൾ
ചത്തപുഴുക്കൾ പോൽ തൂങ്ങിക്കിടക്കുന്നു
എത്രാമത്തെയക്കങ്ങൾ നോക്കിയെൻ കണ്ണുകൾ
ഭിത്തിയിലെപ്പോഴും കത്തി നിന്നീടുന്നു.
കർമ്മ സർപ്പത്തിന്റെ കാറ്റേറ്റും ദിനങ്ങളി-
ന്നെല്ലാം വിഷമയമായി മാറിടവേ
കത്തും ഹൃദയങ്ങളിൽ നിന്നും നിശ്വാസ-
ഗന്ധിയായ്ജീവനെ ചുട്ടുപൊള്ളിക്കുന്നു.

എന്നും നിശബ്ദത തിങ്ങിനിൽക്കുന്നൊരീ
ബന്ധങ്ങളിൽ കാറ്റ് നൊമ്പരം കത്തിച്ച്
ചാമ്പലായ്പ്പോകും ഹൃദയങ്ങളെക്കണ്ട്
ചാണ്ഡാളനെപ്പോൽചിരിച്ചുനിന്നുവിധി.
ഒടുവിലെല്ലാമർത്ഥശൂന്യമെന്നോരോ
ഹൃദയങ്ങളും പൊള്ളി.
നഷ്ടപ്രതീക്ഷകൾ ചത്തു ജീർണ്ണിച്ചൊരീ
ഭൂതകാലത്തിൽ ചവിട്ടിയിറങ്ങുന്നു.

പൊട്ടിവീഴുന്നൊരീ ബന്ധങ്ങളിൽ -
കാലമുറ്റുനോക്കുമ്പോൾ കടങ്കഥപോലെയീ
നൊമ്പരത്തിൻ കനൽ കത്തി നിൽക്കുന്നതും
നെഞ്ചിന്റെ താഴെ മറ്റേതോ തുരുത്തിൽ
പ്രതീക്ഷ തണുപ്പുമലകളെ ക്രൂരമി നോവിക്കുന്ന
നിലക്കടലിനെ , നോക്കിവരുന്നു ഞാൻ
എന്തിനെന്നോ?
കാലമാർഗ്ഗ ബന്ധങ്ങളിൽ , കാറ്റിന്റെ
തേങ്ങലിൽ, തീറ്റിയെടുത്ത കവിത വായിക്കുവാൻ
തോറ്റുപോകുന്നു മനുഷ്യൻ കാലത്തോടെ -
ന്നൊട്ടു പറഞ്ഞു, കവിത കുറിക്കുവാൻ.



Santnosh P.S
III. DC Mal:

# യന്ത്ര വത്കരണം.........



എന്തിനു കമ്പ്യൂട്ടറെ-
ന്തിനും കമ്പ്യൂട്ടർ
എല്ലാമീകമ്പ്യൂട്ടറെ
-ന്തിനീ കമ്പ്യൂട്ടർ?
ദിനചര്യ തെറ്റാതെ
ചെയ്യിക്കുവാനായി
അച്ഛനായമ്മയായ്
ചേട്ടനായനിയനായ്
ശത്രുവായ് മിത്രമായ്
സുഹൃത്തുമായെനിക്ക്
കമ്പ്യൂട്ടറുണ്ടിന്ന്

സുഖ ദുഃഖചിന്തകൾ
പകരുന്നതെന്നുമായി
വഴികാട്ടികൂടിയീ
യന്ത്രമിന്ന്.
ബുദ്ധിമന്ദിച്ചൊരു
പാവയാക്കിയെൻ
കമ്പ്യൂട്ടറെന്നെയുറക്കുന്നു.

ശ്രീരാജ്. ആർ. ചോമാർ
I PDC



# ഇരവിന്റെ മക്കൾ

വീട് പറയുവാനെനിക്കു വാക്കുകളില്ല
ഇനിയെന്തെങ്കിലും ചെയ്യുവാൻ ശേഷിയില്ല
ഒരു നുള്ള് മണ്ണ് തരുവാൻ
എനിക്കവകാശമില്ല
ഈ ജന്മത്തിന് ഒരു പിടിയരി മാത്രം
ഗ്ലാസ്സിൽ നുരയുമപത്മതീർത്ഥം
കടിച്ച് മദന നൃത്തമാടിയുലച്ച്
നിൻ ശരീരത്തേക്കാൾ വിർപ്പിച്ച്
എന്നെ ഞാനാക്കിയ നീയാര്
നായ്ക്കൾ കടിച്ചു കീറുന്ന മാംസപിണ്ഡമോ
എന്നൊടൊന്നും പറഞ്ഞില്ല
ഒന്നുമെന്നെ പഠിപ്പിച്ചീല്ലിനി ഞാനെന്തു ചെയ്യേണ്ടു
കൂരിരുൾ തിങ്ങുന്ന രാത്രിയും ഞാനും മാത്രം
ഇനിയൊന്ന് ചൊല്ലൂ
ആരാണെന്റെ കാരണവർ
എവിടെയാണെന്റെ വീട്
എവിടെയാണെനിക്കുള്ള മണ്ണ്
ഉറുമ്പരിക്കുന്നു കണ്ണിലും മൂക്കിലും
മക്ഷികം പിടിക്കുന്നു ജഡത്തിലും
കടിച്ചുകീറുന്ന നായ്ക്കളും
തെളിയുന്നു കുറെ പുഴുക്കളും ഞാനും മാത്രം
വമിക്കുന്നു ദുർഗന്ധമെന്നെയകറ്റുന്നു
പൂക്കുവാനെനിക്കു മുഹൂർത്തമായി
എന്നെയനാഥനാക്കിയ തമസേ
ഇനിയെങ്കിലുമെന്നറിയാതെ
ഈ ജന്മത്തിന് നന്ദിയാരോട് ചൊല്ലേണ്ടു.



സന്തോഷ് കെ. ആർ. 3rd Group





# നൊമ്പരം

കടലിളകി പാഞ്ഞുവരുന്നെന്റെ
പടകിന്റെമുനതകർന്നുപോയി
കൊടുമുടിയിൽ നിന്നെതോ കാറ്റുവരുന്നെന്റെ
കുടയുടെ ശീലയുമുലഞ്ഞുപോയി
മറയത്തു നിന്നൊരു കുരുവിവന്നെന്റെ
കണ്ണുകൾ കീറി കടന്നുപോയ്
കടലിരമ്പുന്നു
നുര പതയുന്നു
കരുണയശേഷമില്ലാതെ തുളച്ചിറങ്ങുന്ന-
നടുവിലെ കനലണയ്ക്കുവാൻ.......
പറയുവാനിയില്ല സോദരാ
കരിമുകിൽമാനത്ത് നിറയുമ്പോൾ
കാക്കകൾ കൊത്തിപ്പറിച്ചോരുകുരുവിയിൽ
നനയുവാൻ കുനിയിരിപ്പൊന്നാണ്
പറയുവാൻ അറിയില്ല സോദരാ....
കുതിച്ചുപൊങ്ങിടുവാനാളുന്നു
എന്റെ കൂടുകൾക്കുറങ്ങാനാളു വന്നു
കടലിലെ നൊമ്പരമെനിക്കു തരു
എന്റെ കുടയിലെ ഗന്ധമെനിക്കുതരു
കരിമുകിൽ മാനത്ത് നിറയുന്നു
മഴയാർക്കുന്നു പെയ്തു തിമിർക്കുന്നു
കനലണയുന്നു
പിറകുകൾ വിരിയുന്നു
ഗന്ധവും പേറിയാ
കനവുകൾ താണിറങ്ങുന്നു.

അനീഷ് കുര്യാച്ചൻ I PDC



# WIPE AWAY MY TEARS

My heart is heavy it's time to say good bye
I have no more to say
To I never thought I'd leave you so soon
I've never felt this way.

The days flew past and oh, too soon,
I noon had any fears in Devamatha,
For you were close by to help me through
And wipe away my tears.

My mind is filled with memories
of the happy days we shared;
It's just those memories,
That I'have got to treasure.

So, farewell dear friends,
Time is up, we go our lone ways;
But remember that I'll still be there,
To brighten up your days

**JAISON PUAL**
**111DC CHEMISTRY.**

# ഭാരതാംബ കേഴുന്നു.

ഇരുളിന്റെ മറവിലെ ഇഴയുന്ന-
നൊമ്പരച്ചീളുകൾ കണ്ടതെ-
രക്തം ഊറ്റിക്കുടിക്കും രാക്ഷസൻമാർ
ഭാരതാംബതൻ വിരിമാറുമാന്തിപ്പൊളിക്കുന്നു-
ചുടുചോരതൻ ഗന്ധം പ്രാപിപ്പാനൊരുന്നു-
നിണമണിയുന്നതൊരുവാളുകൾഅല്ലയോ,
മനുഷ്യാ നീ നിൻ അമ്മതൻ കൊലയ്ക്ക്-
കാഹളം മുഴക്കുന്ന പരശുരാമനോ
ആർഷഭാരതത്തിന്റെ സന്തതികളോ നമ്മൾ
ജനനിതൻ രക്തവും മാംസവും
ഊറ്റിക്കുടിക്കുന്നവർഗ്ഗീയകോമരങ്ങൾ, അല്ല
അമ്മതൻ ഉടുതുണിയഴിക്കുന്നതധമന്മാർ
ഇനിയും മരിക്കാത്ത അമ്മതൻ അന്ത്യ-
വിശ്രമത്തിന് ചിതയൊരുക്കുന്ന മതാന്ധൻമാർ
എന്നിട്ടും തീരാത്തതാണ്ഡവമാടലോ-
മാനവും മാനവും കരിച്ചുവിരിന്നതൊരുവിൽ
ഇതാണോ ബാപ്പുജി തൻ സ്വപ്നത്തിൽ ഉയർത്തിക്കൊണ്ട ഭാരതം
തിലകിന്റെ സിംഗിന്റെ, ബോസിന്റെ വീര സ്മരണയ്ക്ക്
മുന്നിൽ തലകുനിക്കുന്നു, ആ പുണ്യാത്മാക്കൾതൻ-
പാദം നമസ്കരിക്കാൻ കഴിയുമോ നമുക്ക്





**Anil P.T.**
II. DC Eco:

## സ്നേഹാമൃതത്തിനായ്......

മേടമാസപ്പുലരിയിൽ പൂത്തുലഞ്ഞൊരാ-
കണിക്കൊന്നപ്പൂവിലും കണ്ടില്ല.
നിശയുടെ നിശീഥിനിയിൽ സുഗന്ധം-
പരത്തിയ
നിശാഗന്ധിപ്പൂവിലും കണ്ടില്ല.
പുഷ്പദലങ്ങളിൽ മധുനുകരുന്നൊരാ-
കരിവണ്ടിൻ മൂളലിലും കേട്ടില്ല
പാറിപറക്കുന്ന കുഞ്ഞാറ്റക്കിളികളുടെ
മധുരമായ മൊഴികളിലും കേട്ടില്ല
രാത്രിയുടെ യാമങ്ങളിൽ മൂളിപ്പാടിയിരുന്ന,
പഴയപാട്ടുകളിലെ ഈരടികളിലുമുണ്ടായിരുന്നില്ല
വായനശാലയിലൊരായിരം പുസ്തകങ്ങളു-
ണ്ടവയിലെ പതിനായിരം ഇതളുകൾമറിച്ചിട്ടു,
അതിലെല്ലാം ഞാൻ പരാജിതയായിരുന്നു.
കളകളം പാടിയൊഴുകുന്ന അരുവിയുടെ
സപ്തസ്വര സംഗീതത്തിലുമുണ്ടായിരുന്നില്ല.
നിദ്രാവിഹീനമാം രാത്രികളതിലു
സുപരിചിതമായ്ത്തീർന്ന ഓർമ്മകൾ
കുറിച്ചിട്ടിനാലെഴുതാം മച്ചിലേക്കാൽ
ദൃഷ്ടികളൂന്നി. ഞാൻ ചിന്താമഗ്നയായ്
ശിരസ്സതിലൊടുങ്ങുന്നു, ഞാനെന്ന ഭാവം
ഈ വിശ്വത്തിലെവിടെയെൻ
ചെറുചോദ്യത്തിനുത്തരം?
ഒരു സായം സന്ധ്യയിലാ, വിജനമാം തെരുവിലൂ-
ടൊരുവേഴാമ്പലിനെപ്പോലലഞ്ഞവേ
നയനങ്ങൾക്കമൃതമായ്ത്തീരുമൊരു
സുന്ദരദൃശ്യത്താലെൻമിഴികൾ തിളങ്ങി!
ഒരു മിന്നലായെൻ സിരകളിലൂടതുപാഞ്ഞു
നായ്ക്കൾക്കുപോലുമുച്ഛിഷ്ടമായ്ത്തീർന്ന
അപ്പമെടുത്തൊരു ബാലകൻ, തൻ പ്രിയ-
സുഹൃത്തിനായ്പകുത്തേകുന്ന സുന്ദരനിമിഷം!
മണിമാളികയ്ക്കുള്ളിൽ കാണാത്തൊരു-
പെരുമ,- കണ്ടു ആ തെരുവിന്റെ മക്കളിൽ
അവർക്കറിയില്ല നിഘണ്ടുക്കൾനോക്കാൻ
അവർക്കറിയില്ല പുസ്തകങ്ങൾ വായിക്കാൻ
അവർക്കറിയാം, കേവലം സ്നേഹമെന്ന-
വാക്കിന്റെ ആഴിക്കു സാദൃശ്യമായൊരർത്ഥം.......


**ജയതോമസ്**
ഫസ്റ്റ് പി. ഡി. സി.



## മോഹം.........

**ഹാ** മോഹമേ! നീ തീർത്തമോഹമായൊരീ
തേർത്തട്ടാണിന്നുമൂകമിതാണങ്കം.
മാംസളമുരുളുന്ന മനസ്സിലെ മോഹാന്ധ-
പ്പാടമേ മായ്ക്കുവാൻ നിൻ കൊടിക്കുറതൻ
നിഴൽ വീശി നീ നിൽക്കുമ്പോഴും
മൺസ്നേഹപാശത്തിന്റെ ശരമേറ്റിയതിൽ
പ്പൂട്ടഴിയും തിരിയുകയാണുലകം
കാലവും ഋതുക്കളും പിറകോട്ടടുത്തുതീ
ർണ്ണമുറിയാതെ പുറപ്പിനാൽ മുടങ്ങുന്നു
മരണവാതായനങ്ങൾ തന്നെ താനിലെ
തളരുന്ന ശബ്ദം പേടമാണിതു മോഹം!
അകലത്തു പുകളിൽ പതിയായ് തോറിയും
മധുരമാം മോഹങ്ങളിൽ ചേർന്ന പേരായിൽ
വിരിച്ചിട്ടിരിക്കുന്നതെത്രയോ സായാഹ്നങ്ങൾ!
പൊടിമണലിലുമൊപ്പം ചെപ്പിന്റെയുള്ളിലെ
കുത്തുമോഹങ്ങളിലേതോ ഒരു മാത്രമായ
അലിവോടെ നോക്കി കരഞ്ഞിടുന്നു
ഗതിവേഗമറിയാതെയൊഴുകുന്നു ജീവിത
ഗതിവിഗതിയാകെ മറന്നുപോവും
പാഴ്മോഹങ്ങൾ മധുപാത്രമേന്തിയ
മനങ്ങളൊക്കെ മറക്കുന്നു ഞങ്ങൾ

**ജോസഫ്**






# ദിവ്യമണ്ഡലം

ഒരു കുഞ്ഞുപൂവായ് ജനിക്കുവാൻ മോഹമോ?
വാനിലൊരു തേജസ്സായ് ജനിച്ചു നിനക്കഹോ?
ഗതിയില്ലിതളിനെ വെല്ലുവാനുമാവുന്ന,
പൂമ്പാറ്റ പുഴുവായ് ജനിക്കാൻ കൊതിക്കയോ?
ദേവാംഗനാവാദുപേക്ഷിച്ചു നീയൊരു
മർത്ത്യന്റെ ഭാവത്തിനടിമപ്പെടുകയോ?
താമരത്തണ്ടിനാലാകൃഷ്ടനാം നിന്റെ
പൊൻ പ്രഭാപൂരമിതതുല്യമല്ലയോ ?
പഞ്ചേന്ദ്രിയത്തിനമൃത മാമീലോക-
ജീവിതം തന്നെയൊരു നശ്വര ഗോപുരം !
ശ്രീഭാരതത്തിലുൻമാദനാകുവാൻ
കീടം ശതിപ്പിലും സാധിയ്ക്കയില്ലയോ?
താണയത്തുട്ടുതൻ നക്ഷത്ര കൂടാരവും
ഓർത്തുപ്പതലിൽപാതി പുഞ്ചിരിയും
പൂവിന്റെ ചുണ്ടിലെ വശ്യമാം ഭാവവും
ഒരു കൊടും മിന്നലിൽ ഛായ പോലെ!
നിൻ മനക്കുമ്പിളിലൊളിച്ച സംഘട്ടനം
ഉൾക്കാമ്പുതന്നിലേയഗ്നിയെവം!
ഇന്നും നിഗൂഢമായ് നിന്നന്തരംഗത്തി-
ലൊളിച്ച സംഘട്ടനം തടമാവുകയോ?
അല്ലെങ്കിലും ലഭിച്ചിടുമോയിന്നുനിൻ
ചിന്തനാ വീചിയിൽ തേജസ്സുതെല്ലെങ്കിലും?
ആദിത്യദേവനാം നിൻ ചിന്ത [illegible]യുമോ?
ഭൂമിയിലൊരു മാരി വൃഷ്ടിതൻ സൃഷ്ടിക്കായ്.





**സീമാ സോമൻ** I DC. ബോട്ടണി


MARY MATHA COLLEGE OF MEDICAL SCIENCE
(Govt. Regd)
**Kuravilangad, Kottayam**

!!!ലബോറട്ടറി നഴ്സിംഗ്, മിഡ്‌വൈഫറി, എക്സ്റേ, ഇ.സി.ജി.കോഴ്സുകൾ !!!

(പ്രവേശനം പെൺകുട്ടികൾക്കു മാത്രം)
കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ
(പ്രോസ്പെക്ടസിന് 20 രൂ. മണി ഓർഡർ അയയ്ക്കുക)

With best Compliments from:

**Devamatha Hardware & Sanitary House**

Kuravilangad-686633

Dealers in :

Cement, 18 MA Steel, Gi CR Sheets, AC Sheets, Pumpsets, PVC, GI Pipe & All Hardware, Items Authorised Dealer in Texmo Motors. Sharpmoters

# ST. MARY'S DENTAL CLINIC

BABY'S TOWER, KURAVILANGAD

(Opp. Deva Matha College)

Dr. Benoy Mathew M.D.S
Dr. Biju V. Jose B.D.S., F.A.G.E., M..S.
Dr. Viji B.D.S. (Consultant Dr. Siju V.Jose B.D.S.in Carithas Hospital)
Specilized in fixed Orthodotia
Crouns & Bridges; Fruters of Bone ( Mandble and Maxilla)

ആശംസകൾ:-

THE KAPPUMTHALA SERVICE CO-OPERATIVE BANK Ltd.

Kappumthala p.o.Muttuchira

Kottayam Dt.686 613

പ്രസിഡൻറ്- പി.ജെ.ജോർജ്ജ്
പണ്ടാരക്കാപ്പിൽ , കാപ്പുംതല

സെക്രട്ടറി- വി.കെ. പൈലോ
കുഞ്ഞാപ്പറമ്പിൽ, കാപ്പുംതല.

എല്ലാവിധ ബ്ലാക്ക് & വൈറ്റ്, കളർ ഫോട്ടോകൾക്കും

# കളർ ബ്യൂസ്റ്റ്

കുറവിലങ്ങാട്

# SPORTS DAY



സ്പോർട്സ് സെക്രട്ടറി
ജോസഫ് ജോർജ്

സല്യൂട്ട് സ്വീകരണം






മാർച്ച് പാസ്റ്റ്

അഡ്വ. അക്കാമ്മ ജോസഫ്









Dist. Youth Team Member - Asish Jose

Junior Dist. Team Members
Arun Ignatious
Biju Joseph

Champions







Raido Jacob

Santhosh. B

Lincy Thomas

പതാകയുയർത്തൽ - പ്രൊഫ. തോമസ്

# അപൂർണ്ണവിരാമം

എന്തിനൊക്കെയോ പുറപ്പെട്ട് ഒന്നും സാധിക്കാതെ ഒരു പകൽ കൂടി കത്തിയമർന്നു. ഇനി നിദ്രയ്ക്കായ് കാക്കുന്ന നിമിഷങ്ങളാണ്. തലവേദനിക്കുന്നു. മനസ്സിന്റെ അസ്വസ്ഥത ശരീരത്തെയും തളർത്തുന്നുവോ? വിഷ്ണുവിന് എന്തിനോടൊക്കെയോ വെറുപ്പ് തോന്നി.

ഇന്ന് ഓണമായിരുന്നു. പൊയ്പ്പോയ ഒരു നല്ല കാലത്തിന്റെ ദിവ്യ സ്മരണകളുടെ തൂവലുഴിച്ചിലുമായി കാലത്തിന്റെ തേരിൽ വിരുന്നു വന്ന മധുമാസം. ഒന്നുമറിയില്ല തനിക്ക് ഓണത്തെപ്പറ്റി എവിടെയൊക്കെയോ കേട്ടു മറന്ന ആ പഴമൊഴികൾ ഒഴികെ മറ്റൊന്നും. പഴമക്കാരുടെ വാക്കുകളിൽ ഓണത്തിന്റെ സമൃദ്ധിയും, ഐശ്വര്യവും നിഴലിച്ചു. ഇന്ന് ഏറെപ്പേരും സന്തോഷിക്കുന്നുണ്ടാവും....... തന്നെപ്പോലെ ചിലരെങ്കിലും തിരക്കുകളിൽ പെടാതൊഴിഞ്ഞ് സ്വന്തം കൂട്ടിലൊതുങ്ങിയിരിക്കാം. സംവത്സരങ്ങൾ പിന്നിട്ട പാതയിലെങ്ങോ വിരിഞ്ഞ ഒരു നല്ല ഓണത്തിന്റെ ഓർമ്മകളിലവരും നഷ്ടബോധത്തോടെ സന്തോഷിച്ചേക്കാം. ഋതുഭേദങ്ങൾ കാലത്തിനു പൂർണ്ണത നൽകുന്നു. തന്റെ പാതയിലും മാറ്റങ്ങളുടെ നിഴലുകൾ.... പ്രപഞ്ചം സുന്ദരമാകുന്നു. അതിലെ അനേകകോടി ജീവനുകളും മൂല്യങ്ങളിലൊന്നായി തീർന്നിരിക്കുന്നു. ഞാൻ മാത്രം ഒരിക്കൽക്കൂടി ഒറ്റപ്പെട്ടു! വീണ്ടും ഒരു യാത്ര.........

മധ്യാഹ്നത്തിന്റെ ചൂടിൽ വിയർപ്പിൽ കുളിച്ച് സ്വന്തമെന്നറിയുന്ന നാട്ടിലേക്ക് തിരിക്കുമ്പോൾ അന്നുവരെ ശാന്തമായൊഴുകിയ തന്റെ പുഴയിൽ വേദനയുടെ നീർകുമിളകൾ വിരിഞ്ഞു.... നഷ്ടബോധത്തിന്റെ ദുഃഖം തീരത്തെ ജലാർദ്രമാക്കി......

ഒരു ഓർഫന്റെ ദുഃഖം

നാഴികകൾപിൻ തള്ളി സമയത്തിന്റെ സൂചി അതിന്റെ നിരന്തരമായ യാത്ര തുടർന്നു. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്തവരുടെ ഇടയിൽ ഇരുന്നപ്പോഴും അപരിചിതത്വം അസഹ്യതയുണ്ടാക്കിയില്ല. അറിയുന്നവരുടെ ഇടയിലും താൻ അറിയപ്പെടാത്തവനായിരുന്നു...

നാഴികകൾപിൻ തള്ളി സമയത്തിന്റെ സൂചി അതിന്റെ നിരന്തരമായ യാത്ര തുടർന്നു. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്തവരുടെ ഇടയിൽ ഇരുന്നപ്പോഴും അപരിചിതത്വം അസഹ്യതയുണ്ടാക്കിയില്ല. അറിയുന്നവരുടെ ഇടയിലും താൻ അറിയപ്പെടാത്തവനായിരുന്നു...

ഒടുവിൽ വീണ്ടും.... തന്റെ സങ്കേതം... വിസ്മൃതികളിൽ നിറം മങ്ങിയ തൈതപ്പൂവും പാടിയൊഴിഞ്ഞ വരികളും അവിടെയുണ്ടായിരുന്നു. എങ്കിലും കാതങ്ങൾക്കകലെയായിരുന്നിട്ടും മനസ്സിൽ നിന്റെ ഓർമ്മകൾ തളം കെട്ടി നിന്നു. ഏതോ ഒരു സന്ധ്യയിൽ പ്രപഞ്ചസത്യം സാധൂകരിക്കാൻ വേണ്ടിയെങ്കിലാണോ തന്റെ അമ്മയുടെ ശബ്ദതരംഗങ്ങൾ അലിഞ്ഞു ചേർന്നിരുന്ന ആ അന്തരീക്ഷത്തിൽ ഇനിയൊരിക്കലും കേൾക്കാത്ത ശബ്ദത്തിനായി കാതോർത്തിരുന്നപ്പോഴും നിന്നെക്കുറിച്ചുള്ള വേദനയുടെ മർമ്മരം ആത്മാവിന്റെ കർണ്ണങ്ങളിൽ ഞാനറിഞ്ഞു.

നിനക്കെന്നെ അറിയുമായിരുന്നില്ല എനിക്കു നിന്നെയും ഒരിക്കൽ സ്വന്തമായൊന്നും ഇല്ലായിരുന്ന ഓർഫന്റെ ഹൃദയത്തിന് കുളിരായിരുന്ന നീ ഏറ്റവും ഉദാത്തമായ വികാരത്തിന് മുൻപിൽ സ്വയം നഷ്ടപ്പെടുത്തിയപ്പോഴും പണയപ്പെടുത്തുന്ന വ്യക്തിത്വത്തെക്കുറിച്ചോർത്തില്ല എന്റെ മനസ്സിൽ നീയൊരു കുളിർകാറ്റായിരുന്നു. പകലുകൾക്കു മുൻപുവരെ....

പക്ഷെ ഇന്നിപ്പോൾ എന്തൊക്കെയോ ചിതറിവീണിരിക്കുന്നു. എനിക്കു നിന്നെ നഷ്ടപ്പെടുകയായിരുന്നു ..... മനസ്സിന്റെ മലർക്കാവിൽ ശിശിരം ഒരിക്കൽ കൂടി.....

എന്നിൽ തെറ്റുകളില്ലെന്ന് ഞാനറിയുന്നു ... പക്ഷേ .... ഒരിടവഴി പിരിയുന്നതുവരെ നീയൊപ്പമുണ്ടായിരുന്നു. വ്യത്യസ്തമെങ്കിലും സമാന്തരവും സമീപവുമായ പാതകളിൽ ചരിക്കുമ്പോൾ നീ തലയുയർത്തി എന്നെ നോക്കുമെന്ന് കരുതി........ പക്ഷേ എല്ലാം മറന്ന് നീ നീ തന്നെയാവുകയായിരുന്നു. അതിനിടയിൽ നിന്റെ സ്നേഹത്തിന്റെ കണ്ണുകളും വിശ്വാസത്തിന്റെ പുഞ്ചിരിയും നിനക്കു കൈമോശം വന്നു. നിന്നിൽ എന്നും കാണുവാൻ ഞാനാഗ്രഹിച്ചതും അതു മാത്രമായിരുന്നല്ലോ.

പുലരിമുതൽ മധ്യാഹ്നം വരെയും ഏകനായിരുന്നു....എന്ന് ഞാനറിയുന്നു. ഒരിടവേള മാത്രമായിരുന്നു നീയൊപ്പമുണ്ടായിരുന്ന ദിനങ്ങൾ . ഇപ്പോൾ ഈ വഴിയിൽ നിശ്ശബ്ദത തളം കെട്ടി നിൽക്കുന്നു. ഇനിയെന്നും അങ്ങനെ തന്നെയാവട്ടെ......

നീയറിഞ്ഞിരുന്നില്ല, ഞാൻ ഓർഫനായിരുന്നുവെന്ന്. വഴിയോരപ്പൂക്കൾ മരിച്ചുപോയ തെരുവുകളിലൂടെ എത്രപകലുകൾ ഹൃദയത്തിന്റെ അനാഥത്വത്തിന്റെ ഇരുട്ടറയിലെത്ത ബാല്യത്തിന്റെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് : ഒടുവിൽ ആർക്കോ



വേണ്ടി പണി ചെയ്യുവാൻ ഈ തീര ത്തിലെ ക്കാവരികയായിരുന്നു. വർഷങ്ങളുടെ പ്രവാഹത്തിൽ ഹൃദയത്തിലെ അനാഥത്വ ബോധവും വളരുകയായിരുന്നു. തന്നോടൊപ്പം ഇവിടെ എന്തോ ഒരു പകലിൽ നിന്നേയും ക ണ്ടുമുട്ടി. മടങ്ങിപ്പോരുമ്പോൾ നിൻെറ മധുര സ്മരണകളുമായി വീടുപറയ മെന്നാ ഗ്രഹി ച്ചു.....പക്ഷേ....


നഷ്ടങ്ങൾ എന്നും ആവർ ത്തിച്ചുകൊണ്ടേയിരുന്നു.

നിന്നേയും എനിക്കു നഷ്ടപ്പെ ടുകയായിരുന്നു. തൻെറ ഓർമ്മയുടെ വൃക്ഷം കിളിർക്കുന്നതിന് മുൻപേ യാത്ര പറഞ്ഞ അച്ഛൻെറ നഷ്ടം. അതിൻെറ നടുക്കത്തിൽ പൊട്ടി കരയുകയും പൊട്ടിച്ചി രിക്കുകയും ചെയ്ത് ശാന്തമായ ഏതോ ഒരു ലോകത്തേയ്ക്കുറ്റുനോക്കിയിരുന്ന്... എന്തൊക്കെയോ പുലമ്പി... ഒടുവിൽ പിരിഞ്ഞുപോയ അമ്മയുടെ നഷ്ടം. ....ഇപ്പോൾ നിൻെറയും...

നഷ്ടപ്പെടലിലേക്കുള്ള അനേകം മാർഗ്ഗങ്ങളിൽ ഒന്നു മാത്രമാണ് മരണമെന്നു ഞാനറിയുന്നു.

എവിടെയും കിട്ടാതെപോയ സ്നേഹ സാന്ത്വനങ്ങൾ തന്നെത്തേടിയെത്തി യെന്നു കരുതി ....പക്ഷേ ഇന്നിപ്പോൾ കനലിന്നകൽപ്പുകൾ മാത്രമായിരിക്കുന്നു.... ഞാനറിയുന്നു....അതെൻെറ നൊമ്പര മാകുന്നത്....സ്വന്തമായ നശിപ്പിക്കുന്ന ഓർമ്മയാകുന്നത്...എന്നിലെ എന്നെ നശിപ്പിക്കരുത്....

എൻെറ പ്രതീക്ഷകൾ വലുതാ യിപ്പോയി...അനാഥനാണെന്നതു തന്നെ ഞാൻ മറന്നിരിക്കുന്നു...അല്ല നീയതെന്നെ മറവിപ്പിക്കുകയായിരുന്നു.പക്ഷേ ഇപ്പോൾ ...എല്ലാംഅവസാനിച്ചിരിക്കുന്നു.. പൂർണ്ണത യെന്തന്നറിയാതെ................. അതെ അപൂർണ്ണതയിലെ അവസാനിക്കൽ ..... .....



Hareesh P.S
I BSc. Bot.

# വിശപ്പിൻെറ വിളി

തോളിൽ ഹാർമോണിയവും തൂക്കി ടാറിട്ട നിരത്തിലേക്കിറങ്ങുമ്പോൾ ആ കുട്ടിയുടെയുള്ളിൽ വിശപ്പ് മുറവിളി കൂട്ടുകയായിരുന്നു. വീടുവീടാന്തരം കയറിയിറങ്ങി ഹാർമോണിയം മീട്ടി പാടിയാണ് അവൻ ആഹാരത്തിനുള്ള വ കയ്തേടുന്നത്. വിശപ്പ് നിറഞ്ഞവയറു മായി ആയാസപ്പെട്ട് നടക്കവെ ശെൽവ ത്തിൻെറ മനസ്സിൽ മുത്തപ്പയുടെ രൂപമാ യിരുന്നു.കുനിവളഞ്ഞ് ഒട്ടിയ വയറുമായി തോളിൽഹാർമോണിയവും തൂക്കി നടക്കുന്ന വൃദ്ധൻ. ഓർമ്മ വയ്ക്കുന്നതി നുമുൻപ് തന്നെ, അമ്മയും അപ്പായും നഷ്ട പ്പെട്ട അവൻെറ ഏകആശ്രയം മുത്തപ്പ യായിരുന്നു. അയാൾ വീടു വീടാന്തരം കയറിയിറങ്ങിയാണ് അവനെ വളർത്തിയത്. ഒരു നാൾ വീടുകളിൽ കയറിയി റങ്ങികിട്ടിയപൈസയുമായി ആഹാരം വാങ്ങാൻ പോയ അവൻെറ മുത്തപ്പ തിരിച്ചുവന്നില്ല. നഗരത്തിൽ വെച്ച് മദം ഇളകിപാഞ്ഞുവന്ന കുതിരക്കുളമ്പിനടി യിൽപെട്ട് ആ വൃദ്ധൻചതഞ്ഞരഞ്ഞു. വിശപ്പിൻെറ വിളി സഹിക്കാനാവാതെ ശെൽവം മുത്തപ്പയുടെ ഹാർമോണിയം മീട്ടി വീടുകൾ കയറിയിറങ്ങാൻ തുടങ്ങി. മുത്തപ്പയുടെ രൂപം മനസ്സിൽ നിറഞ്ഞ പ്പോൾ ഏതാനും കണ്ണുനീർ തുള്ളികൾ അവൻെറ കവിളിലേക്ക് അടർന്നു വീണു. നിരത്തിലൂടെപോയ ഏതോ വാഹനത്തിൻെറ ഹോൺ അവനെ ഓർമ്മകളിൽ നിന്ന് ഉണർത്തി.



ബിന്ദു.എ.
ഒന്നാം വർഷ ജന്തുശാസ്ത്രം

ശെൽവം വീടുകൾകയറിയി റങ്ങാൻ തുട ങ്ങി. ഉച്ചയായപ്പോഴേയ്ക്കും കടുത്ത വിശപ്പിൽ അവൻ ക്ഷീണിച്ചു ത ളർന്നു. കൈവെള്ളയിൽ ഏതാനും നാണയത്തുട്ടുകൾ മാത്രം. എന്നാലും വഴിയരുകിൽ കണ്ട ഇരുനില മാളിക അവ നിൽ പ്രതീക്ഷയുണർത്തി. അവൻ അങ്ങോട്ട് കയറിച്ചെന്ന് ഉറക്കെപാടാൻ തുടങ്ങി. അല്പ സമയം കഴിഞ്ഞപ്പോൾ ഒരു പ്രൗഢയായ സ്ത്രീ വാതിലക്കൽ വന്നു. പുറത്ത് നിൽക്കുന്ന തെണ്ടിച്ചെക്കനെ കണ്ടതും അവരുടെ മുഖം കറുത്തു. അവർ കോപം കൊണ്ട് അലറി. ''രാവിലെ മുതൽ തുടങ്ങിയോ നാശങ്ങൾ മനുഷ്യനെ ശല്യപ്പെടുത്താൻ.കടന്ന് പോ പുറത്ത്.ഇതെന്താ വല്ല സത്രവുമാണോ?''. അവർ തികട്ടിവന്ന കോപം കടിച്ചമർത്തി എന്തോ പിറുപിറുത്തുകൊണ്ട് ശക്തിയോടെ വാതിൽ അടച്ചു.

ശെൽവത്തിൻെറ പ്രതീക്ഷകൾ അസ്തമിച്ചു. അവൻ വേദനയോടെ പിൻ തിരിഞ്ഞു.ഒരുവയർ ആഹാരത്തിനു വേണ്ടി എന്തെല്ലാമാണ് സഹിക്കുന്നതെന്നോർത്ത പ്പോൾ ആ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിതുമ്പി. വഴിയരുകിൽ കണ്ട ഹോട്ടലിൻെറ എച്ചിൽ തൊട്ടിയിലേക്ക് അവൻ കാലുകൾ വലിച്ചുവെച്ചു. എന്നാൽ വിശപ്പുകൊണ്ട് അ വൻ വഴിവക്കിൽ തളർന്ന് വീണു. മയങ്ങി പ്പോയ ആ കണ്ണുകളിൽ നിന്നൂർന്ന് നീർ ത്തുള്ളി അവൻ നെഞ്ചോടടുക്കി പിടിച്ചിരുന്ന അവൻെറ പ്രിയപ്പെട്ട മുത്തപ്പയുടെ സമ്മാന മായ ഹാർമോണിയത്തിൽ വീണു.

# COLLEGE DAY



സ്വാഗതം ജയ്സൺ തോമസ്
കൗൺസിലർ



• കോളേജ് ദിനാഘോഷ ഉദ്ഘാടനം റവ. ഡോ. കുര്യൻ മററം

Rev. Dr. Kurian Mattam, St. Thomas College





ആശംസാ പ്രസംഗം
പ്രൊഫ. ബാബു നമ്പൂതിരി

കൃതജ്ഞത ജൂലിയാ ജോർജ്ജ്




വൈസ് ചെയർമാൻ

# ജന്മാന്തരങ്ങൾ തേടി



"കലാകാരന്റെ നിത്യപ്രചോദനമായ സ്ത്രീ പതിവ്രത". അങ്ങനെ എന്തൊക്കെയോ ആയിരുന്നു അയാളുടെ സങ്കൽപ്പങ്ങളിൽ താൻ, മനസ്സിൽ അയാളെ ഇഷ്ടപ്പെട്ടു വരികയായിരുന്നു. അപ്പോഴാണയാളുടെ വരവ്, ദി പ്രിൻസ് ചാമിംഗ്, ഗോകുൽ. പ്രണയത്തിന്റെ നിമ്നോന്നതങ്ങളിലേക്ക് തന്റെ കൈ പിടിച്ച് ഗോകുൽ പറന്നു. "കലാകാരന്റെ ചായം പുരണ്ട കരങ്ങളെ അവൾ വെറുത്തു".



സുഭാഷ് ദിവാകർ
I PDC.

നേരം സന്ധ്യയാവുന്നതേയുള്ളൂ. ആ സന്ധ്യയ്ക്ക് എന്തൊക്കെയോ പ്രത്യേകതകൾ ഉള്ളതു പോലെ അവൾക്ക് തോന്നി. മുറ്റത്തി ച്ചുറ്റി അറിയാതെ മനസ്സിലേക്കും പറക്കുന്നതുപോലെ, ചേക്കേറുന്ന കിളികളുടെ ശബ്ദം തുറന്നു കിടക്കുന്ന ജാലകവാതിലിലൂടെ മുറിയിലേക്ക് കടന്നുവരുന്നു.

സ്വീകരണമുറിയിൽ ഒരു വാരികയുടെ പുറങ്ങൾ അലസമായി മറിച്ചു കൊണ്ടിരുന്ന അവളുടെ മനസ്സ് പ്രക്ഷുബ്ധമായി, മനസ്സ് കൈവിട്ട് പോകുന്നതുപോലെ, പിടിച്ചു നിർത്താനാവുന്നില്ല. കിളികളുടെ ആരവത്തിനിടയിൽ ഒരു തേങ്ങലുകൂടി കേൾക്കുന്നില്ലേ. കറങ്ങുന്ന കസേരയ്ക്കൊപ്പം തന്റെ മനസ്സും പഴയ കാലങ്ങളിലേക്ക് പാഞ്ഞിറങ്ങുകയാണോ. അവൾ എഴുന്നേറ്റ് ജനാലയ്ക്കരികിലെത്തി. മഴ ചാറുന്നുണ്ട്. തണുത്ത വെള്ളത്തുള്ളികൾ മുഖത്തും കഴുത്തിലും പതിവിണപ്പോൾ ഗോകുലിന്റെ തണുത്ത് മരവിച്ച കരങ്ങൾ തന്നെ തലോടുകയാണോ എന്നവൾക്ക് തോന്നി. അപ്പോൾ അതാ ഒരു കിളിയുടെ തേങ്ങൽ വീണ്ടും കേട്ടു. കൂടണഞ്ഞ ആൺകിളിയുടെ ശബ്ദം, ഇണയെ കാണാത്ത വ്യഥയുടെ ശബ്ദം ആ കിളിയുടെ രൂപത്തിൽ ഗോകുൽ തന്നെ മാടി വിളിക്കുകയാണ്, മഴത്തുള്ളികളായി തന്നെ തലോടുകയാണ്.

ജീർണ്ണിച്ച് വീഴാറായ തന്റെകൂട്ടിൽ കാണിച്ച് തന്നോടു ആവശ്യപ്പെടുകയാണ്. അതിലേയ്ക്ക് പറന്നടുത്താലോ? എന്നവളുടെ മനസ്സ് ചോദിച്ചു. മുറ്റത്ത് മഞ്ഞൾ തെളിയുന്നു, ആരുടേയോ പാദശബ്ദം കേട്ടതു പോലെ, ഇരുട്ടിൽ അയാളുടെ മുഖം അവ്യക്തമായിരുന്നു, അതയാളായിരുന്നു, കൈക്കുമ്പിളിൽ സ്വർണ്ണക്കൂടുമായി അയാൾ, ജെഫ്രി. താൻ ഏതു കൂട്ടിൽ കയറണം. സ്വർണ്ണക്കൂട്ടിൽ സുഖിക്കണോ, അതോ മരിക്കൽ തന്റെ എല്ലാം ആയിരുന്ന ഗോകുലിന്റെ കൂട്ടിലോ. അത് ഒരു ഉത്തരം കിട്ടാത്ത സമസ്യപോലെ അവളുടെ മനസ്സിൽ അവശേഷിച്ചു.

മനസ്സിന്റെ ഭാരം കൂടുന്നു. ശൂന്യമാക്കാൻ ഭാരമേറിയതേയുള്ളൂ. വർഷങ്ങൾക്കു മുൻപത്തെ ആ സുന്ദര നിമിഷങ്ങളെക്കുറിച്ച് ഒരു നിമിഷം ചിന്തിച്ചുപോയി വിവാഹം കഴിഞ്ഞിട്ടും അന്ന് തങ്ങളുടെ പ്രേമം വർദ്ധിച്ച് വന്നതേയുള്ളൂ. എല്ലാ സായാഹ്നങ്ങളിലും അവനുവേണ്ടി കാത്തിരിക്കുമായിരുന്നു. വന്നാലുടൻ തന്നെ ആലിംഗനത്തിന്റെ തടവിൽ പെടുത്തുമായിരുന്നു.

അവളുടെ ഓർമ്മയാകുന്ന സഞ്ചാരി വീണ്ടും വർഷങ്ങൾക്കു പിന്നിലേക്ക് പോയി. അവിടെ മറ്റൊരു ചിത്രം തെളിഞ്ഞു ജെഫ്രി. ജെഫ്രി ഇന്ത്യയായി. കോളേജിൽ പഠിച്ചിരുന്ന കാലത്താണ് ജെഫ്രിയെ പരിചയപ്പെടാനിടയായത്. അവിടെ അയാൾ പ്രശസ്തനായിരുന്നു. ഒരു ചിത്രകാരനെന്ന നിലയിൽ, മറ്റെല്ലാ ചിത്രകാരന്മാരെയും പോലെ അയാൾ ഒരു സൗന്ദര്യാരാധകനായിരുന്നു. താത്പര്യം സ്ത്രീകളുടെ. അയാളോട് അടുത്തിരുന്ന പല പെൺകുട്ടികളും അയാളുടെ ചിത്രങ്ങൾക്ക് മോഡലായിട്ടുണ്ട്. അയാൾ പലപ്പോഴും പറയാറുണ്ടായിരുന്നു. അങ്ങനെ അയാൾ സൃഷ്ടികൾ നടത്തി കലാകാരന്റെ സ്വയംഭോഗത്തിലൂടെ, പക്ഷേ തന്നോടയാൾ മോഡലാവാൻ ഒന്നും ആവശ്യപ്പെട്ടിട്ടില്ല. പലപ്പോഴായി അയാൾ തന്നോട് പ്രണയാഭ്യർത്ഥന നടത്തിയിട്ടുണ്ട്. അപ്പോഴെല്ലാം അയാളെ ഒരു നല്ല കൂട്ടുകാരനായി കാണാൻ ശ്രമിക്കുകയായിരുന്നു. പക്ഷേ അയാൾക്ക് താൻ എന്തൊക്കെയോ ആയിരുന്നു.

"കലാകാരന്റെ നിത്യപ്രചോദനമായ സ്ത്രീ പതിവ്രത". അങ്ങനെ എന്തൊക്കെയോ ആയിരുന്നു അയാളുടെ സങ്കൽപ്പങ്ങളിൽ താൻ, മനസ്സിൽ അയാളെ ഇഷ്ടപ്പെട്ടു വരികയായിരുന്നു. അപ്പോഴാണയാളുടെ വരവ്, ദി പ്രിൻസ് ചാമിംഗ്, ഗോകുൽ. പ്രണയത്തിന്റെ നിമ്നോന്നതങ്ങളിലേക്ക് തന്റെ കൈ പിടിച്ച് ഗോകുൽ പറന്നു. "കലാകാരന്റെ ചായം പുരണ്ട കരങ്ങളെ അവൾ വെറുത്തു".

എന്തോ ശബ്ദം കേട്ട് അവൾ ചിന്തയിൽനിന്ന് ഉണർന്നു. ഡോർ ബെൽ ശബ്ദിച്ചുവോ ആരെങ്കിലും വന്നോ ? ജെഫ്രി ആയിരിക്കുമോ ?. ആകരുതേ എന്ന പ്രാർത്ഥനയോടെ അവൾ വാതിൽ തുറന്നു.

ശൂന്യം ആരുമില്ല ഒരു പക്ഷേ തോന്നിയതാവാം. വർഷങ്ങൾക്കു ശേഷവും അവിവാഹിതനായി തനിക്കു വേണ്ടി കാത്തിരുന്ന അയാളെ തനിക്ക് ഒഴിവാക്കാനാവുമോ? അവൾ സ്വയം ചോദിച്ചു. ഒരു പുതു ജീവിതം ആരംഭിക്കാനാവുമോ?

ഗോകുൽ, ഗോകുലിനെ കുറിച്ചുള്ള ഓർമ്മകൾ അവളുടെ മനസ്സിനെ വീണ്ടും തളർത്തി. ആ ആത്മാവ് ഈ വീട് വിട്ട് പോയിട്ടുണ്ടാവുമോ ? ഇല്ല മരിച്ചവർ തിരിച്ചു വരില്ല അവൾ അങ്ങനെ വിശ്വസിക്കാനും വിശ്വസിപ്പിക്കാനും ശ്രമിക്കും. തനിക്കൊരു പുതിയ ജീവിതം ഉണ്ടായാൽ ഗോകുൽ അതിൽ സന്തോഷിക്കുമോ? തന്റേതു മാത്രമെന്നു കരുതിയ ഒന്നു മറ്റൊരാളുടേതാകുമ്പോൾ ഉണ്ടാകുന്ന വ്യഥ. ആ ആത്മാവിന് സഹിക്കാൻ കഴിയുമോ തന്നെ ശപിക്കുമോ പിറ്റേന്നു രാവിലെ അവൾ ജെഫ്രിക്ക് ഫോൺ ചെയ്തു, വീട്ടിലേക്ക് വരാൻ, തനിയെ ഡ്രസ്സ് ചെയ്ത് അവനായി കാത്തു

നിന്നു കൃത്യസ മയത്തെത്തിയ അവനെ അവൾ കിടക്കറയിലേക്ക് ആനയിച്ചു. അവളുടെ കരസ്പർശമേറ്റ കലാകാരന്റെ ഹൃദയം മന്ത്രിച്ചു................. സൃഷ്ടി! സൃഷ്ടി! കലാകാരന്റെ സ്വയം ഭോഗത്തിലല്ല കലാകാരന്റെ സംഭോഗത്തിലൂടെ.

അന്നേ ദിവസം വരെ അവിടം വിട്ട് പോകാനിരുന്ന ഗോകുലിന്റെ ആത്മാവിന് അന്ന് ആദ്യമായി അവളോട് വെറുപ്പ് തോന്നി എന്തൊക്കെയോ സ്വയം പഴിച്ചു കൊണ്ടു അതു യാത്രയായി, എങ്ങോട്ടേയ്ക്കോ.

'' നീയൊരിക്കൽ നാഴികമണി എന്ന് വിശേഷിപ്പിച്ചഎന്റെ ഹൃദയം സ്വാതന്ത്ര്യം എന്തെന്ന് അനുഭവിച്ച് അറിയുന്നു ''.

''പഥം വിട്ട് സഞ്ചരിച്ചുതുടങ്ങിയ മനുഷ്യനിർമ്മിതഗ്രഹം പോലെ ഞാൻ നിന്നിൽ നിന്ന് അകന്ന് അകന്ന് സഞ്ചരിക്കുകയാണ്. നീയെന്ന ജന്മത്തിൽ നിന്ന് മറ്റൊരുജന്മത്തിലേക്ക്. ജന്മാന്തരങ്ങൾ തേടി അലയുന്ന ആത്മാവായി''.

.....................

■■■

# ശാർങ്ഗപക്ഷികൾ

മഴ ആർത്ത് പെയ്യുന്നു. ഒപ്പം കാതടപ്പിക്കുന്ന ഇടിനാദം പ്രപഞ്ച ഹൃദയം നടുക്കുന്നു പൊറക്കുടിലിന്റെ നനഞ്ഞൊലിക്കുന്നമേൽ ക്കൂരയ്ക്കു താഴെ ഇഴുകിയ തറയിൽ ചേച്ചിയോട് കുറച്ചുകൂടി പററി ച്ചേർന്നു കുഞ്ഞനുജൻ ഇരുന്നു. അവളുടെ വിറയ്ക്കുന്നകരങ്ങൾ അവനെ വലയം ചെയ്തിരുന്നു. ആ നേർത്ത ചൂടിൽ പററി ആ പിഞ്ചുബാലൻ മയക്കത്തിലാണ്ടിരു ന്നു അപ്രതീക്ഷിതമായി പുറത്തൊരു മിന്നൽ, തുടർന്ന് കൂററൻ ഇടിനാദം. അനുജൻ പെട്ടന്ന് ഞെട്ടിയെണീററു. അവൻ നടുങ്ങി ഉറക്കെ വിളിച്ചു ''അമ്മേ... അമ്മേ.......'' ആ നിലവിളി ഇരമ്പുന്ന മഴയിൽ മുങ്ങിയകന്നു. ആ ബാലിക തന്റെഅനുജനെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. ''മോൻ കരയാതെ അമ്മ ഇപ്പോൾ തന്നെ വരും ..'' അവൻ വീണ്ടും കരഞ്ഞു 'ചേച്ചിഇന്നിക്കിപ്പം കാണണം എന്റെ അമ്മയെ- ഇപ്പം കാണണം. അമ്മയെന്ത്യേ?

അവൾ മറുപടി പറഞ്ഞില്ല. അവന്റെ മുടിയിഴകളിൽ തലോടിക്കൊണ്ട് കട്ടപിടിച്ച ഇരുട്ടിലേക്ക്മിഴികൾ പായിച്ചു. അവളോർത്തു. പണിക്കുപോയ അമ്മ ഇതുവരെ വന്നില്ല. എന്നും നേരത്തെ വരുന്നതാണ് ഇന്നെന്തുപററി? ഒരുപക്ഷേ എവിടെയെങ്കിലും നനഞ്ഞൊലിച്ചു കയറി നിൽപ്പുണ്ടാവും. പാവം. അമ്മ പണിക്കു പോയാലേ ഞങ്ങൾക്ക് പട്ടിണിയറിയാതെ കഴിയാനാവൂ എന്നവൾക്കറിയാം.

അമ്മ പാടത്തും പറമ്പിലും കൂലിവേല ചെയ്തു കിട്ടുന്ന കാശു കൊണ്ടാണ് താനും അനുജനും ഒന്നുമറിയാതെ കഴിയുന്നത് സ്നേഹിക്കാൻ മാത്രമറിയാവുന്ന, ഞങ്ങൾക്കു സ്നേഹിക്കാൻ മാത്രമുള്ള അമ്മ. ഇതേ സമയം അനുജൻ ഏങ്ങികരയുവാണ്. വിശപ്പും ക്ഷീണവും അവനെ തളർത്തി കഴിഞ്ഞിരുന്നു

അവൻ എങ്ങലടിക്കുന്നു. പുറത്തപ്പോഴും മഴ തകർത്ത് പെയ്യുകയാണ്. കിടിലം കൊള്ളുന്ന ഇടികൾ മു ഴങ്ങു ന്നു . ഇതേ സമയം ആ പിഞ്ചുകുഞ്ഞുങ്ങളുടെ അമ്മ വേഗത്തിൽ നടക്കുകയാണ്. കുടുംബലക്ഷ്യമാക്കി പറക്കുന്ന തള്ളപക്ഷിയെപ്പോൽ. നേരം വല്ലാതിരുണ്ടിരിക്കു ന്നു കുഞ്ഞുങ്ങളെ വല്ലാതെ ഓർത്തപ്പോൾ അവൾക്ക് വല്ലാതെ ഉത്കണ്ഠയായി. പാവങ്ങൾ ഇപ്പോൾ പേടിച്ചുവിറച്ചിരിക്കയാവും. തളർന്നിരിക്കും, അവൾ നടപ്പിനു വേഗം കൂട്ടി എത്രയും വേഗം വീടണയാൻ. തന്റെ കുഞ്ഞുങ്ങളെ കാണാൻ അവരുടെ വിശപ്പു മാററാൻ. അവരുടെ കളിചിരികൾ കാണാൻ. അതുകണ്ടു ഉള്ളുതുറന്ന് ഒന്നു സന്തോഷിക്കാൻ. പെട്ടന്ന് ആകാശ ഗംഗയിൽ നിന്നും ഒരു മിന്നൽ ഭൂമിയിൽപ്പതിച്ചനിമിഷം, ആയിരം സാഗരം അലറിയ ആനിമിഷം, ആമാതൃജീവൻ പൊലിഞ്ഞു. പ്രകൃതി യുടെ സംഹാരം ....! അതു മറ്റൊന്നുമറിയാതെ അനസ്യൂതം തുടർന്നു കൊണ്ടിരുന്നു. രാത്രിയുടെ അന്ത്യയാമങ്ങളിൽ...കോരിച്ചൊരിയുന്ന മഴയിൽ ആ പിഞ്ചുകുഞ്ഞുങ്ങൾ അമ്മയെ തേടിയിറങ്ങിയിരുന്നു. വഴിയിൽ ചേതനയററു കിടന്നിരുന്ന അമ്മയുടെ ശരീരത്തിൽ വീണുഅലറിക്കരയുന്നആ കുഞ്ഞുങ്ങളുടെ രോദനം പ്രപഞ്ചമറിഞ്ഞിരുന്നുവോ...? മഴ അപ്പോഴും പെയ്യുകയായിരുന്നു.

**Anand**
I PDC





# തേങ്ങലുകൾ

ഓടുന്ന കാറിലിരുന്നു വീണ ചിന്തിച്ചു. ഇന്നു തന്റെ യാത്ര എങ്ങോട്ടാണ് ഓ....! അനാഥരായ കുഞ്ഞുങ്ങളുടെ അഭയകേന്ദ്രം. എന്നും ഇങ്ങനെ ഓരോ യാത്രകൾ. എങ്ങോട്ടാണ് തന്റെ ഈ യാത്ര ഒടുങ്ങുന്നതും? അതെവിടെയാണ്? അറിയില്ല. തനിക്കു ചുറ്റുമുള്ള ജനങ്ങളുടെയൊപ്പം എന്തിനുവേണ്ടി പരക്കംപായുന്നു ഒന്നും തന്നെ നേടുന്നുമില്ല. ഈ ഓട്ടം മാത്രം.

കാറിന്റെ മുന്നിലെ കണ്ണാടിയിലൂടെ വീണ തന്റെ രൂപം കണ്ടു ഒരു കാലത്ത് സുന്ദരമായിരുന്ന തന്റെ മുടി നരബാധിച്ചിരിക്കുന്നു. ഒരു ജില്ലാ കളക്ടറാണ്. ധാരാളം സമ്പത്ത്. പക്ഷേ എന്ത് ഫലം? ഏതൊരു സ്ത്രീയും ആഗ്രഹിക്കുന്ന ഒരു നല്ല ജീവിതം തനിക്കു ലഭിച്ചില്ല. ഏതാനും വിവാഹത്തിന് ഏതാനും നാളുകൾക്കുള്ളിൽ ഭർത്താവ് നഷ്ടപ്പെടുവാൻ വിധിക്കപ്പെട്ടവൾ............എല്ലാം തന്റെ വിധിതന്നെ.

കാർ മെല്ലെ ആ അനാഥ വിദ്യാലയത്തിന്റെ മുറ്റത്ത് വന്ന് നിന്നു. 'മാഡം' ഡ്രൈവറിന്റെ വിളികേട്ട് അവൾ തന്റെ ചിന്താധാരയിൽ നിന്ന് ഉണർന്നു. കണ്ണുകൾ തുടച്ച് അവൾ കാറിൽ നിന്ന് ഇറങ്ങി നടന്നു. പിന്നാലെ ഒരു വലിയ പൊതിയുമായി വീണയുടെ പേഴ്സണൽ അസിസ്റ്റന്റ് ഗീതയും.

മിഠായികൾ വിതരണം ചെയ്യുന്നതിനിടയിൽ ഒരു കുട്ടി തന്റെ സാരിത്തുമ്പിൽ പിടിച്ച് വലിക്കുന്നത് ശ്രദ്ധിച്ചു. നല്ല ഐശ്വര്യം നിറഞ്ഞ കുഞ്ഞുങ്ങൾ. ഈ പിഞ്ചു കുഞ്ഞുങ്ങളെ ദൈവം എന്തിനാണിങ്ങനെ ശിക്ഷിച്ചത്, അവളോർത്തു അല്പം ഒതുങ്ങി മാറി നിന്ന ആ കുട്ടിയെ വീണ ശ്രദ്ധിച്ചു. എട്ടുവയസ്സ് മാത്രം പ്രായം വരുന്ന ഒരു ആൺകുട്ടി അവന്റെ നീലക്കണ്ണുകളും നിഷ്കളങ്കതയാർന്ന പുഞ്ചിരിയും ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുവാൻ തക്കഭംഗിയുള്ളതായിരുന്നു.

പക്ഷേ വീണയ്ക്ക് ജീവിത യാഥാർത്ഥ്യങ്ങളോട് നീതിപുലർത്താതിരി



വീണയുടെ ശബ്ദം മാധുര്യമോ, അതോ സഹതാപമെങ്കിലും തന്നോടു കാണിച്ച സ്നേഹമോ എന്തോ, ഉണ്ണിക്കു വീണയോട് ഒരു പ്രത്യേക അടുപ്പം തോന്നി.

അവനെ മെല്ലെ അടുത്തു നിർത്തി തലോടിക്കൊണ്ടു ചോദിച്ചു എന്താ മോന്റെ പേര്?

''ഉണ്ണി''. അവൻ ഉത്തരം പറഞ്ഞു.

അനാഥാലയത്തിലെ സിസ്റ്റേഴ്സിനോടും ആയമാരോടും അവിടുത്തെ നടത്തിപ്പിനെക്കുറിച്ച് അന്വേഷിച്ചു നല്ല രീതിയിൽ പോകുന്നുണ്ട്. എന്ന മറുപടി അവളെ സന്തോഷിപ്പിച്ചു. അഞ്ചായിരം രൂപയുടെ ചെക്ക് എഴുതി കൊടുത്തിട്ട് അവൾ യാത്ര പറഞ്ഞു.

മടക്കയാത്ര എന്തുകൊണ്ടോ അവൾക്ക് അരോചകമായി തോന്നി. കാറിന്റെ അരികിലൂടെ പുറത്തേക്ക് നോക്കി, പിറകോട്ടോടുന്ന മരങ്ങളെ അവൾ വെറുതെ നോക്കിയിരുന്നു. എന്തോ ഇന്ന് തന്റെ മനസ്സ് കൂടുതൽ അസ്വസ്ഥമായിരിക്കുന്നതായി അവൾക്ക് തോന്നി. മനസ്സിലൂടെ ഏതോ അവ്യക്ത രൂപങ്ങൾ മിന്നിമറയുന്നതുപോലെ ''ഉണ്ണി.''' എന്താ മാഡം' ഗീത ചോദിച്ചു. ഹേയ് ഒന്നുമില്ല '. അവൾ മറുപടി പറഞ്ഞു. വീണയുടെ മനസ്സിൽ ആ രൂപം തെളിഞ്ഞു. 'ഉണ്ണി' 'ഉണ്ണികൃഷ്ണൻ' വീണ ബി.എ. യ്ക്ക് പഠിക്കുന്ന കാലം കോളേജിലെ എൻ. എസ്. എസ്. ക്യാമ്പിന്റെ ഭാഗമായാണ് അവൾ ആ അനാഥവിദ്യാലയത്തിൽ എത്തിയത്.

അവിടെ വച്ചാണ് അവൾ ഉണ്ണിയെ പരിചയപ്പെട്ടത്. ഏകദേശം24 വയസ്സ് പ്രായം. ശാന്തമായ പ്രകൃതം. അശ്രദ്ധമായി കാണപ്പെട്ട തലമുടി എങ്കിലും അതിനൊരു പ്രത്യേക ഭംഗി തന്നെയായിരുന്നു. എപ്പോഴും ആ ചുണ്ടുകളിൽ പുഞ്ചിരി വിരിഞ്ഞു നിന്നിരുന്നു. നേരിയ തോതിൽ കാഴ്ച ശക്തിയുണ്ടായിരുന്നു. വെറും മൂന്നു ദിവസത്തെ പരിചയം.

വീണയുടെ ശബ്ദം മാധുര്യമോ അതോ സഹതാപമെങ്കിലും തന്നോടു കാണിച്ച സ്നേഹമോ എന്തോ, ഉണ്ണിക്കു വീണയോട് ഒരു പ്രത്യേക അടുപ്പം തോന്നി. തന്നെ സ്നേഹിക്കുവാൻ ഒരാളുണ്ടെന്ന തോന്നൽ അല്ലെങ്കിൽ ഏകാന്തതയിൽ നിന്നും സമൂഹത്തിലെ ഒറ്റപ്പെടലുകളിൽ നിന്നും രക്ഷപെടുന്നതിനുള്ള ഒരു മാർഗ്ഗം അല്ലെങ്കിൽ സ്നേഹിക്കപ്പെടുന്നതിനു വേണ്ടിയുള്ള വെമ്പൽ. ഏതായാലും ഉണ്ണിയുടെ മനസ്സിൽ വീണ സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു.

തനിക്കു തെററു പറ്റിയില്ല.... അറിയാതെയെങ്കിലും ഉണ്ണിയിലേക്ക് കടന്ന് ചെന്നില്ലേ ....ശരിയാണ് പക്ഷേ......

ക്യാമ്പിന് ശേഷം വീണയും കൂട്ടുകാരും തിരികെ പോയി. ഉണ്ണിയുടെ മനസ്സിൽ ആ രൂപം നിറഞ്ഞു നിന്നു. കാതുകളിൽ ആ ശബ്ദം പ്രതിധ്വനിച്ചു. മറെറാരാളെ കാണുവാൻ എന്നോണം കൂട്ടുകാരനുമൊത്ത് അവൻ വീണയുടെ കോളേജിലെത്തി. ഉദ്ദേശിച്ചു വന്നയാളെ കണ്ടുവെങ്കിലും ഉണ്ണിയുടെ മനസ്സ് മറെറാരാൾക്ക് വേണ്ടി അലഞ്ഞു.

ഉണ്ണി ആരെയോ തിരയുന്നതു പോലെ നിൽക്കുന്നത് വീണ ദൂരെ നിന്ന് കണ്ടു. അടുത്തു ചെല്ലണോ? വേണ്ട. അവളുടെ മനസ്സ് പറഞ്ഞു. ഇനിയും വെറുതെ.... ഉണ്ണി ആ ശബ്ദം കേൾക്കുവാൻ കാതോർത്ത് നിന്നു. വീണതന്റെ അരികെ കൂടി കടന്നു പോയിട്ട് ഉണ്ണിക്ക് ആളെ മനസ്സിലാക്കുവാൻ സാധിച്ചില്ല. അയാൾ തിരിഞ്ഞു നടന്നു.

ക്ലാസ്സിൽ ചെന്നിരുന്നപ്പോൾ വീണയുടെ മനസ്സ് പിടഞ്ഞു. ദൈവമേ .... താൻ എന്തു ക്രൂരതയാണ് കാണിച്ചത് സത്യത്തിൽ ഞാൻ ഉണ്ണിയുടെ വൈകല്യത്തെ വഞ്ചിക്കുക തന്നല്ലേ ചെയ്തത്. ഒന്നു മിണ്ടാനായിരുന്നു. ക്ലാസ്സിൽ നിന്ന് അവൾ ഇറങ്ങി കോളേജ് കവാടത്തിലേക്ക് ഓടിച്ചെന്നു. ദൂരെ റോഡിൽ കൂട്ടുകാരന്റെ കൈപ്പിടിച്ചു മെല്ലെ നടന്നു നീങ്ങുന്ന ഉണ്ണിയെ അവൾ കണ്ടു.. ഗേററിന് പുറത്ത് പോകുവാൻ അവൾക്ക് അനുവാദമില്ലായിരുന്നു. ഉണ്ണി ഒന്നു തിരിഞ്ഞു നോക്കിയിരുന്നു എങ്കിൽ....പക്ഷേ തന്നെ തിരിച്ചറിയുവാൻ ഉണ്ണിക്കു കഴിയില്ലല്ലോ 'ഉണ്ണി' എന്നുറക്കെ വിളിക്കാൻ അവൾക്ക് തോന്നി. ഗേററിന്റെ തുറിച്ചു നോട്ടം അവളെ അതിൽ നിന്നും പിന്തിരിപ്പിച്ചു. ഒന്നു ഉറക്കെ പൊട്ടിക്കരയുവാൻ സാധിച്ചെങ്കിൽ .....എല്ലാം ഉള്ളിലൊതുക്കി അവൾ തിരിച്ചു നടന്നു. സകല ദൈവങ്ങളേയും വിളിച്ചവൾ ക്ഷമ യാചിച്ചു.

പിന്നെ അവൾ ഉണ്ണിയെ കണ്ടിട്ടില്ല. വിതുമ്പുന്ന ഹൃദയവുമായി അവൾ തന്റെ യാത്ര തുടരുകയാണ്. ശാപമോക്ഷത്തിനു വേണ്ടി..........

Sajeesh . K.
1 P D C II Batch





# സീതായനം

മഴ കുടുതലില്ല. ബസ്സിൽ നിന്നിറങ്ങി, തുറക്കാത്ത പീടികത്തിണ്ണയിൽ കയറി. വെള്ളിയാഴ്ച്ചയല്ലാത്തതു കൊണ്ടോ എന്തോ തിരക്കില്ല. സമാധാനം, സീത നേരത്തെ വന്നിരിക്കും. ആറുമണിക്കൊരു ബസ്സുണ്ട് അതുവഴി. കടവിൽ നിന്നും പുറപ്പെട്ടത് എത്തിയാൽ ഒരു മണിക്കൂർ യാത്ര. കാത്തു നിൽക്കുന്നതിനാൽ പരിഭവിക്കാനൊന്നുമില്ല. ശ്രീകോവിലിനു മുൻപിലാണെങ്കിലും ഷർട്ട് അഴിച്ചിട്ട് ദേഹം കാട്ടി നിൽക്കാനൊക്കെ തനിക്ക് ബുദ്ധിമുട്ടാണെന്ന് അവൾക്ക് അറിയാം. കൂട്ടുണ്ടായിരുന്നെങ്കിൽ മണ്ഡപത്തിലേക്ക് പോകാമായിരുന്നു... അമ്മ കൂടെ നിർബന്ധിച്ച് തന്ന് വിട്ടതാണ് എന്നിട്ടും ബസ്സ് സ്റ്റോപ്പിലെ ശേഖരൻകുട്ടിയുടെ കടയിൽ അതേൽപ്പിച്ചു. മടക്കത്തിൽ എടുത്തോളാമെന്ന് പറഞ്ഞു മാഫീസിലേക്ക് ബസ്സിറങ്ങിയാൽ ഏറെ നടക്കാനില്ല.സംഗതി അതല്ല മഴയത്തൊരുകുടക്കീഴെ പോകുന്നതിൽ ചില്ലറ സുഖം മറ്റൊയുണ്ട്. വിവാഹത്തിന് മുൻപ് നനഞ്ഞ ദേഹങ്ങൾ മുട്ടിയുരുമ്മി.........അതെ. മഹാമായേ അരുതാത്ത ചിന്തയാണ് ഈ നടക്കൽ വെച്ച്, അമ്മേനാരായണ,കൃഷ്ണാ ഗുരുവായൂരപ്പാ.....മുൻപ് ഇത്ര തെളിഞ്ഞ് കേൾക്കില്ലായിരുന്നു. ഇപ്പോൾ പുറത്തേയ്ക്ക് കോളാമ്പിവെച്ചിട്ടുണ്ട്, രാമായണ മാസാചരണത്തിന്റെ ഭാഗമായി.

കാണിക്കവഞ്ചിക്കരുകിലൂടെ സീത നടന്ന് വരുന്നതു കണ്ടു. ഒരിക്കലും മായാത്ത ആ ചിരി മുഖത്തിപ്പോഴും ഉണ്ട്. കരുക്കപ്പുല്ലുകൾ പന്തലിച്ച കാമ്പസ്സിൽ -പോക്കു വെയിലിന്റെ രശ്മികളുണ്ടായിരുന്നു. നസ്സേബ്ലോക്കിൽ അക്കേഷ്യാക്കാലുകൾ ഉണ്ടായിരുന്നു. അതിന്റെ തണലിൽ വെച്ചാണ് സീതയെആദ്യമായി കണ്ടത് . ഒരു ഇന്റർ കൊളീജിയററ് ക്യാമ്പിൽ വച്ച്.

അടുത്ത് വന്നപ്പോഴാണ് ശ്രദ്ധിച്ചത്, ചിരിയല്ല, വരണ്ട ചുണ്ടുകൾ വിറയ്ക്കുന്നുണ്ട് കണ്ണുകളിൽ നീർ തിളങ്ങുന്നുണ്ട്. തിണ്ണയിൽ നിന്നും ഒതുക്കിലേക്ക് കാൽ വച്ചപ്പോൾ പതർച്ചവ്യക്തമായി.

കൈപിടിച്ച് അടുത്ത് ചേർത്ത് നിർത്തി. ഒരു തൊട്ടാവാടി, ചെറിയ കാത്തിരിപ്പ് പോലും താങ്ങാനാവാത്ത പ്രകൃതം . കഴിഞ്ഞ കന്നിയുമുണ്ടായിരുന്നു രാമന്റെ അടുത്ത് വന്നെങ്കിലെ

സീതയ്ക്ക് സമാധാനം ഉണ്ടാവൂ. കുട ഉണ്ടായിട്ടെന്താ നിറുക ആകെ നനഞ്ഞിരിക്കുന്നു. ടൗവ്വൽ കൊണ്ട് മുഖം തുടയ്ക്കുമ്പോൾ മുഖം തെളിയുന്നത് കണ്ടു. "ഞാൻ തോഴ്വതുട്ടോ". ഹാവൂ ആശ്വാസം ശമ്പളമുണ്ട്, ക്ഷമാപണമോ വൈകിയതിന്റെ പരിഭവമോ അരുത്! "ഞാൻവിചാരിച്ചു." വരില്ലാന്ന്, നാലഞ്ചുവട്ടം എഴുതി അറിയിച്ചിരുന്നു. കാരണം, പ്രൈവറ്റ് എംപ്ലോയ്മെന്റിൽ ഇന്റർവ്യൂ. എഴുകുന്ന പുഴയിൽ ചെപ്പിയുടെ അടുത്ത് പോകണമെന്നൊക്കെ.

കോട്ടയത്തുനിന്നുപരസ്യക്കുട്ടിപ്പിക 31-ന് മുൻപ് തിരിച്ചെത്തിയില്ലെങ്കിൽ മെമ്മോ പ്രതീക്ഷിക്കാമെന്ന്, പിറുപിറുത്ത് പറയുന്ന അസിസ്റ്റന്റ് മാനേജരുടെ അടുത്ത് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ജോലിചെയ്യുക, അല്ലെങ്കിൽ പിരിഞ്ഞു പോകുക എന്ന മുദ്രാവാക്യം ഒരു കാതുകിയ്ക്ക് എങ്ങനെ മനസ്സിലാകും. ബസ്സിലൊരേ സീറ്റിലിരുന്ന് യാത്ര ചെയ്യുമ്പോൾ പരിഭവങ്ങളുടെ കെട്ട് അഴിക്കുമെന്ന് പ്രതീക്ഷിച്ചതൊക്കെ തെറ്റി. കൈവെള്ളയിൽ നുള്ളിനോവിക്കുന്നത് പെണ്ണിന് വിനോദം. സർട്ടിഫിക്കറ്റുകൾ നിറച്ചഫയൽ മടിയിലുള്ളത് ഭാഗ്യം. യൗവ്വനത്തിന്റെ ചാപല്യമെന്ന് കണ്ട് ശ്രദ്ധിക്കാതിരിക്കാൻ മാത്രം വിശാല മനസ്കർ ആകണമെന്നില്ലല്ലോ സഹയാത്രികർ.

സിവിൽ സ്റ്റേഷന്റെ സ്റ്റെപ്പ് കയറാൻ തുടങ്ങിയപ്പോൾ പറഞ്ഞു "എണ്ണിക്കോളൂ".
എന്ത്?" "സ്റ്റെപ്പ്സ്". ങും?" "പറയാം".
മുകളിലെത്തിയപ്പോൾ ചോദിച്ചു എത്രയുണ്ട്"? 38
എന്തേ?". ഇന്റർവ്യൂബോർഡിന് എന്തുചോദ്യവുമാകാം, ചിലപ്പോൾ ആദ്യചോദ്യം ഈ ഓഫീസിലേക്ക് വരാൻ എത്ര സ്റ്റെപ്പ്സ് കയറേണ്ടിവന്നു എന്നാണെങ്കിലോ? പരിശ്രമത്തിനിടയിലും സീതയ്ക്ക് ചിരി വന്നു, ശ്രമിച്ചു. ചിരിയ്ക്കാതിരിക്കലും പൂർണ്ണത വരുന്നില്ല. പരിശ്രമത്തിന്റെ തിരയിളക്കം ശരിക്കും മുഖത്തുണ്ട്. പ്ലാപ്പിള്ളിയിലെ മാധവൻ മാഷിനോട് നേരത്തെ ചോദിച്ചിരുന്നു. സീതയുടെ എച്ച്. എസ്. എ. ഇന്റർവ്യൂഅറിയിപ്പുള്ള കത്തുവന്നപ്പോൾ പ്യൂവർലി ടെമ്പററി എന്നായാൽ ഒരു വർഷം ഒരുമാസത്തെ ശമ്പളമെങ്കിലും സെലക്ഷൻ ബോർഡിന് വീതം വെയ്ക്കേണ്ടിവരും.



അത്രമാത്രംപോരാ. ഉയർന്നപടിപ്പാടും ആവശ്യം, സീതോടൊന്നുംപറഞ്ഞില്ല. കർമ്മം ചെയ്യുക, ഫലംഇച്ഛിക്കാതിരിക്കുകയെന്നല്ലേ?

ഇത്തരം എത്രയോ റിഹേഴ്സലുകൾക്കൊടുവിലാണ് ഭാഗ്യം കടാക്ഷിക്കുക. പത്തരയായപ്പോഴേയ്ക്കും ഓഫീസിൽ ആളനക്കം തുടങ്ങി. വലിയ ചന്ദനക്കുറിയൊക്കെ തൊട്ട് ഗമയിലിരിക്കുന്ന വയസ്സൻ കേറി വന്ന ഒരാളോട് ചോദിക്കുന്നത്കേട്ടു. "സുധാകരൻ സാറ് ഇന്ന് നേരത്തെ ആണല്ലോ"
"എന്തുചെയ്യാനാ മാഷേ. കുട്ടിക്ക് ട്രിപ്പ് കൊടുക്കേണ്ട ദിവസം, പക്ഷേ പറഞ്ഞിട്ട് കാര്യമുണ്ടോ? ഇന്റർവ്യൂ ദിവസമല്ലേ, ശാന്ത തനിച്ചു പോകേണ്ടതിന്റെ ശിക്ഷ കിട്ടിയതു തന്നെ. വയസ്സന്റെ കുശുമ്പിച്ചിരിച്ചപ്പോൾ ബ്രിട്ടീഷു കാരന്റെ പ്രായമുള്ള കസേര ഇളകി കരഞ്ഞു. പത്തരയ്ക്ക് ഓഫീസിൽ കയറി വരുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ പരിഭവം!. ഒൻപതരയ്ക്കു മുൻപേ വന്നു നിൽക്കുന്ന ഉദ്യോഗാർത്ഥികളായ മണ്ട ശിരോമണികളെ ശപിക്കാതിരുന്നത് ഭാഗ്യം.

അരമണിക്കൂർ കഴിഞ്ഞപ്പോൾ ഇന്റർവ്യൂ എന്ന കഠിന പരീക്ഷയും കഴിഞ്ഞ്ഒന്നു രണ്ടുപേർ ഇറങ്ങിവന്നു. അടുത്ത് ചായക്കാരൻ ഉണ്ടായത് നന്നായി. ഓരോ ചായ കഴിച്ച് കഴിഞ്ഞപ്പോഴും അവർക്ക് സംസാരിക്കാമെന്നായി. ചോദ്യങ്ങളുടെ സാമ്പിളുകൾ.
ഇന്നലെ രാത്രിയാൽ ആകാശത്ത് എത്ര നക്ഷത്രങ്ങളുണ്ടായിരുന്നു?
സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ കിട്ടാൻ കാരണമെന്ത്?
ഊന്നുവടിയുമായി നിൽക്കുന്ന ഗാന്ധി ചിത്രം എന്താണ് ഓർമ്മിക്കുന്നത്....
,കൊള്ളാം, സോഷ്യൽ സ്റ്റഡീസ് അധ്യാപകൻ ആവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ തന്നെ. സീത അടുത്ത മരബെഞ്ചിൽ വന്നിരുന്നു. വരണ്ട ചുണ്ടുകൾ നനയ്ക്കാൻ പാടുപെടുകയാണ് പാവം. "ചായ കുടിക്കണോ ?"
ചായയ്ക്ക് വിലകുറവായത് നന്നായി. ഒന്നിന് ഒരു രൂപാ മാത്രം. രണ്ടു ചായ കുടിച്ചു കഴിഞ്ഞപ്പോൾ സീത തെളിഞ്ഞു.
"പേടിണ്ടോ?"
"ഇല്ല."
"തീരെ?"
"ങും"

പിന്നീടപ്പോഴോ കാത്തിരുപ്പിന്റെ പരകോടിയിൽ സീതയുടെ പേരും വിളിക്കുന്നതു കേട്ടു. ആദ്യം ചന്ദന കുറിയിട്ട് ഗമയിൽ ഇരുന്ന വയസ്സൻ സീനിയർ ഉദ്യോഗസ്ഥൻ എന്നു ധരിച്ചതു തെറ്റ്. അയാളാണ് പേര് വിളിക്കാൻ വന്നത്. യാഥാർത്ഥ്യങ്ങൾക്കും സ്വപ്നങ്ങൾക്കു മിടയ്ക്കുള്ള ദശാസന്ധിയിലൂടെ അവൾ അകത്തേക്കു പോകുന്നത് കണ്ടു. അറിയാവുന്ന ദൈവങ്ങളെ പേര് വിളിച്ച് ഞാൻ പ്രാർത്ഥിച്ചിരുന്നായി......
പുറത്ത്........................

**Sunoj Thomas**
II Dc Eng.

# सुपाडी की कथाए

टिकंल कथाओं को पढने वाला शायद ही कोई ऐसा हो जो सुपाडी के चरित्र से परिचित न हो। सुपाडी गाँव भर में अपने मूर्खता व भोलेपन केलिए प्रसिद्ध था। उसके साथ घटने वाली घटनाएं मजेदार व हँसा कर लोट-पोट करने वाली होती है तो आइए, एक ऐसी, ही 'सुपांडी' घटना काआनंद ले। एक बार सुपांडी कुछ सोच, अपने आप से ही बोल उठा, ''गाँव वाले सभी मुझे मूर्ख समझते है। वक्त आ गया है कि मैं उन्हे बताऊँ कि मैं मूख नही। शहर वाले होशियार समझे जाते है, अत: मैं किसी शहर वाले से होशियारी सीख लूँगा, फिर उसे एक शहर वाला व्यक्ति मिला। तुंत उसने शहरी के सामने अपनी समस्या रख दी और कहा '' बाबू, मूझे कोई ऐसी तरकीब सिखाये मै गाँव वालों के सामने अपने आपको बुद्धिमान दिखा सकूं।

''बाबू कुछ देर सोच में पड गया। फिर उन्हे एक तरकीबे मिली। एक मजबूत बिजली के खम्बे पर उन्होने हाथ रख दिया। बोला,'' सुपांडी पूरा जोर लगा कर मेरे हाथ को मारो ''अरे,, यह तो बडा आसान है'' कहकर सूपाडी का हाथ लोहे के खंबे ने जे टकराया। वह दर्द से कराह उठा। किन्तु फिर बहुत खुश हुआ। बाबू को उसने बहूत धन्यवाद दिया।

गाँव पहुँचकर सुपांडी ने गाँववालों को इकठ्ठा किया। थोडी ही देर में उसके चारों ओर गाँव वालों की भीड जमा हो गयी। वह उनमे बोला, ''आप सभी मुझे बडा बुद्धु समझते है, मैं आप लोगों को बताता हूँ, कि मैं बुद्धिमान हूँ। गाँव वाले विस्मय से देखने लगे। सुपांडी ने अखाडे के पहलवान से कहा, ''पहलवानजी जरा इधर आइिए''। पहलवान से हनूमा न जी आ खडे हूए। सूपांडी ने चारों तरफ देखा। उसे वहाँ कोइ बिजली का खम्बा नजर नही आया। ''अब क्या करे''? उसने सोचा। फिर उसे वह तरखीब सुझी। अपने बाएँ हाथ को बाएँ गाल पर रखा और कहा, ''पहलपानजी, पूरी जोर से मेरे हाथों को मारिए। पहलवानजी, ने पुरा जोर लगाया और मारा। हँसते हुए ने हाथहटा दिया। गाल परयप्पड इतनी जोर से पडा कि दिन में उसे रंग-विरंग तारे नजर आये। लोग हँस कर लोट-पोट हो गये। बेचारा सुपांडी खम्बे और गाल को बीच के फरख का समझ नही पाया। .

LITY. M. JOHN



സംസ്ഥാനത്തിൽ Kerala State Land use Board & Directorate of collegiate education (സംസ്ഥാനാടി സ്ഥാനത്തിൽ നടത്തിയ ലേഖന മത്സരത്തിൽ (ഇംഗ്ലീഷ്) ഒന്നാംസ്ഥാനം നേടിയത്) Litty M John. II B A English.

# THE MEENACHIL CO-OPERATIVE AGRICULTURAL & RURAL DEVELOPMENT BANK

**LTD. NO. K. 197, PALA**

H.O. PALA,
Branches : Kanjirappally
: Erattupetta

Phone : 212412
: 2754
: 3041

**FINANCIAIL POSITION OF THE BANK AS ON 30.6.1995**

| | |
|---|---|
| Paid up Share Capital | : Rs100 lakhs |
| Loan outstanding | : Rs 18.00 crores |
| Number of Members | :18000 |
| Over due Percentage | : 0.25 |

The Bank advances Long term loans for development of Agricultural and allied activities including Small Road Transport operators Scheme, Non-farm, Integrated loans upto 10 lakhs under Small Scale Industry and Rural Housing upto 3 lakhs.

**BOARD OF DIRECTORS**

| | | |
|---|---|---|
| 1. Shri. | E J Augusthy | : President |
| 2. ,, | George Valiyaparampiil | : Vice-President |
| 3. ,, | K.T Thomas , Kallattu | : KSCARDB delegate |
| 4. ,, | Joy Francis Kallupura | : Kottayam Dist. Co. op Bank delegate |
| 5. ,, | K.P Josseph, Kunnathupurayidam | : Kottayam Dist, Co.op Hospital delegate. |
| 6. ,, | Jose Palamattam | : Raidco- delegate |
| 7. ,, | Jose M. Paikada | : |
| 8. ,, | Jose Joseph Eruvelikunnel | : KERAFED delegate |
| 9. ,, | V.K Dominic | |
| 10.,, | T. J .Joshwa | |
| 11.,, | Smt. Betty Shaju | |

**E.J Augusthy**
**President**

**P.C Chacko**
**Secretary.**

## കടുത്തുരുത്തി
## അർബൻ സഹകരണ ബാങ്ക് ക്ലിപ്തം

H.O കടുത്തുരുത്തി, കുറുപ്പന്തറ,

ബ്രാഞ്ചുകൾ : കടുത്തുരുത്തി കുറുപ്പന്തറ
പെരുവ, ഞീഴൂർ, വെള്ളൂർ,
കോതനല്ലൂർ

*എല്ലാവിധബാങ്കിംഗ് ഇടപാടുകളും നടത്തുന്നു.
*നിക്ഷേപങ്ങൾക്ക് കൂടിയ പലിശ നിരക്കുകൾ.
*നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ.
*സേഫ് ഡിപ്പോസിററ് ലോക്കർ സൗകര്യം.
*കേരളത്തിലെവിടേയ്ക്കും കുറഞ്ഞ നിരക്കിൽ
ഡിമാൻറ് ഡ്രാഫ്ററ് സൗകര്യം, വിവിധവായ്പ പദ്ധതികൾ.

ജോയി നിരാളക്കോട്ടിൽ
(ചെയർമാൻ)

സിറിയക്ക് മാത്യു
(സെക്രട്ടറി)



## VISUAL
## PHOTOS & VIDEO

OFF:( 048294 ) 30005 (PP)
Res: (048294) 3006

**ST.XAVIERS CHURCH BUILDING,**
**MARKET JN. KURUPPANTHARA,**
**MANJOOR P.O.**

# ഡയറി -1995



1995 ജനുവരി

2 ലോകവാണിജ്യസംഘടന നിലവിൽ വന്ന (W.T.O) ഗാട്ടിനുപകരമായി ഇന്ത്യയുൾപ്പെടെയുള്ള 85 രാഷ്ട്രങ്ങൾ അംഗങ്ങൾ ആണ്. ലോകബാങ്കും, ഐ.എം.എഫും. കഴിഞ്ഞാൽ മൂന്നാമത്തെ സാമ്പത്തികകാര്യസംഘടനയാണിത്.

18. പ്രമുഖ ഗാന്ധിയനായ ഡോ.ജി രാമചന്ദ്രൻ അന്തരിച്ചു.

25 മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ അർജുൻസിംഗിനെ പാർട്ടി വിരുദ്ധപ്രവർത്തനങ്ങൾക്ക് സസ്പെൻഡ് ചെയ്തു.

ഫെബ്രുവരി



7 1995-ലെ ലളിതാംബിക അന്തർജനം അവാർഡ് എസ്.ഗുപ്തൻ നായർക്ക് ലഭിച്ചു.

18 അൽഫോൺസ് കണ്ണന്താനത്തിന്റെ നേതൃത്വത്തിൽ 'ജനശക്തി' എന്ന പേരിൽ ഒരു സാമൂഹ്യസംഘടന കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു.

24 'ശതാഭിഷേകം' എന്ന ആക്ഷേപ ഹാസ്യനാടകത്തിന്റെ രചയിതാവായ എസ് രമേശൻ നായരെ തിരുവനന്തപുരം റേഡിയോനിലയത്തിൽ നിന്ന് ആൻഡമാനിലേക്ക് സ്ഥലം മാററി.

മാർച്ച്



8 ഭാഷാപണ്ഡിതനും സാഹിത്യകാരനുമായ ശൂരനാട്ട് കുഞ്ഞൻപിള്ള അന്തരിച്ചു.

17 ഒരു വർഷമായി തുടർന്ന്‌വന്ന രാഷ്ട്രീയ ചാഞ്ചാട്ടങ്ങൾക്കുശേഷം മുഖ്യമന്ത്രി കരുണാകരൻ രാജിവെച്ചു.

22 എ കെ. ആന്റണി കേരളാ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. കേരളത്തിലെ പതിനാറാമത് മുഖ്യമന്ത്രിയായ ആന്റണിക്ക് ഇത് രണ്ടാമൂഴം.

23 ബിഷപ്പ് ആറാട്ടുകുളം കാലം ചെയ്തു.

ഏപ്രിൽ

5. ആർച്ച് ബിഷപ്പ് എബ്രഹാം കാട്ടുമന കാലം ചെയ്തു.

11 മുൻ പ്രധാനമന്ത്രി മൊറാർജി ദേശായ് അന്തരിച്ചു.

12 പ്രമുഖ സിപി എം നേതാവ് മുൻ മന്ത്രിയുമായിരുന്ന ഇ.കെ. ഇമ്പിച്ചി ബാവ അന്തരിച്ചു.



26 ഭാരതീയ ജനതാ പാർട്ടി സംസ്ഥാന അദ്ധ്യക്ഷൻ കെ. ജി. മാരാർ കൊച്ചിയിൽ അന്തരിച്ചു. കെ.കെ. ശ്രീനിവാസൻ എം.എൽ.എ അന്തരിച്ചു.

29 പ്രശസ്ത എഴുത്തുകാരൻ കോവിലന് മുട്ടത്ത് വർക്കി ഫൗണ്ടേഷൻ അവാർഡ് 'തോററങ്ങൾ' എന്ന കൃതിയാണ് അവാർഡിനർഹമായത്.

മെയ്



9 അന്താരാഷ്ട്ര ധാരണയ്ക്കുള്ള ഇക്കൊല്ലത്തെ നെഹ്റു അവാർഡ് മ്യാൻമാർലെ (ബർമ്മ) ജനകീയ പ്രസ്ഥാനനേതാവും നോബൽ സമ്മാനജേതാവുമായ ഔങ്ങ്സാൻ സൂകിക്ക് ലഭിച്ചു.

16. സേലത്തിനടുത്ത് തീവണ്ടികൾ കൂട്ടിമുട്ടി അറുപതു മരണം.

25 പ്രശസ്ത ഗായകനായ കമുകറപുരുഷോത്തമൻ അന്തരിച്ചു.

30 മുഖ്യമന്ത്രി എ.കെ ആന്റണി തിരൂരങ്ങാടിയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു.

ജൂൺ

9 സ്വാതന്ത്ര്യസമര സേനാനിയും ഗാന്ധിയനുമായ ഇ മൊയ്തു മൗലവി അന്തരിച്ചു. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രൊഫ. എൻ.ജി.രംഗ അന്തരിച്ചു.

20 ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി.എം. പണിക്കർ അന്തരിച്ചു.



## ജൂലൈയ്

**2** കുപ്രസിദ്ധമായ തന്തൂരി വധക്കേസ്. ന്യൂഡൽഹിയിലെ നഗരമദ്ധ്യത്തിലുള്ള ഒരു റെസ്റ്റോറൻറിൽവച്ച് നയിന സാഹിനി എന്ന കോൺഗ്രസ് പ്രവർത്തകയെ സുശീൽ ശർമ്മയെന്ന കോൺഗ്രസ് നേതാവുൾപ്പെട്ട ഒരു സംഘം ക്രൂരമായി ചുട്ടുകൊന്നു.

**7** രാജ്യത്തെ മുഴുവൻ നടുക്കത്തിലാഴ്ത്തിക്കൊണ്ട് വ്യവസായ പ്രമുഖൻ രാജൻ പിള്ള തീഹാർ ജയിലിൽ വച്ച് മരണമടഞ്ഞു. ജൂലൈ 4-ാം തീയതിയോടെ അറസ്റ്റിലായ രാജൻ പിള്ളയെ 5-ാം തീയതി ജയിലിലേക്ക് മാറ്റുകയും 6-ാം തീയതി അസുഖത്തെ തുടർന്ന് സമർപ്പിച്ച വൈദ്യപരിശോധന ആവശ്യ ഹർജി കോടതി തള്ളുകയും ചെയ്തിരുന്നു. 7-ാം തീയതിയാണ് രാജൻപിള്ള അന്തരിച്ചത്.

**13.** ജ്ഞാനപീഠം അവാർഡ് ജേതാവായ പ്രശസ്ത ബംഗാളി സാഹിത്യകാരി ആശാപൂർണ്ണാദേവി അന്തരിച്ചു.

**23.** കേരളത്തിലെ ആദ്യത്തെ പുഷ്പുൾ ട്രെയിൻ എറണാകുളം - ഗുരുവായൂർ റൂട്ടിൽ ഓട്ടമാരംഭിച്ചു.

**24.** പ്രശസ്തകവിയും സാമൂഹിക പ്രവർത്തകയുമായ സുഗതകുമാരിയ്ക്കും തന്തൂരി വധക്കേസിലെ പ്രധാന സാക്ഷിയായ അബ്ദുൾ നാസർ കുഞ്ഞ് എന്ന മലയാളി പോലീസുകാരനും ഓട്ടിയ അവാർഡ്.

## ആഗസ്ത്

**13** തിരുവനന്തപുരം രൂപതയെ ഒരു പതിററാണ്ട് പുരോഗതിയിലേക്ക് നയിച്ച ബിഷപ്പ് ഡോ. ജേക്കബ് അച്ചാരുപറമ്പിൽ (76) കാലം ചെയ്തു.

**14** കാശ്മീരിൽ അൽ-ഫറാൻ ഭീകരർ ബന്ധികളാക്കിയ അഞ്ചു വിദേശ ടൂറിസ്റ്റുകളിൽ നോർവേയിൽ നിന്നുള്ള ക്രിസ്റ്റ്യൻ ഓസ്ട്രോയെ വധിച്ചു.

**20** പുരിയിൽ നിന്നും ഡൽഹിക്ക് പുറപ്പെട്ട പുരുഷോത്തം എക്സ്പ്രസ് ഉത്തർ പ്രദേശിലെ ഫിറോസാബാദിനടുത്ത് കാളിന്ദി എക്സ്പ്രസ്സിന് പിറകിലിടിച്ച് 425 പേർ മരിച്ചു. ഇരുന്നൂറോളം ആളുകൾക്ക് പരുക്കേറ്റു. രാജ്യത്തെ രണ്ടാമത്തെ ഏറ്റവും വലിയ തീവണ്ടിദുരന്തമായിരുന്നു ഇത്.

**22.** നക്ഷത്രങ്ങളുടെ ജീവൻ തൊട്ടറിഞ്ഞ വിശ്വപ്രസിദ്ധ ശാസ്ത്രജ്ഞനും, നോബൽസമ്മാന ജേതാവുമായ സുബ്രഹ്മണ്യൻ ചന്ദ്രശേഖർ (84) അന്തരിച്ചു.

**31.** മുൻ കേന്ദ്രമന്ത്രിയും മുൻ മേഘാലയ ഗവർണ്ണറുമായ എ. എ. റഹിം (76) അന്തരിച്ചു.

പഞ്ചാബ് മുഖ്യമന്ത്രി ബിയാന്ത്സിംഗും ഒമ്പത് അംഗരക്ഷകരുമടക്കം പതിമൂന്നുപേർ സെക്രട്ടറിയേറ്റിനുമുൻപിലുണ്ടായ അത്യുഗ്രൻ സ്ഫോടനത്തിൽ കൊല്ലപ്പെട്ടു. വൈകിട്ട് 5.30 -നായിരുന്നു രാജ്യത്തെ നടുക്കിയ ഈ സ്ഫോടനം.

## സെപ്തംബർ

**3.** മലയാള കാർട്ടൂൺ ലോകത്തെ കാരണവരായ കാർട്ടൂണിസ്റ്റ് ശിവറാം (79) അന്തരിച്ചു.

**5.** പ്രശസ്ത സംഗീതസംവിധായകൻ സലീൽ ചൗധരി (70) ഹൃദയസ്തംഭനത്തെ തുടർന്ന് നിര്യാതനായി.

**6.** തിരുവോണത്തിന്റെ ദുരന്തക്കുറിപ്പുകൾ തിരുവോണനാളിൽ എസ്.എ.ടി യിൽ അഞ്ചു കുട്ടികൾ മരണമടഞ്ഞു. അന്നേദിവസം തന്നെ ദേശീയ പാതയിലുണ്ടായ വാഹനാപകടത്തിൽ പ്രസിദ്ധ നാടകകൃത്തായ കഴിമ്പ്രം വിജയൻ ഉൾപ്പെടെ ആറുപേർ മരണമടഞ്ഞു. തിരുവോണത്തിൻറന്ന് ഉച്ചയ്ക്ക് പന്ത്രണ്ടുമണിയോടെ ഹൃദയാഘാതം മൂലം പ്രശസ്ത സിനിമാ നാടക നടി മാവേലിക്കര പൊന്നമ്മ അന്തരിച്ചു.

**7** ഏറെ വിമർശനങ്ങളേറ്റുവാങ്ങിയ ജയലളിതയുടെ വളർത്തുപുത്രൻെറ വിവാഹം നടന്നു.

**14** മലയാള കവിതയിലെ പ്രസാദ ഗായകനായ എം.പി. അപ്പന് ഇക്കൊല്ലത്തെ വള്ളത്തോൾ സമ്മാനം. മയ്യഴിയുടെ കഥാകാരൻ എം. മുകുന്ദന് എൻ.വി. പുരസ്കാരം.





21 ഗണപതി വിഗ്രഹങ്ങൾ പാലുകുടിക്കുന്നു. അതായിരുന്നു ഇന്ത്യമുഴുവൻ കാട്ടുതീ പോലെ പടർന്ന വാർത്ത. ഇന്ത്യയിലും പിന്നീട് വിദേശരാജ്യങ്ങളിലും പടർന്ന ഈ പാലുകുടി രണ്ടു ദിവസം കൂടെ തുടർന്നു.

28 അധികാര വികേന്ദ്രീകരണം വിഭാവനം ചെയ്യുന്ന പഞ്ചായത്ത്, നഗരപാലികാ നിയമമനുസരിച്ച് സംസ്ഥാനത്ത് ആദ്യമായി നടന്ന തെരഞ്ഞെടുപ്പ് ഈ മാസം 23-നും 25-നും നടന്നു.

## ഒക്ടോബർ

6. ഐറിഷ് കവി ഷേയ്മസ് ഹീനി (56) സാഹിത്യത്തിനുള്ള ഈ വർഷത്തെ നോബൽ സമ്മാനത്തിന് അർഹനായി

11 കോലാഹലങ്ങളുയർത്തിയ ശിവഗിരി സംഭവം: പോലീസ് സഹായത്തോടെ സർക്കാർ കോടതിവിധി നടപ്പിലാക്കി.

15 മലയാള സാഹിത്യത്തിലെ എണ്ണപ്പെട്ട പുരസ്കാരങ്ങളിലൊന്നായ വയലാർ അവാർഡ് ഈ അവർഷം തിക്കോടിയന്റെ 'അരങ്ങ് കാണാത്ത നടൻ' എന്ന കൃതിക്ക്

20 ഫോർട്ടുകൊച്ചിയിൽ വിഷമദ്യം കഴിച്ച് കൂട്ട മരണം. നാടിനെ നടുക്കിയ ഈ ദുരന്തം പതിനാലുപേരുടെ ജീവനെ അപഹരിക്കുകയും ഒട്ടേറെപ്പേരെ അത്യാസന്ന നിലയിലെത്തിക്കുകയും ചെയ്തു.

24. ഗ്രഹണം ഒക്ടോബർ ഇരുപത്തിനാലിന് ഉഗ്രതേജസിയായ സൂര്യനും നറുനിലാവിന്റെ ചന്ദ്രനും പ്രപഞ്ചത്തിന്റെ അനന്തതയിൽ വച്ച് കണ്ടുമുട്ടി. ഒന്നര ദശാബ്ദത്തിനുശേഷം ഇന്ത്യയുടെ ആകാശത്ത് വീണ്ടുമൊരു പൂർണ്ണഗ്രഹണം നടന്നു.



## നവംബർ

2. ഭാഷാപിതാവായ എഴുത്തച്ഛന്റെ പേരിലുള്ള പുരസ്കാരം മലയാളത്തിന്റെ അമ്മയായ ബാലാമണിയമ്മയ്ക്ക്.

4. നവംബർ നാലാം തിയതി രാത്രി 11 മണിക്ക് ഇസ്രയേലി സമാധാന ദൂതൻ ഇസഹാക്ക് റാബിനെ വെടിവെച്ച് കൊലപ്പെടുത്തി.

10. കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ ഫെലോഷിപ്പിന് മലയാറ്റൂരും നമ്പൂതിരിയും അർഹരായി.

14. പകൽ ഒന്നരയ്ക്ക് ശ്രീ എൻ.എൻ. പിള്ള അന്തരിച്ചു. അര നൂറ്റാണ്ടോളം മലയാള നാടകവേദിയുടെ അരങ്ങിലും അണിയറയിലും തനതു പ്രതിഭകൊണ്ട് തിളങ്ങി നിന്ന അദ്ദേഹത്തിന്റെ അന്ത്യം കോട്ടയം മെഡിക്കൽ കോളേജിൽ വച്ചായിരുന്നു.

16. റാന്നി എം.എൽ. എ. എം.സി. ചെറിയാൻ ഹൃദയസ്തംഭനത്തെ തുടർന്ന് നിര്യാതനായി.

30. സംസ്ഥാനത്ത് ചാരായ ഷാപ്പുകൾ ഏപ്രിൽ ഒന്നുമുതൽ നിർത്തലാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.



## ഡിസംബർ

1. നയതന്ത്രജ്ഞനും സീനിയർ കോൺഗ്രസ് നേതാവുമായ കേന്ദ്രമന്ത്രി ദിനേശ്സിംഗ് നിര്യാതനായി.

7. ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ ഇൻസാറ്റ് രണ്ട്-സി ഡിസംബർ ഏഴിന് പുലർച്ചെ 4.53-ന് വിജയകരമായി വിക്ഷേപിച്ചു.

15. തിക്കോടിയന്റെ 'അരങ്ങുകാണാത്ത നടന്' കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം.

23 രാജ്യത്തെ കണ്ണീരിലാഴ്ത്തിയ ദുരന്തം: ഹരിയാനയിലെ സിർസാ ജില്ലയിൽപ്പെട്ട മണ്ഡി ദാബ്‌വാലിയിൽ ഡി എ വി സ്കൂളിന്റെ വാർഷികാഘോഷം നടക്കുകയായിരുന്ന പന്തലിൽ തീകത്തി, കുട്ടികളും സ്ത്രീകളും ഉൾപ്പെടെ 400-ഓളം പേർ മരിക്കുകയും ഒട്ടേറെപ്പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

Collected by
- NOBLE KURIAN


കാർട്ടൂണുകൾ
ശ്രീരാജ് ആർ. ചോതാർ.
പുതിയ എത്ര ജയിലുകൾ പണിതാൽ തികയും?
രാഷ്ട്രീയ അഴിമതിക്കാരെ ജയിലിൽ അടയ്ക്കണം: വാർത്ത.
താൻ പറഞ്ഞയാ സ്ഥലത്തെക്കുറിച്ച് ഞാൻ കേട്ടിട്ടേയില്ല....
താങ്കൾ ജയിച്ച നിയോജകമണ്ഡലമാ....
ISRO തുമ്പയിൽ സ്ഥാപിച്ചത് അടുത്ത് തന്നെ സമുദ്രമുള്ളതുകൊണ്ട് വിടുന്ന റോക്കറ്റുകൾ താഴെ വീഴുമ്പോൾ ആളപായമുണ്ടാവില്ല എന്ന കാരണം കൊണ്ടാണ്....
മഴയത്ത് KSRTC ബസ്സിൽ യാത്രചെയ്യുമ്പോൾ നിനക്ക് രണ്ടനുഭൂതികൾ ഒരുമിച്ചുണ്ടായെന്നോ?
അതേ,-- മഴ നനഞ്ഞു കൊണ്ട് പുഴയിൽ നില്ക്കുന്നത്, രണ്ട് അനുഭൂതികളല്ലേ?

"If Thou, wise, Thou shalt be wise for thyself: but, Thou scornest, Thou alone shalt bear it"

# നിർമ്മലാ കോളിജ്

## COLLEGE OF ENGLISH

(പോസ്റ്റോഫീസിന് എതിർവശം)

കുറവിലങ്ങാട്.

**PARALLEL & TUTIONS**

*Best Compliments from:*

## SERVICE Co-Op: BANK
## KANAKKARY

**ആകർഷകമായ നിരക്കിൽ എല്ലാവിധ നിക്ഷേപങ്ങളും സ്വീകരിക്കുന്നു.**

**സെക്രട്ടറി**

*Best Compliments from:*

# ടോപ്പ് സുന്ദർ ഐസ്ക്രീം പാർലർ

## കുറവിലങ്ങാട്

22 Ct Gold & Silver Ornaments

Vazhuthanappallil
FASHION
JEWELLERY

*Central Junction*
*Kuravilangad.*
*Ph* - 606

# രാമാനുജാസ് കോളേജ്

പള്ളിക്കവല , കുറവിലങ്ങാട്.


Tuition and Session

SSLC
PDC Physics, Chemistry, Maths, English

B.Sc - Mathematics (sub), Statistics

Fully equipped Lab in Science
പ്രാക്റ്റിക്കലിന് മാത്രമായും ചേരാവുന്നതാണ്.

എന്ന് ,
പ്രിൻസിപ്പാൾ



കഴിഞ്ഞ നാളുകളിലൂടെ കടന്നു പോയപ്പോൾ വേദനയുടെയോ പ്രണയത്തിന്റെയോ രോഷത്തിന്റെയോ നാളം മനസ്സിൽ ജ്വലിച്ചുവോ? എങ്കിൽ ഞാൻ സന്തോഷവാനായി നിർമ്മിതിയിലും ആസ്വാദനത്തിലും സഹകരിച്ചവരോടും. സ്നേഹിച്ചവരോടുമുള്ള കടപ്പാട് "നന്ദി"യെന്ന ചെറിയവാക്കിൽ അവസാനിപ്പിക്കുന്നില്ല"

ഒരുപാടിഷ്ടത്തോടെ
ജോബി ജോർജ്ജ്


നിങ്ങൾ വാങ്ങുന്ന സ്വർണ്ണാഭരണങ്ങൾ
എങ്ങനെ വേണം
എന്നാണ് ആഗ്രഹം ?
സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവ ചേർന്ന മിശ്രിതമാണ് സ്വർണ്ണം വിളക്കി ചേർക്കുവാൻ ഉപയോഗിക്കുന്നത്. എന്നാൽ ഇങ്ങനെ പണിയുന്ന സ്വർണ്ണാഭരണങ്ങൾ മാറി വാങ്ങുമ്പോൾ വിളക്കുപൊടി മാറ്റുന്നതിനായി വില കുറവു ചെയ്യേണ്ടി വരുന്നു.
22 കാരറ്റ് പെയ്സ്റ്റ് ഇപ്പോൾ സ്വർണ്ണം വിളക്കി ചേർക്കുവാൻ ഉപയോഗിക്കുന്നു. ഇങ്ങനെ പണിയുന്ന സ്വർണ്ണാഭരണങ്ങൾക്ക് മാറ്റ് കുറയുന്നില്ല. അതുകൊണ്ട് മാറി വാങ്ങുമ്പോൾ വില കുറവ് ചെയ്യേണ്ടിവരുന്നില്ല.
ഞങ്ങളുടെ സ്ഥാപനമായ എടക്കര ജൂവലറി എക്സ്പോർട്ട്സിൽ നിന്നും വിൽക്കുന്ന സ്വർണ്ണാഭരണങ്ങൾ 22 കാരറ്റ് പെയ്സ്റ്റ് ഉപയോഗിച്ച് വിളക്കി ചേർത്തതാണ്. ഈ ആഭരണങ്ങൾ മാറി വാങ്ങുന്ന അവസരത്തിൽ 22 കാരറ്റ് സ്വർണ്ണത്തിന്റെ വിലയ്ക്ക് വാങ്ങുന്നതാണ്.
EDAKKARA JEWELLERY EXPORTS
എടക്കര ജൂവലറി എക്സ്പോർട്ട്സ്
സ്ഥാപിതം - 1995
രാമപുരം - 686 576 ഫോൺ - 0482 260121
EDAKKARA JEWELLERY
സെന്റ് അഗസ്റ്റിൻസ് ജൂവൽ ഹോം
(എടക്കര ജൂവലറി)
സ്ഥാപിതം - 1945
രാമപുരം - 686 576 ഫോൺ - 0482 260321
EDAKKARA INVESTMENTS
സെന്റ് വിൻസന്റ്സ് ഇൻവെസ്റ്റ്മെന്റ്സ്
സ്ഥാപിതം - 1991
(എടക്കര ഇൻവെസ്റ്റ്മെന്റ്സ്)
രാമപുരം - 686 576 ഫോൺ - 0482 260521
ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപം സ്വീകരിക്കുന്നു. നിക്ഷേപം എപ്പോൾ വേണമെങ്കിലും പിൻവലിക്കാം.
Sketch

*Best Compliments From:-*

# MARIA FURNITURE MART

## THALAYOLAPPARAMBU



**മനോഹരമായ ഗൃഹോപകരണങ്ങൾക്ക് സമീപിക്കുക.**